न्याय सब के लिए

ACCESS TO JUSTICE FOR ALL

# ദേശീയ നിയമ സേവന അതോറിറ്റി

12/11 ജാംനഗർ ഹൗസ്, ഷാജഹാൻ റോഡ്, ന്യൂഡൽഹി - 110011
ഫോൺ: 011- 23386176, 23382778, ഫാക്സ്: 23382121
വെബ്സൈറ്റ് : www.nalsa.gov.in

# സൂചിക


| ക്രമ.നമ്പർ. | പദ്ധതി | പേജ് |
|---|---|---|
| 1. | NALSA (മനുഷ്യക്കടത്തലിനും വാണിജ്യപര ലൈംഗിക ചൂഷണത്തിനും ഇരയായവർക്കും) പദ്ധതി 2015. | 5 - 18 |
| 2. | NALSA (അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നിയമ സേവനങ്ങൾ) പദ്ധതി 2015 | 18 - 31 |
| 3. | NALSA (ശിശു സൗഹൃദ നിയമ സേവനങ്ങളും അവരുടെ സംരക്ഷണവും) പദ്ധതി 2015 | 33 - 52 |
| 4. | NALSA (മാനസികരോഗവും മാനസിക വൈകല്യവുമുള്ള വ്യക്തികൾക്കായുള്ള നിയമ സേവനങ്ങൾ) പദ്ധതി 2015 | 53 - 67 |
| 5. | NALSA (ദാരിദ്ര്യ നിർമാർജന പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായുള്ള പദ്ധതി) പദ്ധതി 2015 | 69- 78 |
| 6. | NALSA (ഗോത്രവർഗ്ഗഅവകാശസംരക്ഷണവും നിർവ്വഹണവും) പദ്ധതി 2015 | 79 - 101 |
| 7. | NALSA (മയക്കുമരുന്നു ദുരുപയോഗത്തിന്റെ ഇരകൾക്കും മയക്കു മരുന്ന് മൂലമുള്ള വിപത്തുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിയമ സഹായങ്ങൾ) പദ്ധതി 2015 | 103 - 119 |

# മനുഷ്യക്കടത്തലിനും വാണിജ്യപര ലൈംഗിക ചൂഷണത്തിനും ഇരയായവർക്കുമുള്ള NALSAയുടെ പദ്ധതി , 2015.

# മനുഷ്യക്കടത്തലിനും വാണിജ്യപര ലൈംഗിക ചൂഷണത്തിനും ഇരയായവർക്കുമുള്ള NALSAയുടെ പദ്ധതി, 2015.

**പശ്ചാത്തലം**

1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റി ആക്ടിന്റെ 4(ബി) വകുപ്പ് പ്രകാരം നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി എന്ന കേന്ദ്ര അതോറിറ്റിയെ ഈ ആക്ടിലൂടെ ഏറ്റവും പ്രയോജനപ്രദവും സാമ്പത്തികപരവുമായ പദ്ധതികളിലൂടെ നിയമപരമായ സേവനങ്ങൾ രൂപകല്പ്പന ചെയ്യുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റി ആക്ടിന്റെ അവതാരികയിൽ ദുർബലവിഭാഗങ്ങൾക്കുവേണ്ടിയാണ് ലീഗൽ സർവ്വീസസ് അതോറിറ്റി നിലകൊള്ളുന്നതെന്നും സാമ്പത്തികമായോ അല്ലങ്കിൽ മറ്റു വൈകല്യങ്ങളുടെയോ അടിസ്ഥാനത്തിൽ നീതി ലഭ്യമാക്കുന്നതിനുള്ള അവസരങ്ങൾ ഏതൊരു പൗരനും നിഷേധിക്കപ്പെടുന്നില്ല എന്നുള്ള ഒരു കർത്തവ്യബോധവും അവരിൽ ചുമതലപ്പെടുത്തിയിരിക്കുന്നു.

വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗിക ചൂഷണത്തിന് വിധേയരായവരും മനുഷ്യക്കടത്തിലൂടേയോ സ്വമേധയാ ലൈംഗിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും അത്യധികം പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന വിഭാഗമായിരിക്കുന്നു എന്നതിൽ യാതൊരു സംശയവുമില്ല. അവരുടെ അവകാശങ്ങൾ വിസ്മരിക്കപ്പെട്ടിരിക്കുന്നു. അവരുടെ ജീവിതനിലവാരത്തേയോ ജീവിതത്തെയോ ആരും കണക്കിലെടുക്കുന്നില്ല. അവർക്കെന്തുപറ്റിയെന്നതിലോ അവരുടെ കുട്ടികളെപ്പറ്റിയോ ആർക്കും യാതൊരു താൽപര്യവുമില്ല. എന്നിട്ടും കേവലം അവർ ആരാകുന്നു എന്ന വസ്തുതയിൽ അവരെല്ലാവരും ഗവൺമെന്റിന്റെ വിവിധ പദ്ധതികളിലെ ആനുകൂല്യങ്ങൾക്ക് അർഹരാണ്.

വാണിജ്യാടിസ്ഥാനത്തിലുള്ള ലൈംഗിക ചൂഷണത്തിനും കടത്തലിനും വിധേയമാകുന്ന ഇരകൾ, കടത്തലിൽ അകപ്പെടുന്നുവെന്നതിലുപരി അവരുടെ രക്ഷപ്പെടലിനുശേഷവും വളരെയധികം ആഘാതങ്ങൾ നേരിടേണ്ടി വരുന്നു. ഇവരുടെ കേസ് തുടർന്ന് നടത്തേണ്ടെന്നാഗ്രഹിക്കുന്നവരിൽ നിന്നും അല്ലങ്കിൽ ഇവർ തിരിച്ച് വരണമെന്ന് ആഗ്രഹിക്കുന്നവരായ കടത്തുകാരിൽ നിന്നും ഇവരെ സംരക്ഷിക്കേണ്ടത് അത്യാവശ്യമായി വരുന്നു. ഇവർക്ക് ജീവിതത്തിൽ വളരെയധികം പ്രശ്നങ്ങൾ നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ മറ്റൊരു ഉപജീവന മാർഗ്ഗം ഇവർക്ക് ലഭിക്കുന്നില്ലായെങ്കിൽ, വീണ്ടും കടത്തലിലേക്ക് തിരിച്ചു പോകുന്നതിനുള്ള അവസരങ്ങൾ വളരേയാണ്.

**PRAJWALA** ഫയൽ ചെയ്ത **Write petition (C) No. 56/2004** ൽ വാണിജ്യപരമായി ലൈംഗിക ചൂഷണത്തിന് ഇരയായവർക്കും ലൈംഗിക തൊഴിലാളികൾക്കും വേണ്ടി **NALSA** സുപ്രീം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ താഴെ പറ

യുന്ന നടപടികൾ എടുക്കുവാൻ നിർദ്ദേശിച്ചിരുന്നു.

ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് ഉള്ള മുഖ്യ പങ്കിനെ പ്രാരംഭ ഘട്ടത്തിൽ പ്രതിപാദിച്ചിട്ടുള്ള റിപ്പോർട്ടിൽ ആവർത്തിച്ച് ഊന്നി പറയുന്ന കാര്യങ്ങൾ ഇപ്രകാരമാണ്.

**a)** മനുഷ്യക്കടത്തലിനും ലൈംഗിക ചൂഷണത്തിനും വിധേയരായിട്ടുള്ളവരെ മോചിപ്പിക്കുന്ന സമയത്തും അതിനുശേഷം വിചാരണ സമയത്തും നിയമപരമായ സഹായങ്ങൾ ലഭ്യമാക്കുക.

**b)** **Section 357A Cr.P.C.** പ്രകാരം പീഡിതരായവർക്ക് (ഇരകൾക്ക്)- **DLSA** യിലൂടെ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ സജ്ജീകരിക്കുക.

**c)** ഇപ്പോൾ നിലവിലുള്ളതും ലഭ്യമായിട്ടുള്ളതുമായ പുനരധിവാസ സൗകര്യങ്ങൾ മോചിപ്പിക്കപ്പെട്ട (ഇരകൾക്കും) ലൈംഗിക ചൂഷണത്തിനും മനുഷ്യക്കടത്തലിനും വിധേയരാക്കപ്പെട്ടവരുമായ പീഡിതർക്ക് ലഭ്യമാകുന്നുണ്ടെന്ന്എന്ന് ഉറപ്പുവരുത്തുക.

**d)** ദുർബല വിഭാഗങ്ങൾക്കു വേണ്ടിയും അവരുടെ ഇടയിൽ തന്നെ ഉള്ള സമുദായിക വിഭാഗങ്ങൾക്കു വേണ്ടിയും **DLSA** പാനലിലുള്ള അഭിഭാഷകരുടേയും മറ്റു പാരാലീഗൽ വോളന്റിയേഴ്സിന്റെയും മറ്റും സഹകരണത്തോടെ മനുഷ്യക്കടത്തലിന്റെ വിവിധ വശങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

**e)** **DLSA-**ഒരു കേന്ദ്രബിന്ദുവുമായി പ്രവർത്തിച്ചുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് വേണ്ടിയുള്ള സർക്കാർ സ്കീമുകൾ അവർക്കു ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ പിന്തുണ, മനുഷ്യക്കടത്തലിനെ ഒരു പരിധിവരെ തടയുന്നതിനും ഇരകളെ മനുഷ്യക്കടത്തുകാരിൽ നിന്ന് രക്ഷിക്കുന്നതിനും കഴിയുന്നതുമാണ്.

**f)** മനുഷ്യക്കടത്തലിന് ഇരയായ വ്യക്തികളുടെ പുനരധിവാസ പിന്തുണയ്ക്കു വേണ്ടി കോർപ്പറേറ്റ് ലോകത്തെ ബോധവൽക്കരിക്കാനും **CSR**നു കീഴിൽ ഇവരുടെ കഴിവുകളെ വളർത്തുന്നതിനും തൊഴിലഭ്യസിപ്പിക്കുന്നതിനും വേണ്ടി മുൻകൈ എടുക്കുക.

**g)** ഗവൺമെന്റ് ജോലിക്കാർ, സർക്കാർ അഭിഭാഷകർ, ലീഗൽ സർവ്വീസസ് അതോറിറ്റിയിലുള്ള അഭിഭാഷകർ, പോലീസ് എന്നിവർക്കും ജുഡീഷ്യറികൾക്കും പരിശീലനവും ബോധവൽക്കരണവും നൽകുന്നതിൽ **SLSA**യുടെ സഹായ

വും ലഭ്യമാക്കാവുന്നതാണ്.

**h)** കൂടാതെ ഈ മേഖലയിൽതന്നെ പ്രവർത്തിക്കുന്ന പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സാമൂഹ്യ സംഘടനകൾ, ഗവൺമെന്റിതര സംഘടനകൾ തുടങ്ങിയവയുമായും സഹകരിച്ചു പ്രവർത്തിക്കാവുന്നതാണ്.

NALSA-യുടെ അഭിപ്രായത്തിൽ സുപ്രീം കോടതിയുടെ മേൽനോട്ടത്തിൽ വിവിധ തലത്തിൽ ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് വേണ്ടിയുള്ള പദ്ധതികൾ രൂപകൽപ്പന ചെയ്യാനുള്ള നടപടികൾ എടുക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഇതിന്റെ ലക്ഷ്യത്തിലാണ് ഇപ്പോൾ ഈ പദ്ധതികൾ രൂപകൽപനചെയ്തിരിക്കുന്നത്. ഈ പദ്ധതികൾ നടപ്പിൽ വരുത്തിക്കൊണ്ട് വിവിധ തലത്തിലുള്ള ലീഗൽ സർവ്വീസ് അതോറിറ്റികൾ, സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്കുവേണ്ടി നിയമപരമായ സേവനങ്ങൾ ഫലപ്രദമായി നിർവഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പദ്ധതിയുടെ പേര്**

ഈ പദ്ധതി വാണിജ്യപര ലൈംഗിക ചൂഷണത്തിനും, കടത്തലിനും ഇരയായവർക്കു വേണ്ടിയുള്ള **NALSA**യുടെ പദ്ധതി,2015 എന്ന് വിളിക്കപ്പെടുന്നു.

ഈ പദ്ധതിയുടെ ലക്ഷ്യം മനുഷ്യക്കടത്തലിന്റെ വിവിധ വശങ്ങൾ തിരിച്ചറിഞ്ഞ് ഇരയായിട്ടുള്ള എല്ലാവർക്കും പ്രത്യേകിച്ച് പ്രായഭേദമന്യേ സ്ത്രീകൾക്കുമുള്ള നിയമസഹായങ്ങൾ ലഭ്യമാക്കുക എന്നതാണ്. അതായത് മനുഷ്യക്കടത്തലിന്റെ തടയൽ, രക്ഷപ്പെടുത്തൽ, പുനരധിവാസം മുതലായവ.

പാർശ്വവൽക്കരിക്കപ്പെട്ട ഈ സമൂഹത്തിനുവേണ്ടി സാമ്പത്തികവും സാമൂഹികവുമായ എളുപ്പ വഴികൾ തുറന്നു നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ഊന്നൽ നൽകുന്നത്. അങ്ങനെഇത്തരക്കാരെ സാമൂഹികമുഖ്യധാരയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സാധാരണ പൗരന് നൽകുന്ന എല്ലാ സാമൂഹിക സംരക്ഷണങ്ങളും ലഭ്യമാക്കുന്നു. ലീഗിൽ സർവ്വീസസ് അതോറിറ്റിയുടെ ഇടപെടലിലൂടെ ഇരകളുടെ അന്തസ് കാത്തുരക്ഷിക്കപ്പെടുന്നു എന്നും അതവർക്ക് മറ്റേതൊരു പൗരനും ലഭിക്കുന്ന ജീവിക്കാനുള്ള മൗലികാവകാശത്തിന് സമമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. മനുഷ്യക്കടത്തിലകപ്പെട്ട മുതിർന്നവരെയും, കുട്ടികളെയും കൂടാതെ പാർശ്വവൽക്കരിക്കപ്പെട്ടുകഴിഞ്ഞ സന്നദ്ധലൈംഗിക തൊഴിലാളികളെയും ലീഗൽ സർവ്വീസസ് അതോറിറ്റി ലഭ്യമാക്കുന്ന നിയമസേവനങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടാതിരിക്കാൻ വാണിജ്യപര ലൈംഗിക ചൂഷണത്തിനിരയായവരെന്ന് കണക്കാക്കേണ്ടതാണ്.

**ഇരകൾക്കുവേണ്ടിയുള്ള നിയമപരമായ സേവനങ്ങളിലെ നയവൈദഗ്ദ്യം**

360 ഡിഗ്രി സമീപനമാണ് നിയമപരമായ സേവനങ്ങളുടെ വൈദഗ്ദ്യങ്ങളിലേക്ക് വഴിക്കാട്ടേണ്ടത്. അങ്ങനെകുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, യുവാക്കൾ, യുവതികൾ, പ്രായമേറിയ സ്ത്രീകൾ എന്നിവരെയും കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തണം. മനുഷ്യക്കടത്തലിന്റെ തടയൽ, രക്ഷപ്പെടുത്തൽ, പുനരധിവാസം എന്നിവയിലേതെങ്കിലും ഒതുങ്ങാതെ, ഇവയ്ക്കെല്ലാം വേണ്ടി നിയമപരമായ സേവനങ്ങൾ നടത്തുന്ന അതോറിറ്റികൾ കർമ്മപദ്ധതികൾ വികസിപ്പിക്കേണ്ടതാണ്. കൂടാതെ, ഓരോ കേസ്സും ലീഗൽ സർവ്വീസസ് അതോറിറ്റി ഒരു കേസ്സ് രേഖയാക്കേണ്ടതും 3 വർഷത്തേക്കെങ്കിലും തുടർനടപടി നടത്തി അത്തരം ഇരകളെ സമൂഹത്തിലേക്ക് പൂർണ്ണമായി സംയോജിപ്പിക്കേണ്ടതുമാണ്. **നിരന്തരമായ ജാഗ്രത പ്രക്രിയയിലൂടെ മനുഷ്യക്കടത്തലിന്റെ ഇരയായ സ്ത്രീകളെ അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുക.**

കേന്ദ്ര സർക്കാരിന്റേയും സംസ്ഥാനസർക്കാരിന്റേയും നിലവിലുള്ള ക്ഷേമപദ്ധതികളായ സാമൂഹിക ഭദ്രത, സാമൂഹിക വികസനം, സാമൂഹിക ക്ഷേമം എന്നിവ ശക്തിപ്പെടുത്തിക്കൊണ്ട് മനുഷ്യക്കടത്തലിനെ തടയുന്നതിനും ഇരകളെ പുനരധിവസിപ്പിക്കുന്നതിനുമായി ഈ ക്ഷേമപദ്ധതികൾ വിനിയോഗിക്കേണ്ടതാണ്. **NGO**യുടെയോ അല്ലെങ്കിൽ **CBOs**ന്റെ സഹായത്താൽ ആസൂത്രണ പദ്ധതികളിലൂടെയും സർവ്വേയിലൂടെയും ക്ഷേമ പദ്ധതികളുടെ ആവശ്യകത **DLSA**യ്ക്ക് ഉറപ്പുവരുത്തുന്നതും അതിനുശേഷം ഈ ക്ഷേമപദ്ധതികളിൽ ചേരുന്നത് പ്രോത്സാഹിപ്പിക്കുവാൻ എല്ലാ ജില്ലകളിലും സഹായകേന്ദങ്ങൾ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

**DLSA**യും സംബന്ധിത ഭരണവകുപ്പും ചേർന്ന്, അപേക്ഷകന് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുവാനും ഇതിനോടനുബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും കൃത്യമായി ശ്രദ്ധ കേന്ദ്രീകരിച്ച് മുന്നോട്ടു പോകുവാനുള്ള കാര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതിലൂടെ ഈ പദ്ധതിയുടെ കീഴിൽ വരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ രേഖകൾ സജ്ജീകരിക്കുന്നതിനും പ്രത്യേകിച്ച് താമസസ്ഥലത്തെ സംബന്ധിച്ചുള്ള തെളിവുകൾ, വയസ്സ് തെളിയിക്കുന്ന രേഖകൾ, ജനനവിവര പത്രിക, വരുമാനസർട്ടിഫിക്കറ്റ് മുതലായവ ലഭ്യമാകുന്നതിനും അപേക്ഷകനെസഹായിക്കുന്നു. എല്ലാ പ്രക്രിയകളും അവസാനിച്ചു കഴിയുമ്പോഴും, പദ്ധതികൾ അനുവദിച്ചു കഴിയുമ്പോഴും, ഗുണഭോക്താവിന് തുടർന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി **DLSA** ആവശ്യമായ പിന്തുണ നൽകി സഹായിക്കേണ്ടതുമാണ്.

**ലഭ്യമായിട്ടുള്ള പദ്ധതികൾ**

(1) ഐ.സി.ഡി.എസ്. അഥവ-ശിശുപരിപാലന വികസനം. (പൂജ്യം മുതൽ 6

വയസ്സുവരെയുള്ള ശിശുക്കളുടെ പരിപാലനം, ഗർഭിണികൾക്കും മൂലയൂട്ടുന്ന അമ്മമാർക്കും)

(2) ഭക്ഷ്യ സുരക്ഷ അഥവ റേഷൻ കാർഡുകൾ

(3) സാമൂഹീക സുരക്ഷ അഥവ മുതിർന്ന സ്ത്രീകളുടെ പെൻഷൻ

(4) വിദ്യാഭ്യാസ പദ്ധതികൾ (ഉച്ചഭക്ഷണം, ബ്രിഡ്ജ് സ്കൂൾസ്, സർവ്വ ശിക്ഷാ അഭിയാനിലെ റെസിഡൻഷ്യൽ സ്കൂളുകൾ, സബലസോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിൽ നിന്ന് കൗമാര പ്രായക്കാർക്കും പ്രത്യേകിച്ച് പെൺകുട്ടികൾക്കും, പ്രൈമറി, സെക്കന്ററി, ഹയർ എഡ്യുക്കേഷൻ എന്നീ തലത്തിൽ ലഭ്യമാകുന്ന സ്കോളർഷിപ്പുകൾ.)

(5) ഉപജീവനം- വൈദഗ്ദ്ധ്യത വികസനം, സാമ്പത്തിക ഉൾപ്പെടുത്തൽ, മൈക്രോ എന്റർപ്രൈസസ് - എസ്.സി/എസ്.ടി/ഒ.ബി.സി/ന്യൂനപക്ഷ വനിത വികസന കോർപ്പറേഷനിൽ നിന്നും സർക്കാരിന്റെ സി.എസ്.ആർ. ഫണ്ടിൽനിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും).

(6) അധിവാസം, നഗരവികസനത്തിൽ നിന്നും ഹൗസിംഗ് കോർപ്പറേഷനിൽ നിന്നും ഭൂമിയുടെ പട്ടയവും നിർമ്മാണത്തിനുള്ള സബ്സിഡിയും.

(7) സാർവ്വത്രികമായ അർഹതകൾ: ജൻദധാൻ, ആധാർ, വോട്ടർ കാർഡ്, എസ്.എച്ച്.ജി. അംഗത്വം

(8) നിയമസഹായ പദ്ധതികൾ- നിയമസാക്ഷരത. സൗജന്യ നിയമസഹായവും സംരക്ഷണവും പാരാലീഗൽ വളണ്ടിയർമാരും, നിയമസഹായ ക്ലിനിക്കുകളും ഉറപ്പു വരുത്തേണ്ടതാണ്.

**ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പങ്ക്**

ഒരു പിഴവും കൂടാതെ എല്ലാറ്റിനേയും ഏകോപിപ്പിച്ച് കൊണ്ടുപോകുക എന്നതാണ് **SLSA/DLSA**കളുടെ മുഖ്യപങ്ക്. എല്ലാ പദ്ധതികളുടെയും ഭരണാധികാരപരമായ ഏകോപനം എപ്പോഴും ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണെങ്കിലും സംരക്ഷണപരമായ ഏകോപനം **SLSA**കളുടെയും **DLSA**കളുടെയും മേൽനോട്ടത്തിൽ വഹിക്കേണ്ടതാണ്. ഡിസ്ട്രിക്ട് കളക്ടറിൽ നിക്ഷിപ്തമായ ഭരണാധികാരപരമായ ഏകീകരണത്തെ സംയോജിപ്പിച്ച് **DLSA**കളുടെയും **SLSA**കളുടെയും മേൽ നോട്ടത്തിൽ പിഴവുകൾ കൂടാതെയുള്ള സാമൂഹികവും നിയമപരവുമായ സംരക്ഷണം പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾക്ക് ലഭ്യമാക്കുന്നു. കൂടാതെ സമൂഹത്തിലെ എറ്റവും താഴേക്കിടയിൽ നിന്ന് ഘടനാപരമായും ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾ ലഭ്യമാക്കു

ന്നത് സാമൂഹിക സംഘടനകളിലൂടെയുമാണ് ഈ ഏകത്ര കേന്ദ്രീകരണം നടപ്പിലാക്കുന്നത്. മനുഷ്യക്കടത്തൽ, എച്ച്.ഐ.വി. പകരുന്നത് തടയുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള ആക്രമണങ്ങൾ തടയുക, എന്നീ പ്രവർത്തനങ്ങളിലും മുഖ്യമായ പങ്ക് ഈ സാമൂഹിക സംഘടനകൾക്കുണ്ട്. ഈ പശ്ചാത്തലത്തിൽ **SLSA**കളും **DLSA**കളും വഹിക്കുന്നപങ്ക് ഇവയാണ:

**ന്യൂനതകളെ തരണം ചെയ്യൽ:** ഏറ്റവും ദുർബ്ബലമായ വിഭാഗങ്ങളിലുള്ളതും, അത്യന്തികം അക്രമങ്ങൾക്ക് വിധേയരായവരും, ലൈംഗിക തൊഴിലാളികൾ, മനുഷ്യക്കടത്തലിന് വിധേയരായ സ്ത്രീകളും, വിവിധ ഡിപ്പാർട്ട്മെന്റിലുമുള്ള ഭരണവകുപ്പുകളും തമ്മിലുള്ള ഇടപെടലുകളിലുള്ള ന്യൂനതകൾ പരിഹരിക്കുക.

**ഇടപെടലുകൾ വർദ്ധിപ്പിക്കുക:** **DLSA** രൂപപ്പെടുത്തിയിട്ടുള്ള പദ്ധതി ബോധവൽക്കസർക്കാർ ഭരണവകുപ്പുകളെയും, ജില്ലാ-ഉപജില്ല ഭരണ വിഭാഗത്തിലുള്ളവരെയും ഒത്തൊരുമിപ്പിക്കുന്നു.

**പങ്കാളിത്വവും ഉടമസ്ഥാവകാശവും ലഭ്യമാക്കുക:** സാമുദായിക മീറ്റിംഗുകളും ക്യാമ്പുകളും മുഖാന്തിരം സാമൂഹിക സംഘടനകൾ **DLSA** യുടെ സഹകരണത്തോടെ ഉടമസ്ഥാവകാശവും പങ്കാളിത്വവും ലഭ്യമാക്കുന്നു.

**സംവേദനക്ഷമമാക്കുക:** എല്ലാ ഡിപ്പാർട്ട്മെന്റുകളെയും സ്ഥാപനങ്ങളെയും സംവേദനക്ഷമമായികൊണ്ട് സാമുദായികമായ ചട്ടങ്ങളെ കുറിച്ച് പഠിക്കുകയും മിഥ്യാധാരണകളെ അകറ്റി നിർത്തുകയും ചെയ്യുന്നു.

**ചുമതലാബോധത്തെ ശക്തിപ്പെടുത്തുക:** പദ്ധതികൾ ലഭ്യമാകാൻ അർഹതയുള്ളവരെ തിരിച്ചറിഞ്ഞ് **MIS** പ്രക്രിയയിലൂടെ ചുമതലാബോധത്തെ ശക്തിപ്പെടുത്തുന്നു.

**കൂട്ടായ്മക്ക് രൂപംനൽകൽ**

ലൈംഗിക ചൂഷണത്തിനും മനുഷ്യക്കടത്തലിനും ഇരയായവർ, ലൈംഗിക തൊഴിലാളികൾ എന്നിവരോടുകൂടി ചേർന്നാണ് **NGO's** ഉം മറ്റു സാമുദായിക സംഘടനകളും മൈക്രോ തലത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ സമൂഹത്തിൽ തന്നെ മറഞ്ഞു കിടക്കുന്ന അംഗങ്ങളെ മറ നീക്കി പുറത്തു കൊണ്ടുവരുകയും സാമുദായികമായ മുന്നേറ്റത്തിന് കാരണമാവുകയും ചെയ്യുന്നു.

മീസോ തലത്തിൽ ജില്ലാഭരണകൂടത്തിന്റെ ഭാഗമായ സ്ത്രീകളുടെയും കുട്ടികളുടെയും വികസന വകുപ്പും പ്രത്യേകിച്ച് ചൈൽഡ് പ്രൊട്ടക്ഷൻ / വെൽഫെയർ കമ്മറ്റികൾ/ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകൾ എന്നിവയും **DLSA** യും തമ്മിലാണ് പങ്കാളിത്തം ഉണ്ടാകേണ്ടത്.

മൂന്നാമതായി മാക്രോ തലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമന ത്തിനായി പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെന്റുകളുമായി കൂട്ടുപങ്കാളിത്വത്തോടെ പ്രവർത്തിക്കുന്നു. ഈ വിധത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി വളരെയ ധികം പദ്ധതികൾ പ്രത്യേകമായും മനുഷ്യക്കടത്തിലിനിരയായവർക്കും, രക്ഷപ്പെട്ടി ട്ടുള്ളവരുടെ പുനരധിവാസത്തിനുവേണ്ടി അഭയകേന്ദ്രങ്ങളും നടത്തുന്നു. ആഭ്യന്തര മന്ത്രാലയം, സാമൂഹ്യനീതി മന്ത്രാലയം, റൂറൽ ലൈവ്‌ലിഹുഡ് മിഷൻ എന്നീ സ്ഥാപ നങ്ങൾക്ക് മനുഷ്യക്കടത്തൽ തടയുന്നതിനുള്ള ആധികാരിതയോടെ ഗുണഭോക്താ വിന്റെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും സുരക്ഷയ്ക്കുംവേണ്ടി പ്രമുഖ പങ്ക് വഹിക്കുകയും ചെയ്യുന്നു.

## കർമ്മപദ്ധതി

സാമുദായിക അടിസ്ഥാനത്തിലുള്ള സംഘടനകളും സർക്കാരേതര സംഘട നകളുമായി കൂടി ചേർന്ന് പ്രവർത്തിക്കുക എന്നതാണ് **DLSA** ആദ്യപടിയായി ചെയ്യേ ണ്ടത്. ഇതിനുവേണ്ടി **SLSA** കൾ യൂണിസെഫുമായും, യു.എൻ.ഒ.ഡി.സി., സ്റ്റേറ്റ് ഏജൻസീസ്, (വിമൻ ആന്റ് ചിൽഡ്രൻ), റൂറൽ ലൈവ്‌ലിഹുഡ് മിഷൻസ് എന്നിവ യുമായി ബന്ധപ്പെടേണ്ടതാണ്. നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷ ന്റേയും, സ്റ്റേറ്റ് ആന്റ് ഡിസ്ട്രിക്ട് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി **(SACs & DACs)** എന്നീ സംഘടനകളുടെ സഹായം എടുക്കേണ്ടതാണ്. ഇത്തരത്തിൽ **DLSAs & SLSAs** കൾക്ക് മനുഷ്യക്കടത്തലിനെകുറിച്ചും അതുപോലെ തന്നെ ലൈംഗിക തൊഴിലാളികളെയും കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്നു.

രണ്ടാമതായി ഡിപ്പാർട്ട്മെന്റുകളെ സംസ്ഥാനതലത്തിലും പിന്നീട് ജില്ലാ തല ത്തിലും പരസ്പരം ഒരുമിപ്പിക്കുകയും ഇതു സംബന്ധിച്ച് എല്ലാ ഡിപ്പാർട്ടുമെന്റു കളുടേയും ഗുണഭോക്താക്കളുടേയും വ്യാപകമായിട്ടുള്ളതുമായ പ്രതികരണങ്ങൾ വെളിപ്പെടുത്തുകയും അങ്ങനെപ്രധാനമായ പാരസ്പരിക ബന്ധങ്ങളും, പ്രക്രിയക ളും, സിദ്ധാന്തങ്ങളും സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

## മനുഷ്യക്കടത്തൽ

മനുഷ്യക്കടത്തലിനെകുറിച്ച് പരിഗണിക്കുമ്പോൾ, സംസ്ഥാനത്തെ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റിന്റെയും **NGO's & CBO's** എന്നിവരുടെ സഹായ ത്തോടെ **DLSA** അതിന്റെ തന്നെ അധികാര പരിധിയിലുള്ള ദുർബ്ബല വിഭാഗങ്ങ ളെയും ജനവിഭാഗങ്ങളെയും കണ്ടെത്തണം. തുടർന്ന് ഇവയെ പ്രതിരോധിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. **DLSA** യുടെ പദ്ധതികളെകുറിച്ചും ദുർബ്ബല വിഭാഗങ്ങൾക്ക് ഇവയിൽ നിന്നുമുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ളതുമായ അറിവ് പരത്തുകയും ചെയ്തുകൊണ്ട് പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. കൂടാതെ ഈ മനുഷ്യക്കടത്തിൽ പതിയിരിക്കുന്ന അപകടത്തെക്കുറിച്ചും അറിവ് പകരും. ഈ ബോധവൽക്കരണം കുട്ടികളും കൗമാരപ്രായക്കാരും, സൗഹൃദം നടിച്ചെത്തുന്ന അപരിചിതരെക്കുറിച്ചും,

അതുമൂലമുണ്ടാകുന്ന അപകടത്തെക്കുറിച്ചും കൂടാതെ നഗരത്തിലുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കാമെന്നുള്ള കപട വാഗ്ദാനങ്ങളെ കുറിച്ചും മാതാപിതാക്കൾ ജാഗരൂകരായിരിക്കാൻ സഹായിക്കും. കൂടുതൽ ഉയർന്ന ജീവിത നിലവാരത്തെയും ജോലിയെയും പ്രതിയുള്ള കപട വാഗ്ദാനങ്ങളെകുറിച്ച് യുവാക്കളും ഈ ബോധവൽക്കരണം വഴി ജാഗരൂകരായിരിക്കും.

സർക്കാരിൽ നിന്നും ലഭ്യമാകുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് **SLSAs & DLSAs** കളും അവരുടെ ഭാഗമായിട്ടുള്ള അഭിഭാഷകരുടെയും സാമൂഹ്യപ്രവർത്തകരുടെയും ഒരു ടീമിനെ ഉണ്ടാക്കേണ്ടതാണ്. വിവിധ പദ്ധതികൾ ലഭ്യമാകുന്നതിന് പ്രത്യേകമായും യോഗ്യതാ സർട്ടിഫിക്കറ്റുകളും തെളിവുകളും ശേഖരിക്കപ്പെടുന്നുണ്ടോയെന്ന് പാരാ ലീഗൽ വളണ്ടിയർമാർ മുഖാന്തിരം ഈ പ്രക്രിയ കൃത്യമായും നടക്കുന്നുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതുമാണ്. പദ്ധതികളുടെ അന്തിമ സാക്ഷാൽക്കാരത്തിനായി ഭരണാധികാരികളായ ജില്ലാ കളക്ടറുമായോ അല്ലെങ്കിൽ ചീഫ് സെക്രട്ടറിയുമായോ കൂടുതൽ സമ്പർക്കം പുലർത്തുന്നതിനുവേണ്ടി **DLSA** അവരുടെ തന്നെ പാരാ ലീഗൽ വളണ്ടിയർക്കാരെയും ഓഫീസുകളെയും എവിടെ ആവശ്യമുണ്ടോ അവിടെ ഉപയോഗിക്കേണ്ടതാണ്.

സുപ്രീം കോടതിയുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുമായി ചേർന്ന് പ്രവർത്തിക്കാൻ നിയോഗിക്കപ്പെട്ട പാരാ ലീഗൽ വളണ്ടിയർമാർക്ക് മനുഷ്യക്കടത്തൽ കുട്ടികളുടെ പ്രശ്നങ്ങൾ, കാണാതാവുന്ന കുട്ടികളുടെ കേസ് കൈകാര്യം എന്നിവയെ കുറിച്ചു **DLSA/SLSA** കൾ പ്രത്യേക പരിശീലനം നൽകേണ്ടതും അതുവഴി അവർ സംവേദനശേഷിയും, പ്രതികരണശേഷിയും ആർജ്ജിക്കേണ്ടതുമാണ്.

എപ്പോഴെങ്കിലും ഇത്തരത്തിലുള്ള മനുഷ്യക്കടത്തലിനെകുറിച്ചോ ഒരു ലൈംഗിക തൊഴിലാളിയെ പോലീസ് അറസ്റ്റ് ചെയ്തതായോ റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ പാരാ ലീഗൽ വളണ്ടിയർമാർ SLSA / DLSA യെ ഈ വിവരം നിർബന്ധമായും അറിയിച്ചിരിക്കേണ്ടതാണ്.

## ലൈംഗിക തൊഴിലാളികൾ

സാമുദായിക ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനായി ഒരു രീതി എന്തെന്നാൽ **SLSA** മെമ്പർ സെക്രട്ടറിയും അല്ലെങ്കിൽ മുഴുവൻ സമയ **DLSA** സെക്രട്ടറിയും സാമൂദായിക നേതാക്കന്മാരും തമ്മിലുള്ള കൂടിക്കാഴ്ച സംഘടിപ്പിക്കുക എന്നതാണ്. ഇതിലൂടെ സാമൂദായിക നേതാക്കന്മാർക്ക് സാമൂഹികമായ അവകാശങ്ങൾ, പ്രത്യേകമായും വിധവ, വാർദ്ധക്യപെൻഷൻ മുതലായ സാമൂഹിക ഭദ്രതാ സ്കീമുകൾ നേടിയെടുക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകളെപ്പറ്റി വിശദീകരിക്കാൻ കഴിയും.

പബ്ലിക് ഹിയറിംഗ് പോലുള്ള മീറ്റിംഗ് സംഘടിപ്പിച്ചുകൊണ്ട്, അവിടെ

കമ്മ്യൂണിറ്റി അംഗങ്ങൾ, അവർ വിവിധ ഭരണതലങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു എന്നതാണ് മറ്റൊരു രീതി. ഇത്തരത്തിലുള്ള പബ്ലിക് ഹിയറിംഗുകളിൽ ജൂറി ആയിരിക്കുന്നത് **DLSA** യുടെ ചെയർ പേഴ്സൺ അല്ലെങ്കിൽ ഫുൾടൈം സെക്രട്ടറി, മറ്റു ജുഡീഷ്യൽ ഓഫീസർമാർ, ജില്ലാകളക്ടർ പോലുള്ള മുതിർന്ന ഉദ്യോഗസ്ഥർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ അല്ലെങ്കിൽ ചീഫ് സെക്രട്ടറിമാർ, പോലീസുകാർ, പ്രൊട്ടക്ഷൻ ഓഫീസർമാർ എന്നിവരാണ്. സീനിയർ അഭിഭാഷകർ, പാനൽ അഭിഭാഷകർ എന്നിവരേയും ഇത്തരം പരിപാടികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

സമുദായാംഗങ്ങളുടെ പ്രശ്നാവതരണത്തിനുശേഷം മെമ്പർ സെക്രട്ടറിയോ / സെക്രട്ടറിയോ അഭിപ്രായം ആരാഞ്ഞതിനുശേഷം, പാനൽ അഭിഭാഷകരോ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നിയമപരമായ സേവനങ്ങളെകുറിച്ച് വിശദീകരിക്കുകയും അംഗങ്ങളുടെ തുടർച്ചാവകാശമോ മറ്റേതെങ്കിലും തരത്തിലുള്ള കേസ്സുകളിൽ വീഴ്ചവരികയോ ചെയ്യുമ്പോൾ സൗജന്യമായ നിയമസഹായം തേടുന്നതിനും പരാതികൾ ഫയൽ ചെയ്യുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവരുടെ ദൈനംദിനജീവിതത്തിൽ നേരിടുന്ന പീഢനങ്ങൾക്കും അക്രമണങ്ങൾക്കും ശമനമുണ്ടാക്കുന്നതിനായി ലീഗൽ സർവ്വീസസ് അതോറിറ്റിക്ക് ടാർഗറ്റ് ഗ്രൂപ്പുകളെ സജ്ജമാക്കാൻ കഴിയും. പങ്കാളികളിൽ നിന്നോ, ഭർത്താക്കന്മാരിൽ നിന്നോ ഉണ്ടാകുന്ന ഉപദ്രവങ്ങൾ പോലുള്ള കേസുകളിൽ **DLSA**ക്ക് പ്രൊട്ടക്ഷൻ ഓഫീസർമാർ മുഖേനനിയമസഹായവും കൗൺസലിംഗ് സേവനങ്ങളും നൽകാവുന്നതുമാണ്.

സമുദായങ്ങളിൽനിന്ന് പാരാ ലീഗൽ വോളണ്ടിയർമാരെ **DLSA** അധികാരപ്പെടുത്തുവാനും NALSA യുടെ രൂപരേഖ അനുസരിച്ച് പരിശീലനം നൽകുവാനും കഴിയും. ലീഗൽ സർവ്വീസസ് സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങളെയും സംബന്ധിച്ച് മുൻ നിരയിൽ നിന്ന് ഇവർക്ക് പ്രവർത്തിക്കാൻ സാധിക്കും. എല്ലാ ജില്ലകളിലെ ബ്ലോക്കുകളെ പ്രതിനിധാനം ചെയ്തുകൊണ്ടും എന്നാൽ മുഴുവൻ സംസ്ഥാനത്തെ തന്നെയും പ്രതിനിധീകരിച്ചുള്ള പ്രയത്നങ്ങൾ പരിപൂർണ്ണതയിൽ എത്തിയോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഒരിക്കൽകൂടി, ഇതിനുമുമ്പ് പ്രസ്താവിച്ചിട്ടുള്ള സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ സമുദായത്തിൽ സുഗമമായി ലഭ്യമാകുന്നുണ്ടോ എന്നും വിവിധ പദ്ധതികളുടെ ആവശ്യകതയുണ്ടോ എന്നതും പരിശോധിക്കേണ്ടതാണ്.

**നിവാരണം**

സർക്കാരിന്റെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുമ്പോൾ നിലവിലുള്ള ഘടനയായ സമഗ്രശിശുസംരക്ഷണ പദ്ധതിക്ക് കീഴിൽ ഗ്രാമീണ തലത്തിൽ ശിശുസംരക്ഷണ കമ്മിറ്റികൾ സ്ഥാപിക്കേണ്ടതിന് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്**(VLCPC)**. ഈ കമ്മറ്റികളിൽ പഞ്ചായത്ത് മെമ്പർമാർ, സ്കൂൾ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, മാതാപിതാക്കൾ എന്നിവരെ ഉൾപ്പടുത്തണം. ഗ്രാമത്തിലുള്ള കുട്ടി

കൾക്ക് വേണ്ടി **VLCPC** പ്രത്യേകമായിട്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. സ്കൂളുകളിലെ അദ്ധ്യാപകരെ ബോധവൽക്കരിക്കുകയും സ്കൂളുകളിൽ നിന്ന് കാണാതാവുന്ന കുട്ടികളെക്കുറിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്, അതുവഴി ഈ കുട്ടികളെ കുറിച്ചുള്ള തുടർന്നുള്ള ക്ഷേമാന്വേഷണങ്ങൾ കൃത്യമായി നടത്താവുന്നതുമാണ്. കുട്ടികൾക്കും കൗമാരപ്രായക്കാർക്കും വേണ്ടിയുള്ള ഇത്തരത്തിലുള്ള ബോധവൽക്കരണ പ്രോഗ്രാമുകൾ അംഗൻവാടി വർക്കേഴ്സ്, ഹെൽത്ത് വർക്കേഴ്സ് എന്നിവർക്കുവേണ്ടിയും സംഘടിപ്പിക്കേണ്ടതാണ്. കുട്ടികൾ തുടർച്ചയായി ഹാജരാകാതിരിക്കുന്നത് അടിയന്തിരമായി റിപ്പോർട്ട് ചെയ്ത് തുടർ നടപടി ഉറപ്പുവരുത്തേണ്ടത് **SLSA/DLSA** ആണ്

**VLCPCs** അംഗൻവാടികൾ എന്നിവയിൽനിന്ന് എടുക്കുന്ന പാരാ ലീഗൽ വളണ്ടിയർമാർ, അതുപോലെ തന്നെ അദ്ധ്യാപകർക്കും നൽകുന്ന പരിശീലനങ്ങളിൽ പ്രത്യേക പ്രാധാന്യം ലൈംഗികചൂഷണം, ട്രാഫിക്കിംഗ് എന്നിവയെക്കുറിച്ചു നൽകേണ്ടതാണ്. പാരാ ലീഗൽ വളണ്ടിയർമാരുടെ കർമ്മമേഖലകൾ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്. അതേസമയം പാരാ ലീഗൽ വളണ്ടിയർമാർക്ക് പ്രയോജനകരമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുകയും വേണം. ഏതെങ്കിലും വിധത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ പൂർണ്ണമായ ശ്രദ്ധ **DLSA / SLSA** യും നൽകേണ്ടതുമാണ്.

വിദ്യാർത്ഥികളുടെ നിയമസാക്ഷരതാ ക്ലബ്ബുകൾ ട്രാഫിക്കിംഗിന്റെ വിവിധ വശങ്ങളെകുറിച്ച് ചർച്ച വിഷയമാക്കുകയും, ഇതിനെകുറിച്ച് സംസാരിക്കുകയും എഴുതുവാൻ പ്രോത്സാഹിപ്പിക്കുകയും, വേണം. ഈ ക്ലബ്ബുകൾ, വളർന്നുവരുന്ന ഇത്തരം പ്രശ്നങ്ങളെ കുറിച്ച് എപ്പോഴും കൃത്യമായ അറിവു നൽകുന്നതോടൊപ്പം എങ്ങനെ സ്വയം സുരക്ഷിതരാവാം എന്ന കാര്യത്തിലും മുഖ്യപങ്കു വഹിക്കുന്നു. സ്ത്രീകളുടെ ശാക്തീകരണത്തിലും ബാലവിവാഹത്തെ തടയുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന ഗ്രൂപ്പുകളെ **DLSA's / SLSA's** കൾ ശക്തിപ്പെടുത്തേണ്ടതാണ്. പലപ്പോഴും ബാല്യവിവാഹവും, നിർബന്ധിത വിവാഹവും, മനുഷ്യക്കടത്തിനും ഇതിലൂടെ ലൈംഗികചൂഷണത്തിനും നാന്ദിയായിട്ടുണ്ട്. മാത്രമല്ല, ബോധവൽക്കരണം നടത്തുന്നതോടൊപ്പം ദുർബ്ബലവിഭാഗങ്ങൾക്കിടയിലും, കമ്മ്യൂണിറ്റികളിലും, വിദ്യാർത്ഥികളുടെ ഗ്രൂപ്പുകൾ രൂപീകരിക്കുകയും, ബാലവിവാഹങ്ങളെ കുറിച്ച് റിപ്പോർട്ടുചെയ്യുകയും നിവാരണ നടപടികൾ എടുക്കുകയും ചെയ്യേണ്ടതാണ്.

നിലവിൽ ലൈംഗിക തൊഴിലാളികളായ സ്ത്രീകളുടെ കാര്യത്തിൽ ഇടപെടുമ്പോൾ **DLSA's / SLSA's** കളും അവരുടെ തൊഴിലിൽ നിന്നു പുറത്തുവരുന്ന സ്ത്രീകളുടെ ഉപജീവനത്തിനുള്ള ഇതര മാർഗ്ഗത്തെ പറ്റി ശ്രദ്ധ കേന്ദ്രീകരിക്കുകയും അവരുടെ കുട്ടികൾ ഇതിലേക്ക് വരുന്നത് തടയുകയും വേണം. പണം കരുതലോടെ വിനിയോഗം ചെയ്യേണ്ടതിന് സ്ത്രീകളെ പ്രോത്സാഹിപ്പിക്കേണ്ടതും ഇങ്ങനെസ്വരൂപിക്കുന്ന പണം മറ്റു സംരംഭങ്ങൾ തുടങ്ങുന്നതിനും അതുവഴി സാമൂഹികമായ അംഗീകാരത്തിനും പരിണാമത്തിനും കാരണമാവുകയും ചെയ്യുന്നു. **DLSA's / SLSA's**

കളും സ്ത്രീകൾക്കുണ്ടാകുന്ന ഗാർഹിക പീഢനങ്ങളിൽ നിന്ന് അവരെ നിയമം വഴി സംരക്ഷിക്കുകയും കോടതികൾ മുഖേന നിയമപരമായ സഹായം നൽകുകയും ചെയ്യണം. ഇപ്രകാരം മേൽപ്പറഞ്ഞ സർക്കാർ പദ്ധതികളിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും ഈ സ്ത്രീകൾക്ക് ലഭ്യമാകാൻ സഹായിക്കേണ്ടതാണ്.

മനുഷ്യക്കടത്തൽ നിവാരണത്തിനും ഇരയായവർക്കുവേണ്ടിയുള്ള സംരക്ഷണത്തിനും വേണ്ടിയുള്ള നയതന്ത്രങ്ങൾ നിർവ്വഹിക്കുന്ന റൂറൽ ലൈവ്‌ലി ഹുഡ് മിഷൻ ഈ പ്രക്രിയകളെ കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും സൂക്ഷ്മനിരീക്ഷണം നടത്തുകയും ചെയ്യുന്നതോടൊപ്പം സഫലമായ സംവിധാനങ്ങളേയും സംയോജിതമായ പ്രയത്നങ്ങളുടെയും ആവർത്തനവും വേണം.

**<u>രക്ഷപ്പെടുത്തലും പുനരധിവാസവും</u>**

വൺ സ്റ്റോപ്പ് ക്രൈസിസ് സെന്ററിന് വേണ്ടിയുള്ള പെരുമാറ്റച്ചട്ടങ്ങൾ ട്രാഫിക്കിംഗിന് വിധേയമായ ഇരകൾക്കും ബാധകമാകുന്നു. കൂടാതെ പ്രജ്വലയുടെ കേസിൽ സുപ്രീം കോടതിയുടെ ഉത്തരവുകളെ മാനിച്ചുകൊണ്ട് **DLSA's / SLSA's** കൾ സർക്കാർ പദ്ധതികളിലൂടെ ട്രാഫിക്കിംഗിനിരയായ വ്യക്തികളുടെ പുനരധിവാസത്തിന് അനന്തര നടപടികൾ എടുക്കേണ്ടതും അങ്ങനെ ഇവർക്ക് സുസ്ഥിരമായ മറ്റു ഉപജീവനമാർഗ്ഗങ്ങൾ ലഭ്യമാക്കേണ്ടതും ആണ്. ട്രാഫിക്കിംഗിന് ഇരയായ വ്യക്തികൾക്ക് അവരുടെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു കിട്ടുന്നതിനും വിചാരണതടവ് നടപടിക്രമങ്ങളിൽ ജാമ്യം റദ്ദ് ചെയ്യുന്നതിന് ഹാജരാകുന്നതിനുവേണ്ടിയും പാനൽ അഭിഭാഷകരുടെയും പാരാ ലീഗൽ വളണ്ടിയർമാരുടെയും സഹായം **DLSA** കൾ ഉറപ്പുവരുത്തേണ്ടതാണ്. പാനൽ അഭിഭാഷകർ, അടിയന്തിരഘട്ടങ്ങളിൽ സാക്ഷികളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള കോടതി ഉത്തരവ് നേടേണ്ടതാകുന്നു. മാത്രമല്ല, മൊഴി കൊടുക്കുന്നതിനുമുമ്പുള്ള വിദഗ്ദ്ധോപദേശം നൽകുന്നതിനും ഇരയായവരുടെ വിചാരണസമയത്തും മൊഴി രേഖപ്പെടുത്തലിന്റെ സമയത്തും ഹാജരാകേണ്ടതാണ്. കൂടാതെ വിക്റ്റിം കൊമ്പൻസേഷൻ സ്കീമിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം **DLSA** മുഖേന ലഭ്യമാക്കുന്നതിനും ഗവൺമെന്റിൽനിന്ന് ലഭ്യമാകുന്ന മറ്റു പുനരധിവാസ പദ്ധതികൾ ലഭ്യമാക്കുന്നതിനും പാനൽ അഭിഭാഷകരും പാരാ ലീഗൽ വളണ്ടിയർമാരും സഹായിക്കേണ്ടതാകുന്നു.

**<u>മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS)</u>**

ഗവൺമെന്റിൽ നിന്ന് ലഭ്യമാകുന്ന സ്കീമുകളുടെ കീഴിൽ വരുന്ന എല്ലാ പ്രവർത്തനങ്ങളും രേഖപ്പെടുത്തലുകളും അനന്തരനടപടികളും സൂക്ഷ്മ നിരീക്ഷണവും ചെയ്യേണ്ടതായതിനാൽ ഒരു നല്ല രീതിയിലുള്ള **MIS, DLSA's / SLSA's** കളും വികസിപ്പിച്ചെടുക്കേണ്ടതാണ്. അതുപോലെ പാരാ ലീഗൽ വളണ്ടിയർമാരും പാനൽ അഭിഭാഷകരും ഇരയായവർക്ക് നൽകുന്ന സേവനങ്ങൾ **DLSA** സെക്രട്ടറി രേഖപ്പെടുത്തുകയും പരിശോധിക്കുകയും ചെയ്യേണ്ടതാണ്. എവിടെ **DLSA** മുഖേ

നയുള്ള പുനരധിവാസം നൽകപ്പെടുന്നുവോ അവിടെ ചുരുങ്ങിയത് മൂന്നു വർഷ ക്കാലമെങ്കിലും അത്തരം വ്യക്തികളെ തുടർനിരീക്ഷണം നടത്തേണ്ടതും കൂടാതെ പുനരധിവാസം പൂർണ്ണമായെന്നും വീണ്ടും ട്രാഫിക്കിംഗിന് ഇരയാവുന്നില്ല എന്നും ഉറപ്പു വരുത്തേണ്ടതുമാണ്.

**ട്രാൻസ്ജെൻഡേഴ്സ് (ലിംഗമാറ്റം നടത്തിയവർ):** മേൽപ്പറഞ്ഞ പദ്ധതിയിൽ പ്രതി പാദിച്ചിരിക്കുന്ന എല്ലാ വ്യവസ്ഥകളും ലിംഗമാറ്റം നടത്തിയവർക്കും ബാധകമാണ്.

# അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നിയമ സേവനങ്ങൾക്കായുള്ള NALSAയുടെ

# പദ്ധതി, 2015

# അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നിയമ സേവന ങ്ങൾക്കായുള്ള NALSAയുടെ പദ്ധതി, 2015

<u>പശ്ചാത്തലം</u>

1.1 അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ വഹിക്കുന്ന പങ്ക് ഇന്ത്യൻ സമ്പദ്ഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളിലൊന്നാണ്. എക്ണോമിക് സർവേ ഓഫ് ഇന്ത്യ(2007– 2008)യുടേയും നാഷണൽ സാമ്പിൾ സർവേ അൺ ഓർഗനൈസ്ഡ് സെക്ടർ (2009–2010) ന്റെയും നിർണ്ണയ പ്രകാരം ഈ മേഖലയിൽ തൊഴിലധിഷ്ഠിക്കുന്നവർ ഏകദേശം 93–94 ശതമാനമാണ്. അതുപോലെ തന്നെ അവരുടെ ജി.ഡി.പിയിലുള്ള വിഹിതം 50 ശതമാനത്തിൽ കൂടുതലാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

1.2 ഈ വിഭാഗത്തിലെ ഭൂരിഭാഗം തൊഴിലാളികളും ജോലി ചെയ്യുന്നത് കാർഷിക മേഖലയിലാണ്. (ഏകദേശം 52 ശതമാനം). കെട്ടിട നിർമാണ തൊഴിലാളികൾ, ചെറുകിട സ്ഥാപനങ്ങളിലെ തൊഴിലാളികൾ, കരാറുകാർ മുഖേന വൻകിട വ്യവസായങ്ങളിൽ ജോലി ചെയ്യുന്നവർ, കൈതൊഴിലുകാരൻ, സ്വയം തൊഴിൽ ചെയ്യുന്നവർ, വനവിഭവങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികൾ, മത്സ്യബന്ധന തൊഴിലാളികൾ, ഉന്തുവണ്ടി, ഓട്ടോറിക്ഷ ഓടിക്കുന്നവർ, കൂലിപ്പണിക്കാർ മുതലായ സ്വയം തൊഴിൽ ചെയ്യുന്നവരുമാണ് ഈ വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

1.3 മാന്യമായ തൊഴിൽ സാഹചര്യങ്ങൾ, ജോലി ഭദ്രത, സാമൂഹിക ഭദ്രത എന്നിവ ഉറപ്പാക്കുന്നതിന് തൊഴിലാളികൾക്കു വേണ്ടി നിരവധി തൊഴിൽ നിയമങ്ങളും ചട്ടങ്ങളുമൊക്കെ നിലവിലുണ്ട്. എങ്കിലും ഈ നിയമങ്ങളിലും ചട്ടങ്ങളിലും അസംഘടിതമേഖലയിലെ തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ തന്നെ അസംഘടിത മേഖലയെ മറ്റുമേഖലകളിൽ നിന്ന് വേർതിരിച്ചറിയാമെന്ന പ്രത്യേകതകൂടിയുണ്ട്. കൂട്ടായ വിലപേശലിന്റെ അഭാവത്തിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾ അമിതമായ ചൂഷണത്തിനിരയാകുന്നു. താരതമ്യേന മോശപ്പെട്ട തൊഴിൽ സാഹചര്യങ്ങളും, വളരെ തുച്ഛമായ വേതനവും മാത്രമാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ലഭ്യമായിട്ടുള്ളത്. ഈ മേഖലയിൽ ഭൂരിഭാഗം തൊഴിലവസരങ്ങളും പ്രത്യേക കാലയളവിൽ മാത്രം നിലനിൽക്കുന്നതുകൊണ്ട് തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ സാധ്യമല്ല. ഇങ്ങനെയുള്ള അവസ്ഥ വൻതോതിലുള്ള കുടിയേറ്റത്തിനും കാരണമാകുന്നു. ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കുള്ള കുടിയേറ്റം, തൊഴിലിനും താമസത്തിനുമുള്ള അസ്ഥിരമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നു. ഇതുമൂലം അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടതായിവരുന്നു.

നഗരങ്ങളിലെ ചേരി പ്രദേശങ്ങളിൽ ദുസ്സഹമായ ജീവിത സാഹചര്യങ്ങളിലും

പാർപ്പിട സൗകര്യങ്ങളുടെ ലഭ്യതക്കുറവിലും ഇവർക്ക് ജീവിക്കേണ്ടി വരുന്നു. സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നിയമാനുസൃതമായി ലഭ്യമാകുന്ന ആരോഗ്യ സുരക്ഷയും, പ്രസവ ആനുകൂല്യങ്ങളും അസംഘടിത മേഖലയ്ക്കു ലഭ്യമാകുന്നില്ല.

വർക്ക്മെൻ കോമ്പൻസേഷൻ ആക്ട്, 1923, എംപ്ലോയ് സ്റ്റേറ്റ് ഇൻഷുറൻസ് ആക്ട്, 1948, മെറ്റേനിറ്റി ബെനിഫിക്ട് ആക്ട്, 1961, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട് ആക്ട്, 1974, പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട്, 1972, എംപ്ലോയ് പ്രവിഡന്റ് ഫണ്ട് ആൻഡ് മിസ്‌ലേനിയസ് പ്രൊവിഷൻസ് ആക്ട്, 1952 ലെ കൂടാതെ നിയമ നിർമാണത്തിലൂടെ പ്രായമായവർക്ക് സാമൂഹിക ഭദ്രത ഉറപ്പുവരുത്തൽ, മരണം, കല്യാണം, അപകടം എന്നീ സാഹചര്യങ്ങളിൽ ആരോഗ്യ സുരക്ഷ സഹായം എന്നീ സൗകര്യങ്ങൾ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല. മേൽപ്പറഞ്ഞ ഘടകങ്ങളുടെ സ്വാധീനത്താൽ ഇവർക്ക് ദുസ്സഹമായ ജീവിതസാഹചര്യം നയിക്കേണ്ടിവരുന്നു.

### 1.4 നിലവിലുള്ള നിയമത്തിന്റെ ചട്ടക്കൂട്

എന്നിരുന്നാലും അസംഘടിത മേഖലയിൽ വിവിധ വിഭാഗത്തിൽ ഉൾപ്പെടുന്ന തൊഴിലവസരങ്ങളിൽ, തൊഴിൽ സാഹചര്യങ്ങൾക്കുവേണ്ടി നിയമ നിർമാണ സഭ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. ആ വകുപ്പുകളാണ് താഴെ പറഞ്ഞിട്ടുള്ളത്.

- കപ്പൽ തൊഴിലാളികൾ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ്) ആക്ട്, 1948
- ബീഡി ആൻഡ് സിഗററ്റ് വർക്കേർസ് (കൺഡീഷൻ ഓഫ് എംപ്ലോയ്മെന്റ്) ആക്ട്, 1966
- ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവീസ്) ആക്ട് 1979.
- സിനി വർക്കേഴ്സ് ആൻഡ് സിനിമ തിയറ്റർ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ്) റൂൾസ് 1984
- ബിൽഡിംഗ് ആൻഡ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവീസ്) ആക്ട്, 1996
- പ്രൊഹിബിഷൻ ഓഫ് എംപ്ലോയ്മെന്റ് ആഡ് മാനുവൽ സ്കാവഞ്ചേഴ്സ് ആൻഡ് ദെയർ റിഹാബിലിറ്റേഷൻ ആക്ട്, 2013

1.5 സാമൂഹിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി വിവിധ വിഭാഗത്തിൽ ഉൾപ്പെടുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി കേന്ദ്ര ഗവണ്മെന്റ് പുതിയഒരു നിയമം രൂപകൽപന ചെയ്തു. ആ നിയമമാണ് അൺഓർഗനൈസ്ഡ് വർക്കേഴ്സ് ആക്ട്, 1996 കൂടാതെ സോഷ്യൽ സെക്യൂരിറ്റി ആക്ട്, 2008 ൽ

ഉൾപ്പെടുന്ന തൊഴിലാളികൾക്കുവേണ്ടി അവരുടെ ആനുകൂല്യങ്ങൾക്കും സാമൂഹിക ഭദ്രത ഉറപ്പുവരുത്തുന്നതിനും വേണ്ടി വിവിധ പദ്ധതികൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്.

**നിയമസേവനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി**

തൊഴിലാളികളുടെ ജീവിതസാഹചര്യത്തിൽ കാര്യമായ വ്യത്യാസം കൊണ്ടുവരാൻ മുകളിൽ പറഞ്ഞ നിയമങ്ങൾക്കു സാധിച്ചിട്ടില്ല, കാരണങ്ങൾ താഴെപ്പറയുന്നു:-

a. തൊഴിലാളികൾക്കു അവകാശപ്പെട്ട നിയമങ്ങൾ അവരിലേക്ക് വ്യാപിപ്പിക്കുന്നതിനുവേണ്ടി അതുമായി ബന്ധപ്പെട്ട അതോറിറ്റിയുടെ നിരസിക്കലിനെതിരെ നടപടികൾ പ്രാവർത്തികമാക്കാൻ ഈ നിയമത്തിന് അതായത് ദ സോഷ്യൽ സെക്യൂരിറ്റി ആക്ട്, 2008 (The social security Act, 2008)ന് സാധിച്ചിട്ടില്ല.

b. 14-ാം വകുപ്പുപ്രകാരം ഏതാനും സംസ്ഥാനങ്ങൾ മാത്രമാണ് സോഷ്യൽ സെക്യൂരിറ്റി ബോർഡുകൾ രൂപവത്കരിച്ചിട്ടുള്ളത്. ഇക്കാരണത്താൽ മിക്ക സംസ്ഥാനങ്ങളിലും, ഒരു രീതിയിലുള്ള ക്ഷേമ പദ്ധതികളും നിർവഹിക്കപ്പെടുന്നില്ല. മാത്രമല്ല, അവ നല്ല രീതിയിൽ പ്രാവർത്തികമാക്കാനും കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ, എല്ലാ ജില്ലകളിലും Building & other Construction Workers ( Regulation of Employment & Conditions of Service ) എന്ന ബിൽഡിംഗ് ആൻഡ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് രൂപവത്കരിക്കപ്പെട്ടിട്ടില്ല. ഇതിന്റെ പരിണിത ഫലമായി ഒരു രീതിയിലുമുള്ള സുരക്ഷ പദ്ധതികളും തൊഴിലാളികളിലേക്ക് എത്തിക്കാൻ സാധിച്ചിട്ടില്ല.

c. മിക്ക സംസ്ഥാനങ്ങളും ബിൽഡിംഗ് ആൻഡ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, 1996 പ്രകാരം സെസ് ശേഖരിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിൽ ശേഖരിച്ചിട്ടുള്ള തുക (cess amount) വളരെ ചെറിയൊരു ശതമാനം മാത്രമാണ് തൊഴിലാളികൾക്കുവേണ്ടി ഉപയോഗിച്ചിട്ടുള്ളത്. ഇതുമൂലം രജിസ്ട്രേഷൻ താരതമ്യേന കുറയുകയും കൂടാതെ രജിസ്റ്റർ ചെയ്ത തൊഴിലാളികളിലേക്ക് ആനുകൂല്യങ്ങൾ എത്തിക്കാനും കഴിയാതെ വരുന്നു.

d. പദ്ധതികളും ആനുകൂല്യങ്ങളും പര്യാപ്തമായി പ്രസിദ്ധീകരിച്ചിട്ടില്ല. സാധാരണയായി നിരക്ഷരരായ തൊഴിലാളികളാണ് അസംഘടിത മേഖലയിലുള്ളത്. കൂടാതെ ഇവർ അസംഘടിതരും ആനുകൂല്യങ്ങളെ കുറിച്ച് അജ്ഞരുമാണ്.

e. സോഷ്യൽ സെക്യൂരിറ്റി ആക്ട്, 2008 - ലെ 19-ാം വകുപ്പു പ്രകാരമുള്ള വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ഒരു ജില്ലയിലും നിലവിൽ വന്നിട്ടില്ല.

f. തൊഴിലാളികൾ ഈ പറയുന്ന ഏതെങ്കിലും പദ്ധതികളുടെ കീഴിൽ രജിസ്റ്റർ ചെയ്യണം എന്നുള്ളത്, മുതലാളിയുടെയും / ഇടപാടുകാരന്റെയും (കരാറുകാരന്റെയും) ഉത്തരവാദിത്വമല്ല. ഇത് തൊഴിലാളികളുടെ ഉത്തരവാദിത്വമാണ്. കൂടാതെ അവബോധമില്ലായ്മയും സങ്കീർണമായ പ്രക്രിയയും മൂലം ഇത് സാ

ധ്യമാകുന്നുമില്ല.

g. എല്ലാ പദ്ധതികളിലും പ്രത്യേകമായ രജിസ്ട്രേഷൻ ആവശ്യമായതിനാൽ, അവയിലൂടെയുള്ള ആവശ്യമുള്ള തൊഴിലാളികൾക്കു ലഭ്യമാക്കാൻ ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുന്നു.

h. സാധാരണയായി ഈ പദ്ധതിയുടെ കീഴിലുള്ള രജിസ്ട്രേഷൻ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റാൻ പറ്റാത്തതാണ്. അക്കാരണത്താൽ ഭൂരിഭാഗമായ കുടിയേറ്റ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകാതെ വരുന്നതിനിടയാക്കുന്നു. ഇതുമൂലം ഇത്തരം തൊഴിലാളികൾ ഈ സ്കീമിന്റെ (പദ്ധതി)യുടെ കീഴിൽ രജിസ്റ്റർ ചെയ്യാൻ താൽപര്യപ്പെടുന്നില്ല.

2.2. കർത്തവ്യ നിർവഹണ അതോറിറ്റിയും ഫലം ലഭിക്കേണ്ട ഗുണഭോക്താക്കളും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുവേണ്ടി നിയമസേവന സമിതിക്ക് വളരെ വലിയൊരു പങ്കുവഹിക്കാവുന്നതാണ്. ഈ ഒരു ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട്, 8-12-2010 ൽ കേന്ദ്രസമിതി നടത്തിയ യോഗത്തിൽ ദേശീയ നിയമ സേവന അതോറിറ്റി പുതിയൊരു പദ്ധതി അംഗീകരിച്ചു. ആ പദ്ധതി ആണ് നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി. (ലീഗൽ സർവീസ് ടു ദി വർക്കേഴ്സ് ഇൻ ദി അൺ ഓർഗനൈസ്ഡ് സെക്ടർ), പദ്ധതി, 2010.

2.3 എന്നിരുന്നാലും ഏറെ വർഷങ്ങൾക്കുശേഷവും ഈ നിയമ നിർമാണം മൂലം അർഹതപ്പെട്ട തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നതിനാലും പ്രശ്നങ്ങളുടെ വ്യാപ്തിയും കണക്കിലെടുത്ത് ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ അനിവാര്യമാണെന്ന് ബോധ്യപ്പെടുകയും തൽഫലമായി ഇപ്പോൾ പുനർസ്ഥാപിതമായ ഈ പദ്ധതിയിലൂടെ ലക്ഷ്യം നേടാവുന്നതാണ്.

പാരാലീഗൽ വോളന്റിയേഴ്സ്, ലീഗൽ സർവീസസ് അതോറിറ്റി, ഫ്രന്റ് ഓഫീസ്, പാനൽ ലോയേഴ്സ്, റീടെയ്നർ ലോയേഴ്സ് എന്നീ പദങ്ങളുടെ അർത്ഥം ദേശീയ നിയമ സേവന അതോറിറ്റി (ഫ്രീ ആന്റ് കോമ്പിറ്റന്റ് ലീഗൽ സർവീസസ്) റഗുലേഷൻ 2010, കൂടാതെ ദേശീയ നിയമ സേവന അതോറിറ്റി (ലീഗൽ സർവീസസ് ക്ലിനിക്) റഗുലേഷൻ, 2011 കൂടാതെ നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി സ്കീം ഫോർ പാര ലീഗൽ വോളന്റിയേഴ്സ് (റിവൈസ്ഡ്) ആന്റ് മോഡ്യൂൾ ഫോർ ഓറിയന്റേഷൻ – ഇൻഡക്ഷൻ – റിഫ്രഷർ കോഴ്സസ് ഫോർ പാര ലീഗൽ വോളന്റിയേഴ്സ് ട്രെയിനിങ്ങിൽ നിർവ്വചിച്ചിട്ടുള്ളതുപോലെയാണ്.

3. **പദ്ധതിയുടെ പേര്**

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ നിയമ സേവനങ്ങൾക്കുള്ള NALSAയുടെ പദ്ധതി, 2015.

4. **ലക്ഷ്യം.**

1. എല്ലാ അസംഘടിത തൊഴിലാളികൾക്കും ഏറ്റവും അത്യാവശ്യമായ നിയമ സേവനങ്ങൾ സ്ഥാപിക്കുക.
2. പൊതുതാൽപര്യ ഹർജികളിലൂടെ നിയമ നിർമാണ വ്യവസ്ഥയിലെ ന്യൂനതകൾ ഗവണ്മെന്റ് അതോറിറ്റികളുടെ സഹായത്താൽ പരിഹരിക്കുക.
3. സംസ്ഥാന സർക്കാർ വഴിയും ജില്ലാ നിർവഹണ സമിതി വഴിയും അസംഘടിത മേഖലയിലെ എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്ന തൊഴിലാളികളെ കണ്ടെത്താനും രജിസ്റ്റർ ചെയ്യാനും കൂടാതെ അനുയോജ്യമായ എല്ലാ ആനുകൂല്യങ്ങൾ എത്തിക്കുവാനും പ്രയത്നിക്കുക.
4. തൊഴിലാളികൾക്ക് മാന്യമായ തൊഴിൽ സാഹചര്യങ്ങളും വേതനവും കൂടാതെ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുവേണ്ടി നിയമപരമായ വ്യവസ്ഥകളെക്കുറിച്ചു തൊഴിലുടമകളെ ബോധവൽക്കരിക്കുക.
5. തൊഴിലാളികൾക്ക് അവകാശം നൽകുന്ന നിലവിലുള്ള നിയമങ്ങളേയും പദ്ധതികളെയുംക്കുറിച്ചുമുള്ള വിവരങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
6. എല്ലാ തരത്തിലുള്ള അസംഘടിത തൊഴിലാളിളേയും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അതോറിറ്റികളെക്കുറിച്ച് ബോധവന്മാരാക്കുകയും നിർദേശം നൽകുകയും ചെയ്യുക.
7. രജിസ്റ്റർ ചെയ്ത തൊഴിലാളികളെ അവരുടെ ആവശ്യാനുസരണം ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സഹായിക്കുക.

5. **നിർദേശക തത്ത്വങ്ങൾ**

നിയമ സേവന സ്ഥാപനങ്ങൾ അസംഘിടിത തൊഴിലാളികൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയനുബന്ധ തത്ത്വങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്:-

5.1 എല്ലാ പൗരന്മാർക്കും തുല്യ പദവിയും അവസരസമത്വവും ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. ഓരോ സംസ്ഥാനങ്ങളും അനുഛേദം 42 പ്രകാരം ന്യായമായതും മാനുഷികപരമായ സാഹചര്യങ്ങളും കൂടാതെ പ്രസവ സുരക്ഷ ഉറപ്പുവരുത്തിനുവേണ്ടിയുള്ള വകുപ്പുകൾ / വ്യവസ്ഥകൾ ആവിഷ്കരിക്കേണ്ടതുണ്ട്. അനുഛേദം 43 ന്റെ അടിസ്ഥാനത്തിൽ, തൊഴിലാളികൾക്ക് തൊഴിലും സ്ഥിര വരുമാനവും മാന്യമായ തൊഴിൽ സാഹചര്യങ്ങളോടൊപ്പം മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും, വിശ്രമവേളകൾ പരമാവധി വിനിയോഗിക്കാനും, സാമൂഹികവും സാംസ്കാരികപരമായ അവസരങ്ങളും ഉറപ്പാക്കേണ്ടത് സംസ്ഥാനത്തിന്റെ കടമാണ്.

5.2 തൊഴിലിന്റെ അന്തസ് ഉറപ്പുവരുത്താതെ ആമുഖത്തിൽ നിർവ്വചിച്ചിട്ടുള്ള വാഗ്ധാനമായ വ്യക്തിയുടെ അന്തസ് ഉറപ്പുവരുത്താൻ സാധ്യമല്ല.

5.3 അസംഘടിത മേഖല പാർശ്വവത്കരിക്കപ്പെട്ട ഒരു സമൂഹമാണ്. ഇന്ത്യയുടെ ഏതൊരു പൗരനെയുംപോലെ അർഹതപ്പെട്ട എല്ലാ അവകാശങ്ങളും, തൊഴിലിനുള്ള അവകാശം, ന്യായവും മാന്യവുമായ തൊഴിൽ സാഹചര്യങ്ങൾ, സ്ഥിര വരുമാനം, പ്രസവ സുരക്ഷയും കൂടാതെ മാന്യമായ ജീവിത നിലവാരം എന്നിവ ഇവർക്കും അവകാശപ്പെട്ടതാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന നിയമപരമായ അവകാശങ്ങൾ നിയമ സേവന അതോറിറ്റി നടപ്പിലാക്കുന്നു. ഭരണ സംവിധാനത്തിന്റെ ന്യൂനതകൾക്കെതിരെ നിയമ സേവന അതോറിറ്റികൾ കാവൽ സംവിധാനം പോലെ പ്രവർത്തിക്കുന്നു.

5.4 സർക്കാർ നിർദേശിച്ച ക്ഷേമ പരിപാടികളും ചട്ടങ്ങളും പദ്ധതികളും കാംക്ഷിക്കേണ്ടത് അവ ഉപയോഗിച്ച് ഉദ്ദിഷ്ട ഗുണഭോക്താവ് അവന്റെ അവകാശങ്ങൾ നേടിയെടുക്കുക, എല്ലാ നീതിയും ആവശ്യാനുസരണം ലഭ്യമാക്കുക എന്നതാണ്. നിസ്സഹായരും ദരിദ്രരുമായ അസംഘടിത മേഖലയിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്ക് ഇത് വേണ്ട രീതിയിൽ വിനിയോഗിക്കാനുള്ള കഴിവില്ല. അവർക്ക് പിന്തുണയും നീതിയും ഉറപ്പുവരുത്തേണ്ടത് നിയമ സേവന അതോറിറ്റിയുടെ കടമയാണ്.

5.5 ഭൂരിഭാഗം വരുന്ന അസംഘടിത തൊഴിലാളികളും, അതിൽ ഓരോ വിഭാഗത്തിലെയും വിപുലമായ ജനസമൂഹം, ഭൂമിശാസ്ത്രപരമായി പരന്നു കിടക്കുകയാൽ ഇവർക്ക് നിയമ സേവനങ്ങൾ ലഭ്യമാകുന്നതിനായി ഒരു പദ്ധതി പ്രകാരമുള്ള സമീപനമാണ് ആവശ്യമായി വരുന്നത്. അവരുടെ ഭരണഘടനാപരമായ അവകാശങ്ങൾ പ്രാപ്യമാകുന്നതിന് അധികാര നിയുക്തവും അർപ്പണ മനോഭാവവും, സുസ്ഥിര പ്രയത്നവും കൊണ്ട് ഒരു നിശ്ചിത സമയത്തേക്ക് തുടർച്ചയായ പ്രവർത്തനങ്ങൾ സ്ഥാപിതമാകേണ്ടതാണ്.

**കർമ്മ പദ്ധതി**

**6. സ്പെഷ്യൽ സെല്ലിന്റെ രൂപീകരണം**

6.1 എല്ലാ നിയമ സേവന അതോറിറ്റികളും ഫലപ്രദമായ നിയമ സേവനങ്ങൾ നടപ്പിലാക്കാൻ സ്പെഷ്യൽ സെല്ലുകൾ രൂപീകരിക്കണം. ഈ സെല്ലിൽ തൊഴിൽനിയമത്തിൽ വിദഗ്ധനായ ഒരു വക്കീലും, ഈ മേഖലയിൽ തന്നെ വിദഗ്ധനായതും, പരിജ്ഞാനം ഉള്ളതുമായ ഉപദേഷ്ടാവും, നല്ല പ്രവർത്തിപരിചയമുള്ള എൻജിഒ പ്രതിനിധിയും, സംസ്ഥാന നിയമ സേവന അതോറിറ്റി നിർദേശിക്കുന്ന പാരാലീഗൽ വളണ്ടിയർമാരും ഉൾപ്പെടുന്നു.

6.2 **സ്പെഷ്യൽ സെല്ലിന്റെ ചുമതലകൾ**

1. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി നിയമങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകളും, സാക്ഷരത പരിപാടികളും, പരിശീലന പരിപാടികളും, സെമിനാറുകളും സംഘടിപ്പിക്കുക.

2. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് രജിസ്ട്രേഷനും ആനുകൂല്യ പദ്ധതികളും എത്തിക്കാൻ സർക്കാർ സമിതികളെ ഏകോപിപ്പിക്കുക.

3. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാനും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപേക്ഷ പൂരിപ്പിക്കാനും അതിന്റെ നടപടി ക്രമങ്ങൾക്കുവേണ്ടിയുള്ള സഹായങ്ങളും ചെയ്യുക.

4. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഏതെങ്കിലും അവകാശങ്ങളുമായി ബന്ധപ്പെട്ടും കൂടാതെ പ്രതിരോധത്തിനുവേണ്ടിയും കോടതി മുൻപാകെ ഹാജരാക്കുന്നതിനുവേണ്ടി അത്യാവശ്യമായ നിയമ പിന്തുണയും നിയമ സഹായങ്ങളും ചെയ്തുകൊടുക്കുക.

5. സംസ്ഥാന അതോറിറ്റി നിർദേശിക്കുന്ന വേറെ ചുമതലകളും നടപ്പിലാക്കുക.

6.3 സംസ്ഥാന അതോറിറ്റിയുടെ നാമനിർദേശം ചെയ്ത ഏതെങ്കിലും ഓഫീസറുടെയോ മെമ്പർ സെക്രട്ടറിയുടെയോ മാർഗ്ഗനിർദേശപ്രകാരമാണ് സ്പെഷ്യൽ സെൽ പ്രവർത്തിക്കുന്നത്. കൂടാതെ സെല്ലിൽ നിക്ഷിപ്തമായ കർത്തവ്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ തയാറാക്കുന്നതിനുള്ള ചുമതലയും ഇവർക്കുണ്ട്.

6.4 സ്പെഷൽ സെല്ലിലെ എല്ലാ അംഗങ്ങൾക്കും ശമ്പളം നൽകുന്നത് സംസ്ഥാന അതോറിറ്റിയാണ്.

## 7. അസംഘടിത മേഖലയിലെ തൊഴിലാളികളെ തിരിച്ചറിയൽ

7.1 നിയമ സേവന സ്ഥാപനങ്ങളുടെ പ്രഥമമായ കർത്തവ്യം എന്നു പറയുന്നത് ലേബർ ഡിപ്പാർട്ടുമെന്റിൽ നിന്നും സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും അല്ലെങ്കിൽ സ്വയം സർവേ നടത്തുകയും അല്ലെങ്കിൽ നിയമ വിദ്യാർഥികളിലൂടെയും ആ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന എൻജിഒ മുഖേനയും ആ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അസംഘടിത തൊഴിലാളികളെ കണ്ടെത്തുക / തിരിച്ചറിയുക എന്നതാണ്.

7.2 തിരിച്ചറിയൽ പ്രക്രിയയിലൂടെ, ഇതിൽ നിന്നും നിർബന്ധിത തൊഴിലാളികളെയും ബാലവേല ചെയ്യുന്നവരെയും തിരിച്ചറിയുകയും അത്തരം നിരോധിക്കപ്പെട്ട വിഭാഗത്തെ തിരിച്ചറിഞ്ഞാൽ അതുമായി ബന്ധപ്പെട്ട അതോറിറ്റികൾക്ക് ബോണ്ടഡ് ലേബർ സിസ്റ്റം (അബോളിഷൻ) ആക്ട്, 1976, ദി ചൈൽഡ് ലേബർ (പ്രോഹിബിഷൻ ആന്റ് റഗുലേഷൻ) ആക്ട്, 1976, ചൈൽഡ് ലേബർ

(പ്രോഹിബിഷൻ ആൻഡ് റഗുലേഷൻ) ആക്ട്, 1986 കൂടാതെ ജുവനൈൽ ജസ്റ്റീസ് ആക്ട്, 2000 പ്രകാരം അവരെ രക്ഷപ്പെടുത്താനും, മോചിപ്പിക്കാനും, പുനരധിവാസത്തിനുമുള്ള മാർഗങ്ങളും നിർദേശിക്കണം.

7.3 ഓരോ പ്രദേശത്തെയും (ജനസംഖ്യയും കൂടാതെ പ്രധാനമായ ഘടകങ്ങളുമായി) ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളെയും സംസ്ഥാന അതോറിറ്റിയുടെ നിർദേശ പ്രകാരം ഓരോ സംസ്ഥാനത്തിന്റെ വിസ്തീർണ്ണം, ജനസംഖ്യ, മറ്റു പ്രസക്തഘടകങ്ങൾക്കനുസൃതമായി നിശ്ചിത സമയത്തിനുള്ളിൽ തിരിച്ചറിയണം.

8. **തൊഴിലിനു ഏറ്റവും കുറഞ്ഞ വേതനത്തിനുമുള്ള നിബന്ധനകൾ**

സംസ്ഥാനവും, ജില്ലാ നിയമ സേവന അതോറിറ്റിയും, സംസ്ഥാനത്തിന്റെയും, ജില്ലയുടെയും ഭരണകൂടത്തിന്റെയും കൂടാതെ പ്രാദേശികമായ എൻ.ജി.ഒയുടെയും സഹകരണത്തോടു കൂടി അസംഘടിത തൊഴിലാളികളുടെ പ്രത്യേകമായി ഗാർഹിക തൊഴിലാളികളുടെ തൊഴിലിനെക്കുറിച്ചും കുറഞ്ഞ വേതനത്തെക്കുറിച്ചും ഉള്ള നിയമാനുസൃത നിബന്ധനകൾ നിശ്ചയിക്കുക. ഈ നിബന്ധനകൾ അനിവാര്യമാണെന്ന് സംസ്ഥാന നിയമ സേവന അതോറിറ്റികൾക്ക് ബോധ്യമാകുന്ന പക്ഷം അവയെ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

9) **സംസ്ഥാന സാമൂഹ്യ സംരക്ഷണ ബോർഡ് (സെക്യൂരിറ്റി ബോർഡ്) കൂടാതെ കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡുകളുടെ രൂപീകരണം**

സാമൂഹ്യ സുരക്ഷ ബോർഡും, കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡും സ്ഥാപിച്ചിട്ടില്ലാത്തിടത്തൊക്കെ സംസ്ഥാന നിയമ സേവന അതോറിറ്റി സംസ്ഥാന സർക്കാരുമായി സഹകരിച്ച്, സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ ഭരണനിർവ്വഹണ സമിതി ചെയർമാന്റെ അനുവാദത്തോടെ ആവശ്യമെങ്കിൽ പൊതു താത്പര്യ ഹർജി അതാത് ഹൈക്കോടതിയിൽ നൽകി ഇത്തരം ബോർഡുകൾ സ്ഥാപിക്കണം.

10) **സെസ് തുകയുടെ ഉപയോഗം**

സംസ്ഥാന നിയമ സേവന അതോറിറ്റി, കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡിനെ ഏകോപിപ്പിച്ച് സെസ് (cess) വഴി ശേഖരിച്ച തുക സ്ഥിര നിക്ഷേപമായി കിടക്കാതെ തൊഴിലാളികൾക്കു ലഭ്യമായ പദ്ധതികളിലൂടെ ഉപകാരപ്രദമാകുന്ന രീതിയിൽ വിനിയോഗിക്കുക. സംസ്ഥാന അതോറിറ്റി ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ബോർഡിൽ നിന്ന് ആവശ്യപ്പെടുകയും, ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുകയും ബോർഡിനെ ഏകോപിപ്പിക്കുകയും ചെയ്യുക. ഏതെങ്കിലും തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നിരസിക്കുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ താൽപര്യം മുൻനിർത്തിയാണ് സംസ്ഥാന നിയമ സേവന അതോറിറ്റി സ്പെഷൽ സെൽ മുഖേന നിയമപരമായ പരിഹാരങ്ങൾ നിർദേശിക്കുക.

11) **നിയമത്തിന്റെ കീഴിൽ വരുന്ന സർക്കാർ പദ്ധതികൾ**

നിയമസേവന അതോറിറ്റി, സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന അസം ഘടിത തൊഴിലാളികൾക്ക് അനുയോജ്യമായ പദ്ധതികൾ സംസ്ഥാന സർക്കാ രിന്റെ മുൻപിൽ അറിയിക്കുക. ഈ പദ്ധതി അനിവാര്യമാണെങ്കിൽ ഭരണനിർ വ്വഹണ ചെയർമാന്റെ സമ്മതത്തോടുകൂടി പൊതു താൽപര്യ ഹർജിയിലൂടെയും ഇക്കാര്യം നേടിയെടുക്കാവുന്നതാണ്.

12) **നിയമ ബോധവൽക്കരണം**

12.1 എല്ലാ വിഭാഗത്തിലുമുള്ള അസംഘടിത മേഖലയിലെ തൊഴിലാളികളെ ക ണ്ടെത്തിയതിനു ശേഷം അവർക്കു ലഭ്യമായ പദ്ധതികളെക്കുറിച്ച് നിയമബോ ധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും സാമൂഹ്യ സുരക്ഷിതത്വത്തി നുള്ള മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്യണം. ഈ ഒരു ഉദ്ദേശ്യ ലക്ഷ്യത്തോ ടുകൂടി സ്പെഷൽ സെല്ല് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേ ണ്ടി അവരുടെ ജോലി സ്ഥലങ്ങളിലോ അല്ലെങ്കിൽ കമ്യൂണിറ്റി സെന്ററുകളിലോ നിയമ സാക്ഷരത ക്യാംപുകൾ സംഘടിപ്പിക്കണം.

12.2 എല്ലാ സംസ്ഥാന നിയമ സേവന അതോറിറ്റികളും ലഭ്യമായ പദ്ധതികളെക്കു റിച്ച് യോഗ്യത അടിസ്ഥാനത്തിലും കൂടാതെ ആവശ്യാനുസരണം ആനുകൂ ല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള രജിസ്ട്രേഷന്റെ നടപടികളെക്കുറിച്ചുമുള്ള വി വരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലഘുപത്രിക പ്രസിദ്ധീകരിക്കണം. ആ ല ഘുപത്രികയുടെ പകർപ്പ് എല്ലാ ഫ്രണ്ട് ഓഫീസുകളിലും ലഭ്യമാക്കണം. നിയ മ സേവന ക്ലിനികും കൂടാതെ സ്പെഷൽ സെല്ലിന്റെ ആസ്ഥാനവും നിയമ ബോധവൽക്കരണത്തിനും സാക്ഷരതാ പരിപാടികൾക്കും വേണ്ടി വിട്ടു കൊ ടുക്കണം.

12.3 മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളെക്കുറിച്ച് ദൂരദർശനിലും, ഓൾ ഇന്ത്യ റേഡിയോ, കമ്യൂണിറ്റി റേഡിയോ മുഖാന്തരവും പ്രചരിപ്പിക്കുക.

12.4 നിയമസേവന സ്ഥാപനങ്ങളുടെയും സ്പെഷൽ സെല്ലിലെ മെമ്പർമാരുടെയും ടെലിഫോൺ നമ്പറുകളും ഹെൽപ്പ്ലൈൻ നമ്പറുകളും സ്റ്റേറ്റ് ലേബർ ആന്റ് സോഷ്യൽ വെൽഫെയർ ബോർഡ് പ്രദർശിപ്പിക്കണം.

13) **പാരാ ലീഗൽ വോളന്റിയേഴ്സിനുവേണ്ടി വിദഗ്ധ പരിശീലനം.**

സംസ്ഥാന നിയമ സേവന അതോറിറ്റി ആ പ്രദേശത്തെ പ്രത്യേക വിഭാഗ ത്തിൽ ഉൾപ്പെടുന്ന അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ആവശ്യങ്ങ ളെ മുൻനിർത്തി സർക്കാർ പദ്ധതികളിൽ നിന്നു ലഭ്യമാകുന്ന ആനുകൂല്യങ്ങ ളെ കേന്ദ്രീകരിച്ച് പാരാലീഗൽ വോളന്റീയേഴ്സിന് വിദഗ്ധമായ പരിശീലന പ രിപാടികൾ സംഘടിപ്പിക്കണം.

പരിശീലനം നേടിയ പാരാ ലീഗൽ വോളന്റീയേഴ്സ് തൊഴിലാളികളെ അഭ്യസിപ്പിക്കുകയും കൂടാതെ ആനുകൂല്യങ്ങൾ തിരിച്ചറിയുകയും അതാത് അതോറിറ്റികളുമായി തൊഴിലാളികളുടെ ആനുകൂല്യങ്ങൾക്കുവേണ്ടി സമ്പർക്കം പുലർത്തുകയും ചെയ്യണം.

14) **വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്റർ**

2008 ആക്ടിലെ 9-ാം വകുപ്പ് പ്രകാരം സംസ്ഥാന നിയമ സേവന അതോറിറ്റിയും ലേബർ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ രൂപീകരിക്കണം. ഇത്തരം സെന്ററുകളുടെ കൂടെ വിദഗ്ധമായ പരിശീലനം നേടിയ പി.എൽ.വി അല്ലങ്കിൽ എൻ.ജി.ഒ പ്രവർത്തിക്കുന്നതാണ്.

15) **മെച്ചപ്പെട്ട തൊഴിൽ സാഹചര്യം**

ഏതാനും ചില നിയമങ്ങളിൽ അതായത് കെട്ടിട നിർമാണ തൊഴിലാളി (സേവന നിബദ്ധത) ആക്ട് കൂടാതെ ബീഡി ആന്റ് സിഗററ്റ് തൊഴിലാളി കണ്ടീഷൻ ഓഫ് എംപ്ലോയ്മെന്റ് ആക്ട് പ്രകാരം ഈ മേഖലയിൽ തൊഴിൽ സാഹചര്യം ഉറപ്പുവരുത്തുന്ന വകുപ്പുകൾ ക്രമീകരിക്കുക. അതുപോലെ നിയമപരമായ വ്യവസ്ഥകൾ ഒന്നുമില്ലെങ്കിലും വേതനത്തിന്റെയും തൊഴിൽ സാഹചര്യങ്ങളെക്കുറിച്ചുമുള്ള ആവശ്യകതയെ കുറച്ചു കാണരുത്

സംസ്ഥാന നിയമസേവന അതോറിറ്റികൾ ക്യാമ്പുകൾ നടത്തുകയും എൻ.ജി.ഒ-ടെ സഹകരണത്തോടുകൂടി തൊഴിൽ ദാതാവ് അഥവാ മുതലാളികൾ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നിയമം അനുശാസിക്കുന്ന മാന്യമായ തൊഴിൽ സാഹചര്യങ്ങൾ ഉറപ്പാക്കുകയും വേണം.

16) **എംപ്ലോയേഴ്സിനു (മുതലാളി) വേണ്ടി സെമിനാറുകൾ സംഘടിപ്പിക്കുക**

തൊഴിൽ ദാതാവിനെ അവരുടെ നിയമപരമായ കർത്തവ്യങ്ങളെക്കുറിച്ചും തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ പാലിക്കുന്നതിനുവേണ്ടിയും സംസ്ഥാന നിയമ സേവന അതോറിറ്റിയും സ്പെഷൽ സെല്ലും സെമിനാറുകൾ സംഘടിപ്പിക്കണം.

17) **പുനരധിവാസ പദ്ധതി**

പ്രൊഹിബിഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് മാനുവൽ സ്കാവഞ്ചേഴ്സ് ആൻഡ് ദെയർ റിഹാബിലിറ്റേഷൻ ആക്ട്, 2013ലെ 13-ാം വകുപ്പ് പോലെ ഏതാനും ചില നിയമങ്ങൾ പ്രകാരം തൊഴിലാളികൾക്ക് പുനരധിവാസം ലഭ്യമാക്കുന്നുണ്ട്. ഈ പറഞ്ഞ നിയമത്തിന്റെ കീഴിൽ മുൻകാലത്ത് നിലനിന്നിരുന്ന മാനുവൽ സ്കാവഞ്ചേഴ്സിൽ പുനരധിവാസം ഉറപ്പുവരുത്തുവാൻ സംസ്ഥാന നിയമ സേവന അതോറിറ്റി അതുമായി ബന്ധപ്പെട്ട അതോറിറ്റിയുമായി

സംയോജിച്ചോ സ്വയമോ അല്ലെങ്കിൽ എൻ.ജി.ഒ മുഖേനയോ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

18) **നിയമപരമായ സഹായവും പ്രതിനിധീകരണവും**

കോടതിയിലോ ഏതെങ്കിലും അതോറിറ്റിയുടെ മുൻപാകെയോ നിയമപരമായ പ്രതിനിധീകരണം ആവശ്യമായ സമയത്ത് നിയമ പിന്തുണയും സഹായവും സ്പെഷൽ സെല്ലുകൾ നൽകണം.

# ശിശു സൗഹൃദ നിയമ സേവനങ്ങളും അവരുടെ സംര ക്ഷണത്തിനുള്ള NALSA പദ്ധതി, 2015

# ശിശു സൗഹൃദ നിയമ സേവനങ്ങളും അവരുടെ സംരക്ഷണ ത്തിനുള്ള NALSA പദ്ധതി, 2015

## 1. ആമുഖവും പശ്ചാത്തലവും

കുട്ടികൾ സമൂഹത്തിലെ ഏറ്റവും മർമ്മപ്രധാന വിഭാഗങ്ങളിൽ ഒന്നാണ് എന്ന തിൽ യാതൊരു സംശയവുമില്ല. അവർ ലോക ജനസംഖ്യയുടെ മൂന്നിലൊന്ന് പ്രതി നിധാനം ചെയ്യുന്നു. ആയതിനാൽ അവർക്ക് ഉചിതമായ അവസരങ്ങൾ നൽകിയി ല്ലെങ്കിൽ, നാളത്തെ ഉത്തരവാദിത്തബോധമുള്ള പൗരന്മാരായി അവരെ വളർത്തു വാനുള്ള അവസരം ഈ തലമുറയ്ക്ക് നഷ്ടമാവും.. ഏതൊരു കുട്ടിയുടേയും വ്യക്തിത്വം അനാവൃതമാക്കുവാനും, ശാരീരികമായും മാനസികമായും ധാർമിക മായും ആത്മീയമായും അവർക്ക് ഏറ്റവും ഉയർന്ന നിലയിൽ എത്തിച്ചേരുവാനും, യുവ തലമുറയ്ക്ക് നിയമ സേവനങ്ങൾ പോലെ വേണ്ടത്ര അവസരങ്ങൾ ലഭ്യമാകു വാനുള്ള ചുമതല നമ്മൾ ഏവരിലുമാണ് എന്നാണ് സുപ്രീം കോടതി Salil Bali v. Union of India and Anr., [2013 VII AD (SC)] ൽ മേൽപറഞ്ഞ നിരീക്ഷണം കൊണ്ട് അർത്ഥമാക്കിയത്.

## 2. അന്താരാഷ്ട്ര പ്രതിബദ്ധതകൾ

2.1 കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പ്രഖ്യാപനം 1959 നവംബർ 20ന് സ്വീകരിച്ചപ്പോൾ, കുട്ടികൾ ആരോഗ്യകരവും, സ്വാതന്ത്ര്യവും അന്തസ്സുമുള്ള ഒരു അന്തരീക്ഷത്തിൽ, ശാരീരികമായും മാനസികമായും ധാർമ്മികമായും ആത്മീയമായും സാമൂഹികമായും വികസിക്കുവാനായി യു എൻ ജനറൽ അസംബ്ലി 10 തത്ത്വങ്ങൾ അടിസ്ഥാനമാക്കിയിരുന്നു.

2.2 യുണൈറ്റഡ് നേഷൻസിന്റെ ജുവനൈൽ നീതി നടപ്പിലാക്കുന്ന റൂൾസ് ("ദി ബെയ്ജിംഗ് റൂൾസ്", 1985) പ്രകാരം, എല്ലാ രാഷ്ട്രങ്ങളും ജുവനൈലുകളുടെ നടപടിക്രമങ്ങൾ നിർവ്വഹിക്കുമ്പോൾ അവർക്ക് ഒരു അഭിഭാഷകൻ വഴി പ്രതി നിധാനം ചെയ്യുവാനുള്ള അവകാശം നൽകേണ്ടതാണ്. ഇതിനു പുറമേ, സൗജന്യ നിയമ സഹായം നൽകുന്ന രാഷ്ട്രങ്ങളിൽ, അത് ലഭ്യമാക്കുവാ നുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയിരിക്കണം.

2.3 കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള യു.എൻ. കൺവെൻഷൻ (UNCRC), അന്താരാഷ്ട്ര തലത്തിൽ ബാധകമായ ഒരു സമഗ്ര നിശ്ചിതരേഖ, യുഎൻ ജനറൽ അസ്സംബ്ലി 1989-ൽ സ്വീകരിച്ചതാണ്. ഇതിന്റെ പ്രധാന ഉദ്ദേശം, കുട്ടി കൾക്ക് ലഭിക്കേണ്ട പ്രാഥമിക അവകാശങ്ങളുടെ രൂപരേഖ സൃഷ്ടിക്കുക എന്നതാണ്. ഈ അവകാശങ്ങളെ നാലു തരത്തിൽ വേർതിരിക്കാവുന്നതാ ണ്. താഴെ പറഞ്ഞിരിക്കുന്ന പോലെ, അവ ഓരോ കുട്ടിയുടേയും ആഭ്യന്തര, സാംസ്കാരിക, രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക അവകാശങ്ങളേയും ഉൾക്കൊള്ളുന്നതാണ്.

a) അതിജീവന അവകാശങ്ങൾ: കുട്ടിക്ക് ജീവിക്കുവാനുള്ള അവകാശം; നില നിൽപ്പിനു വേണ്ടിയുള്ള പോഷകാഹാരം, അഭയം, ജീവിത നിലവാരം, വൈദ്യ സേവനങ്ങളുടെ ലഭ്യത മുതലായ അടിസ്ഥാന ആവശ്യങ്ങൾക്കുള്ള അവകാശം.

b) വികസന അവകാശങ്ങൾ: കുട്ടികൾക്ക് വിദ്യാഭ്യാസം, വിനോദം, വിശ്രമവേള, സാംസ്കാരിക പ്രവർത്തനങ്ങൾ, അറിവിന്റെ ലഭ്യത, ചിന്താ സ്വാതന്ത്ര്യം, മന:സാക്ഷി, മതം തുടങ്ങിയവ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം, മുതലായവയുടെ അവകാശം.

c) സംരക്ഷണ അവകാശങ്ങൾ: ദുരുപയോഗം, അവഗണന, ചൂഷണം ഇവയിൽ നിന്ന് കുട്ടികളെ സുരക്ഷിതരാക്കുകയും അഭയാർത്ഥി കുട്ടികൾക്ക് പ്രത്യേക പരിചരണവും ഉറപ്പാക്കുക; കുറ്റകൃത്യനിയമ വ്യവസ്ഥയിൽ കുട്ടികളുടെ സുരക്ഷ,തൊഴിൽ മേഖലയിൽ കുട്ടികളുടെ സംരക്ഷണം; ദുരുപയോഗവും ചൂഷണവും അനുഭവിച്ച കുട്ടികൾക്ക് സംരക്ഷണവും പുനരധിവാസവും; മുതലായ അവകാശങ്ങൾ.

d) പങ്കാളിത്തത്തിനുള്ള അവകാശങ്ങൾ: അഭിപ്രായങ്ങൾ പ്രകടമാക്കുവാനുള്ള അവകാശം; സ്വന്തം ജീവിതത്തെ ബാധിക്കുന്ന കാര്യങ്ങളിൽ അവരുടെ താൽപര്യങ്ങൾ കണക്കിലെടുക്കാനുള്ള അവകാശം; സംഘടനകൾ രൂപികരിക്കുവാനും, സമാധാനപരമായി സമ്മേളിക്കുവാനുള്ള അവകാശം; കുട്ടികൾക്ക് ഉത്തരവാദിത്തമുള്ള പൗരൻമാരായി വളരുവാൻ, അവരുടെ കഴിവുകൾ വികസിക്കുന്നത് അനുസരിച്ച്, സമൂഹത്തിലെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ കൂടുതൽ അവസരങ്ങൾ നൽകണം.

## 3. ഭരണഘടന ഉറപ്പുകൾ

3.1 ദേശത്തിന്റെ പുരോഗതിക്കായി കുട്ടികളുടെ വികസനം അനിവാര്യമാണെന്നും അതിനു കുട്ടികളെ ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കണം എന്നുള്ള വസ്തുത ഭരണഘടനാ ശില്പികൾക്ക് വ്യക്തമായി അറിയാമായിരുന്നു. രാജ്യത്തെ പൗരന്മാരെപോലെത്തന്നെയാണ് കുട്ടികൾക്കും ഇന്ത്യൻ ഭരണഘടനയിൽ അവകാശങ്ങൾ നൽകിയിട്ടുള്ളത്. അവരുടെ പ്രത്യേക സ്ഥാനം മാനിച്ചു അവർക്കായി പ്രത്യേക നിയമനിർമ്മാണവും നടത്തിയിട്ടുള്ളതാണ്. കുട്ടിയുടെ അവകാശങ്ങളെകുറിച്ചുള്ള യുഎൻ കൺവെൻഷനിലെ മിക്ക അവകാശങ്ങളും ഭരണഘടനയിൽ മൗലികമായ അവകാശങ്ങളായും സംസ്ഥാന നയത്തിന്റെ നിർദ്ദേശ തത്ത്വങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

3.2 ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 22 പ്രകാരം എല്ലാ പൗരനും അവരുടെ ഇഷ്ടപ്രകാരമുള്ള ഒരു നിയമ അഭിഭാഷകനെ വെച്ച് പ്രതിരോധിക്കുവാനുള്ള മൗലീക അവകാശമുണ്ട്. നിയമ സേവനങ്ങളെ സംസ്ഥാന ചിലവിൽ ഉറപ്പാക്കുന്നതാണ് ജുവെനെയിൽ നീതി നിർവ്വഹണത്തിൽ പാലിക്കേണ്ട

മൗലീക തത്വം. എല്ലാ ശിശുവിനും സൗജന്യ നിയമ സഹായം കൊടുക്കുവാനുള്ള കടമ നിയമ സേവന അതോറിട്ടിയുടെതാണ്.

ഇന്ത്യൻ ഭരണഘടനയിൽ കുട്ടികളെ സംബന്ധിച്ചിട്ടുള്ള വ്യവസ്ഥകൾ ഇവയാണ്:

a) ഭരണഘടനയുടെ അനുഛേദം 14-ൽ, ഇന്ത്യയുടെ ഭൂവിഭാഗത്തിനകത്തുള്ള ഒരാൾക്കും നിയമത്തിന് മുന്നിലുള്ള സമത്വവും തുല്യമായ നിയമസംരക്ഷണവും ഭരണകൂടം നിഷേധിക്കാൻ പാടില്ലാത്തതാകുന്നു എന്ന് പ്രഖ്യാപിച്ചിരിക്കുന്നു.

b) ഭരണഘടനയുടെ അനുഛേദം 15(3)-ൽ, സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക വ്യവസ്ഥകൾ ഉണ്ടാക്കുന്നതിൽ നിന്നും ഭരണകൂടത്തെ തടയാൻ പറ്റുന്നതല്ല, എന്ന് പ്രഖ്യാപിച്ചിരിക്കുന്നു.

c) ഭരണഘടനയുടെ അനുഛേദം 21, ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള അവകാശം നൽകുന്നു.

d) ഭരണഘടനയുടെ അനുഛേദം 21എ പ്രകാരം, ആറു തൊട്ട് പതിനാലു വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുവാൻ ഭരണകൂടത്തിന് ബാദ്ധ്യതയുണ്ട്.

e) ഭരണഘടനയുടെ അനുഛേദം 23(1)-ൽ, മനുഷ്യക്കടത്ത്, നിർബന്ധിത തൊഴിൽ മുതലായവ നിരോധിക്കപ്പെട്ടിരിക്കുന്നു. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് ശിക്ഷാർഹമാണ്.

f) ഭരണഘടനയുടെ അനുഛേദം 24 പ്രകാരം, ബാലവേല നിരോധിച്ചിരിക്കുന്നു (പതിനാല് വയസ്സിനു താഴെയുള്ള കുട്ടികൾ).

g) ഭരണഘടനയുടെ അനുഛേദം 29(2)-ൽ, ഒരു പൗരനും മതം ജാതി ഭാഷ മുതലായവയുടെ അടിസ്ഥാനത്തിൽ ഏതൊരു സർക്കാർ വിദ്യാഭ്യാസ സ്ഥാപനത്തിലോ സർക്കാർ ധനം സ്വീകരിച്ച് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനത്തിലോ പ്രവേശനം നിഷേധിക്കരുത്, എന്ന് പ്രഖ്യാപിക്കുന്നു.

h) ഭരണഘടനയുടെ അനുഛേദം 39(e)-ൽ, തൊഴിലാളികളുടെ ആരോഗ്യവും ശക്തിയും സുരക്ഷിതമാക്കുവാനും, കുട്ടികളുടെ ഇളംപ്രായത്തെ ചൂഷണം ചെയ്യാതിരിക്കുവാനും, സാമ്പത്തിക ആവശ്യം മൂലം യാതൊരു പൗരനും അവരുടെ പ്രായത്തിനു അനുയോജ്യമല്ലാത്ത ഒരു പ്രവർത്തിയാൽ നിർബന്ധിതമായി ഏർപ്പെടുന്ന അവസ്ഥ തടയുവാനും വേണ്ടി, ഭരണകൂടം അതിന്റെ നയങ്ങൾ രൂപകൽപന ചെയ്യുവാൻ പ്രഖ്യാപിച്ചിരിക്കുന്നു.

i) ഭരണഘടനയുടെ അനുഛേദം 39(f)-ൽ, കുട്ടികൾ ആരോഗ്യകരമായ ഒരു അന്തരീക്ഷത്തിൽ വളരുവാനുള്ള അവസരങ്ങളും സൗകര്യങ്ങളും സ്വാതന്ത്ര്യവും അന്തസ്സും ലഭ്യമാകുന്നതിനും അവരുടെ ബാല്യവും യുവത്വവും

ചൂഷണത്തിൽ നിന്നും അസാന്മാർഗ്ഗികതയിൽനിന്നും സംരക്ഷിക്കുവാനും വേണ്ടി, സ്റ്റേറ്റ് അതിന്റെ നയങ്ങൾ രൂപപ്പെടുത്തുവാൻ പ്രഖ്യാപിച്ചിരിക്കുന്നു.

j) ഭരണഘടനയുടെ അനുച്ഛേദം 45-ൽ, ശൈശവാസ്ഥ മുതലുള്ള ശ്രദ്ധയും, 6 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസവും അനുവദിക്കുന്നു.

k) ഭരണഘടനയുടെ അനുച്ഛേദം 47-ൽ, പോഷകാഹാര നിലവാരവും ജീവിത നിലവാരവും ഉയർത്തുന്നതും, പൊതു ആരോഗ്യം മെച്ചപ്പെടുത്തുന്നതും ഭരണകൂടം അതിന്റെ പ്രാഥമിക കർത്തവ്യമായി പരിഗണിക്കണം, എന്ന് പ്രഖ്യാപിച്ചിരിക്കുന്നു.

l) ഭരണഘടനയുടെ അനുച്ഛേദം 51A(k)-പ്രകാരം, എല്ലാ മാതാപിതാക്കളും രക്ഷകർത്താക്കളും അവരുടെ 6 തൊട്ടു 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ അവസരങ്ങൾ നൽകുക എന്നത് എല്ലാ മാതാ പിതാക്കളുടെയും രക്ഷിതാക്കളുടെയും കർത്തവ്യമായി പ്രഖ്യാപിച്ചിരിക്കുന്നു.

## 4. മറ്റു നിയമങ്ങൾ

ഭരണഘടനക്ക് പുറമേ കുട്ടികളെ സംബന്ധിച്ച ഒട്ടേറെ നിയമങ്ങൾ ഉണ്ട്. അവയിൽ ചിലത് ഇവയൊക്കെയാണ് :

a) **ദി ഗാർഡിയൻസ് ആൻഡ് വാർഡ്സ് നിയമം 1890**

കുട്ടികളുടെ രക്ഷകർത്താക്കൾക്ക് ആവശ്യമായ യോഗ്യതകൾ, അവരുടെ നിയമനവും നീക്കംചെയ്യലും എന്നിവ കോടതി മുഖാന്തരം കൈകാര്യം ചെയ്യുന്ന നിയമമാണിത്. ഇവ മതഭേദമന്യേ എല്ലാ കുട്ടികൾക്കും ബാധകവുമാണ്.

b) **ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം 1986**

കുട്ടികളെ ചില തൊഴിലുകൾ ചെയ്യിപ്പിക്കുന്നതിൽ നിന്നും നിരോധിക്കുവാനും അവരുടെ മറ്റ് തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുമാണ് ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നത്. ഈ നിയമപ്രകാരം 14 വയസ്സ് തികയാത്തവരെയാണ് കുട്ടി എന്ന് കണക്കാക്കുന്നത്. ഇത്തരം കുട്ടികളെ നിർദ്ദിഷ്ട തൊഴിലുകളിലും നിന്നും പ്രക്രിയകളിലും ഏർപ്പെടുത്തുന്നത് വിലക്കുകയാണ് ഈ നിയമത്തിന്റെ ലക്ഷ്യം.

c) **ദി പ്രീ-നേറ്റൽ ഡയഗനോസ്റ്റിക് ടെക്നിക്ക് (ദുരുപയോഗ നിയന്ത്രണവും തടയലും) നിയമം 1994.**

ജെനറ്റിക് അഥവാ മെറ്റാബോളിക് അഥവാ ക്രോമോസോമൽ അസ്വാഭാവികതയോ, നൈസർഗിക അസ്വാഭാവികതയോ, ലിംഗവുമായി ബന്ധപ്പെട്ട ക്രമ

ക്കേടുകളൊ കണ്ടുപിടിക്കുവാൻ ഉപയോഗിക്കുന്ന പ്രീ-നേറ്റൽ ഡയഗനോസ്റ്റിക് ടെക്നിക്കുകളുടെ നിയന്ത്രണം ഈ നിയമം നൽകുന്നു. ഇത് കൂടാതെ, ഗർഭസ്ഥ ശിശുവിന്റെ ലിംഗ നിർണ്ണയത്തിനു വേണ്ടി അത്തരം സാങ്കേതികത വിദ്യയുടെ ദുരുപയോഗം തടയാനുമുള്ള വ്യവസ്ഥകൾ, ഈ നിയമം നൽകുന്നു.

d) **ജുവനൈയിൽ ജസ്റ്റിസ് (കുട്ടികളുടെ പരിപാലനവും സംരക്ഷണവും) നിയമം, 2000.**

ഈ നിയമം, പരിപാലനവും സംരക്ഷണവും ആവശ്യമുള്ള കുട്ടികളേയും നിയമ ലംഘനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളേയും സംബന്ധിച്ചുള്ള നിയമങ്ങൾ കൈകാര്യം ചെയ്യുന്നു. അവരുടെ വികസന ആവശ്യങ്ങൾക്കായി അവർക്ക് വേണ്ടത്ര പരിപാലനവും സംരക്ഷണവും പരിചരണവും നൽകുന്നു. കുട്ടിക ളുടെ ഏറ്റവും മികച്ച താൽപര്യാനുസൃതം കാര്യങ്ങളുടെ ന്യായനിർണ്ണയ ത്തിനും നിർവ്വഹണത്തിനും, നിയമം പ്രകാരം സ്ഥാപിതമായ വിവിധ സ്ഥാപ നങ്ങളിൽ അവരുടെ പുനരധിവാസത്തിനുമായും ഒരു ശിശു സൗഹൃദ സമീ പനം സ്വീകരിക്കുവാനാണ് ഈ നിയമം ലക്ഷ്യമിടുന്നത്.

e) **ശിശു അവകാശ സംരക്ഷണത്തിനായുള്ള കമ്മീഷൻസ് നിയമം, 2005.**

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനായി ദേശീയ കമ്മീഷനും സംസ്ഥാന കമ്മീഷനും രൂപീകരിക്കുവാനുള്ള വ്യവസ്ഥകൾ ഈ നിയമം നൽകുന്നു. ഇതിനു പുറമേ, കുട്ടികൾക്ക് നേരെയുള്ള കുറ്റങ്ങളുടെയും അവ രുടെ അവകാശ ലംഘന കുറ്റങ്ങളുടെയും വിചാരണ എത്രയും പെട്ടെന്ന് നട പ്പിലാക്കുവാൻ വേണ്ടി ബാല കോടതി സ്ഥാപിക്കുവാനുള്ള വ്യവസ്ഥകളും ഈ നിയമം നൽകുന്നു.

f) **ശൈശവ വിവാഹ നിരോധന നിയമം, 2006**

ഈ നിയമം, ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഏറ്റവും കുറഞ്ഞ പ്രായം വിവരിച്ചുകൊണ്ട്, ശൈശവ വിവാഹം നിരോധിച്ചിരിക്കുന്നു. (f) ശൈശവ വിവാഹ നിരോധന ആക്റ്റ്, 2006-ലെ 2(a) വകുപ്പ് പ്രകാരം വിവാഹത്തിന് ആൺകുട്ടികൾക്ക് 21 വയസ്സും പെൺകുട്ടികൾക്ക് 18 വയസ്സും പൂർത്തിയായിരി ക്കേണ്ടതാണ്.

g) **സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുവാനുള്ള കുട്ടിക ളുടെ അവകാശ നിയമം, 2009.**

ഭരണഘടനയുടെ അനുഛേദം 21എ പ്രകാരം ആറു തൊട്ട് പതിനാലു വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുവാൻ ഭരണകൂടം ബാധ്യസ്ഥമാണ്. ഇത് പ്രകാരമുള്ള നിയമമാണ് ഈ നിയമത്തിലൂടെ നിർമ്മിച്ചിരിക്കുന്നത്. ആറു തൊട്ട് പതിനാലു വയസ്സ് വരെ യുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം

ഈ നിയമ പ്രകാരം നൽകപെടുന്നു.

h) **ലൈംഗിക കുറ്റങ്ങളിൽ നിന്നും കുട്ടികളുടെ സംരക്ഷണ നിയമം, 2012**

ലൈംഗികമായ അക്രമങ്ങളിൽ നിന്നും ലൈംഗികമായ പീഡനങ്ങളിൽ നിന്നും അശ്ലീലസാഹിത്യത്തിൽ നിന്നും കുട്ടികളെ സംരക്ഷിക്കുവാനുള്ള നിയമമാണിത്. ഇത് കൂടാതെ അത്തരം കുറ്റങ്ങളുടെ വിചാരണ ചെയ്യുവാൻ സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുവാനും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

**5. നിയമ സേവനത്തിനുള്ള അധികാരാവകാശം**

5.1 നിയമ സേവന അതോറിട്ടീസ് ആക്റ്റ്, 1987 പ്രകാരം നൽകുന്ന നിയമ സേവനങ്ങളുടെ ഗുണഭോക്താക്കളായി കുട്ടികളെ ഉൾപ്പെടുത്തിയിരിക്കുന്നു. ഏതൊരു വ്യക്തിക്കും, സാമ്പത്തികമായോ അല്ലെങ്കിൽ മറ്റ് വൈകല്യങ്ങൾ മൂലമോ, നീതി നിഷേധിക്കാതിയിരിക്കാൻ വേണ്ടി സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യവും പര്യാപത്‌വുമായ നിയമ സേവനങ്ങൾ നൽകുന്ന നിയമ സേവന അതോറിട്ടികൾ രൂപീകരിക്കുവാനായിട്ടാണ് മേൽപറഞ്ഞ നിയമം നിർമ്മിച്ചിരിക്കുന്നത്.

5.2 നിയമ സേവന അതോറിട്ടീസ് ആക്റ്റ്, 1987 സെക്ഷൻ 12(സി) പ്രകാരം ഒരു കേസ് ഫയൽ ചെയ്യുവാനോ പ്രതിരോധിക്കുവാനോ ഏതൊരു കുട്ടിക്കും നിയമ സേവനങ്ങൾക്ക് അധികാരാവകാശമുണ്ട്. ആയതിനാൽ നിയമ ലംഘനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജുവനൈലുകൾക്ക് സൗജന്യ നിയമ സേവനം നൽകുവാനും കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുവാനും വിവിധ സംസ്ഥാന നിയമ സേവന സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു.

5.3 ഈ പശ്ചാത്തലത്തിൽ, നിയമ സേവന സ്ഥാപനങ്ങൾ (സംസ്ഥാന നിയമ സേവന അതോറിട്ടി, സുപ്രീം കോടതിയുടെ നിയമ സേവന കമ്മിറ്റി, ഹൈക്കോടതിയുടെ നിയമ സേവന കമ്മിറ്റി, ജില്ല നിയമ സേവന അതോറിറ്റി, താലൂക്ക് നിയമ സേവന കമ്മിറ്റി), കുട്ടികൾക്ക് നിയമ സേവനം നൽകുമ്പോൾ പാലിക്കേണ്ടതായ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

**6 പദ്ധതിയുടെ പേര്**

ഈ പദ്ധതിയെ NALSA (ശിശു സൗഹൃദ നിയമ സേവനങ്ങളും അവരുടെ സംരക്ഷണവും) പദ്ധതി 2015 എന്ന് വിളിക്കപ്പെടും.

**7. നിർവചനങ്ങൾ**

ഈ സ്കീമിൽ മറ്റൊരു പശ്ചാത്തലം ആവശ്യപ്പെടുന്നില്ലെങ്കിൽ,

a) ''ആക്റ്റ്'' അർത്ഥമാക്കുന്നത് നിയമ സേവന അതോറിട്ടീസ് ആക്റ്റ്, 1987.

b) ''JJ ആക്റ്റ്'' അർത്ഥമാക്കുന്നത് ജുവനൈൽ നീതി (കുട്ടികൾക്ക് വേണ്ടിയുള്ള

പരിചരണവും സംരക്ഷണവും) ആക്റ്റ്, 2000.

c) "JJ റൂൾസ്" അർത്ഥമാക്കുന്നത് ജുവനൈൽ നീതി (കുട്ടികൾക്ക് വേണ്ടിയുള്ള പരിചരണവും സംരക്ഷണവും) ചട്ടങ്ങൾ 2007

d) "നിയമ സേവനം" നിയമ സേവന അതോറിട്ടീസ് ആക്റ്റ്, 1987 ന്റെ സെക്ഷൻ 2 (C) ൽ നിർവചിച്ചിരിക്കുന്ന അതേ അർത്ഥം.

e) "നിയമ സേവന ക്ലിനിക്" - അർത്ഥമാക്കുന്നത് ദേശീയ നിയമ സേവന അതോറിറ്റി (നിയമ സേവന ക്ലിനിക്സ്) റെഗുലേഷൻ 2011 ന്റെ റെഗുലേഷൻ 2 (c) ൽ ക്ലിനിക് നിർവ്വചിച്ചിരിക്കുന്നത് പോലെയാണ്.

f) "നിയമ സേവന സ്ഥാപനങ്ങൾ" - സംസ്ഥാന നിയമ സേവന അതോറിറ്റി, സുപ്രീം കോടതിയുടെ നിയമ സേവന കമ്മിറ്റി, ജില്ല നിയമ സേവന അതോറിറ്റി, താലൂക്ക് നിയമ സേവന കമ്മിറ്റി മുതലായ ഏതെങ്കിലും സ്ഥാപനം.

g) "പാനൽ അഭിഭാഷകർ" - അർത്ഥമാക്കുന്നത് ദേശീയ നിയമ സേവന അതോറിറ്റി (സൗജന്യവും പര്യാപ്തവുമായ നിയമ സേവനങ്ങൾ) റെഗുലേഷൻ 2010ന്റെ റെഗുലേഷൻ 8 പ്രകാരം തിരഞ്ഞെടുക്കപ്പെട്ട പാനൽ അഭിഭാഷകർ.

h) "പാരാലീഗൽ വോളണ്ടിയർ" - അർത്ഥമാക്കുന്നത് പാരാലീഗൽ വോളണ്ടിയർക്കായുള്ള NALSA യുടെ സ്കീമിലും PLV പരിശീലനത്തിനായുള്ള ഓറിയന്റേഷൻ ഇൻഡക്ഷൻ റിഫ്രഷർ കോഴ്സുകളിലും പരിശീലനം നേടിയവരും അങ്ങനെ നിയമിതരുമായ പാരാലീഗൽ വോളണ്ടിയർമാർ എന്നാണ്.

i) ഈ സ്കീമിൽ ഉപയോഗിച്ചിരിക്കുന്നതും നിർവചിച്ചിക്കാത്തതുമായ മറ്റ് എല്ലാ വാക്കുകൾക്കും, നിയമ സേവന അതോറിറ്റീസ് ആക്റ്റ് 1987ലോ, ദേശീയ നിയമ സേവന അതോറിറ്റി റൂൾസ് 1995 ലോ, ദേശീയ നിയമ സേവന അതോറിറ്റി (സൗജന്യവും പര്യാപ്തവുമായ നിയമ സേവനങ്ങൾ) റെഗുലേഷൻ 2010 ലോ നിർവചിച്ചിരിക്കുന്ന അതേ അർത്ഥമാണ്.

## 8. <u>പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ</u>

8.1 ഡൽഹിയിൽ 16 വയസ്സുള്ള "X" മൊബൈൽ ഫോൺ മോഷ്ടിച്ചതിന് പ്രതിയാണ്. മുംബൈയിൽ 12 വയസ്സുള്ള "Y" ലൈംഗീകമായ പീഡനത്തിന് ഇരയാണ്. കൊൽക്കൊത്തയിൽ 10 വയസ്സുള്ള "Z" ന്റെ സംരക്ഷണത്തിനുള്ള അവകാശത്തെ ചൊല്ലി മാതാപിതാക്കൾ തർക്കത്തിലാണ്. ചെന്നൈയിൽ 13 വയസ്സുള്ള "S" എന്ന കുട്ടിയെ മനുഷ്യക്കടത്തിൽ നിന്ന് രക്ഷപ്പെടുത്തി. ഇതുപോലെ ദിവസേന അനേകം കുട്ടികൾ നിയമത്തിന്റെ സമ്പർക്കത്തിൽ വരുന്നുണ്ട്. അതിനാൽ അവരുടെ ഭാവി ജീവിതത്തെ സ്വാധീനിക്കാൻ സാധ്യതയുള്ള തീരുമാനങ്ങൾ ഔദ്യോഗികമായതും അനൗദ്യോഗികമായതുമായ നീതി നിർവഹണം നടത്തുന്നവർ എടുക്കുന്നു. നിയമത്തിന്റെ സമ്പർക്കത്തിൽ വരുന്ന കുട്ടി

കൾക്കുള്ള അവകാശങ്ങൾ എന്തൊക്കെ ? അവർക്ക് ഏതെങ്കിലും തരത്തിലുള്ള നിയമ സഹായത്തിനു അർഹത ഉണ്ടോ? ഉണ്ടെങ്കിൽ, അത് പ്രതിസന്ധിയിലായതും ആവശ്യമുള്ളതുമായ കുട്ടികൾക്ക് ലഭ്യമാക്കുവാനുള്ള ഏറ്റവും ഉചിതമായ വഴി ഏത്? സേവനപരവും സാമ്പത്തികവുമായ പരിമിതികൾക്കുള്ളിൽനിന്ന് മേൽപറഞ്ഞ നിയമ സേവനങ്ങൾ, ശിശു സൗഹൃദപരമായി എങ്ങനെ നടപ്പിലാക്കും? ശിശു സൗഹൃദപരമായ നീതിയെന്ന ആശയം എങ്ങനെയാണ് അനൗദ്യോഗികമായ നീതിന്യായ വ്യവസ്ഥയിൽ നടപ്പിലാവുന്നത്? ഈ പദ്ധതിയുടെ ലക്ഷ്യം മേൽപറഞ്ഞ ചോദ്യങ്ങൾ അഭിസംബോധന ചെയ്യുവാനുള്ള ഒരു പ്രായോഗികമായ ചട്ടക്കൂട് നിർദ്ദേശിക്കാനും, കുട്ടികൾക്ക് അർത്ഥവത്തായതും ഫലപ്രദമായതും സാമ്പത്തികമായി താങ്ങാവുന്നതും പ്രായത്തിന് ചേരുന്നതുമായ നിയമ സഹായം നൽകുവാനും കൂടെയാണ്.

## 8. പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ

8.2 പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയൊക്കെയാണ്:-

(i) കുട്ടികൾക്ക് ലഭിക്കേണ്ട അടിസ്ഥാന അവകാശങ്ങളുടേയും ആനുകൂല്യങ്ങളുടേയും രൂപരേഖ തയ്യാറാക്കുക.

(ii) എല്ലാ തലങ്ങളിലും പരിരക്ഷയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും നിയമലംഘനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്കും നിയമപരമായ പ്രാതിനിധ്യം ഉറപ്പാക്കുക.

(iii) ദേശീയ, സംസ്ഥാന, ജില്ല, താലൂക്ക് തലങ്ങളിലും നിയമ സേവനങ്ങൾ, സ്ഥാപന പരിചരണം, പിന്തുണ സേവനങ്ങൾ എന്നിവ ശക്തിപ്പെടുത്തുക.

(iv) കുട്ടികളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും അവരുടെ അവകാശങ്ങൾ ബഹുമാനിക്കുകയും വ്യക്തി സ്വാതന്ത്ര്യത്തെ മാനിക്കുകയും ചെയ്യുന്ന ഒരു ജുവനൈൽ നീതി സമ്പ്രദായം സൃഷ്ടിക്കുക.

(v) എല്ലാ തലങ്ങളിലും, PLVs, പാനൽ അഭിഭാഷകർ, ഉപദേശകർ, സേവനം അനുഷ്ടിക്കുന്നവർ, NGOs, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ് നീതി നിർവ്വഹണ ഓഫീസർമാർ മറ്റു ബന്ധപ്പെട്ട സംസ്ഥാന വകുപ്പുകൾ മുതലായ എല്ലാ പ്രവർത്തകരുടെയും ശേഷി വർദ്ധിപ്പിക്കാൻ, ശിശു സൗഹൃദ നിയമ സേവനങ്ങൾ നല്കുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുക.

(vi) JJBs, CWCs മറ്റു ക്ഷേമ കമ്മിറ്റികൾ, ഒബ്സർവേഷൻ ഹോം, ഷെൽട്ടർ ഹോം, മാനസീക ആരോഗ്യ നിലയമോ, ആശുപത്രിയോ, മാനസികാരോഗ്യ നഴ്സിംഗ് ഹോം, കമ്മീഷനുകൾ, ബോർഡുകൾ, പ്രൊബേഷൻ ഓഫീസർമാരുടെ ഓഫീസ് എന്നിവ പോലെയുള്ള ശിശു സൗഹൃദ നിയമനിർമ്മാണത്തിന്റെ കീഴിൽ വരുന്ന അതോറിറ്റികളും സ്ഥാപനങ്ങളും രൂപീകരിച്ചു എന്ന ഉറപ്പ് വരുത്തുക.

(vii) ശിശു ക്ഷേമത്തിനും പരിരക്ഷയ്ക്കുമായി, എല്ലാ ദേശീയ/സംസ്ഥാന പദ്ധതികൾ നയങ്ങൾ, നിയന്ത്രണങ്ങൾ, പോലീസ് നിർദ്ദേശങ്ങൾ, കൺവെൻഷനുകൾ, ചട്ടങ്ങൾ, പ്രഖ്യാപനങ്ങൾ, അഭിപ്രായങ്ങൾ, റിപ്പോർട്ടുകൾ മുതലായവയെല്ലാം അടങ്ങുന്ന വിവരണ വസ്തുതകൾ ഉണ്ടാക്കുക.

(viii) പൊതുജനങ്ങളിൽ പ്രത്യേകിച്ച് PLVs, പാനൽ അഭിഭാഷകർ, JJB &CWCs യുടെ അംഗങ്ങൾ, ക്ഷേമ പ്രവർത്തകർ, ഉപദേശകർ, പ്രൊബേഷൻ ഓഫീസർമാർ, പോലീസ് പബ്ലിക് പ്രോസിക്യൂട്ടർ, ജുഡീഷ്യൽ ഓഫീസർമാർ, വിവിധ ഹോമുകളിലെ ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ മുതലായ എല്ലാ തലങ്ങളിലും ശിശു സംരക്ഷണ സേവനങ്ങളുടെയും സ്കീമുകളുടെയും ഘടനകളുടെയും ബോധവത്ക്കരണം നടത്തുക.

(ix) മുതിർന്ന പോലീസ് ഓഫീസർമാർ, SJPUs PJWOs PLVs പാനൽ അഭിഭാഷകർ JJB & CWC യുടെ അംഗങ്ങൾ, ക്ഷേമ പ്രവർത്തകർ, ഉപദേശകർ, പ്രൊബേഷൻ ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ, വിവിധ ഹോമുകളിലെ ഉദ്യോഗസ്ഥർ മുതലായ എല്ലാവർക്കും നൈപുണ്യവികസനവും ഉത്തരവാദിത്വബോധവും വരുത്താൻ പരിശീലനവും ഓറിയന്റേഷനും നൽകുന്നതിനുള്ള പരിപാടികൾ നടത്തുക.

(x) കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിലും പദ്ധതികളിലും സെമിനാറുകൾ, സമ്മേളനങ്ങൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുക.

(xi) കുട്ടികളുടെ അവകാശങ്ങളുടെ ഉത്തരവാദിത്വം ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ സംസ്ഥാന പ്രവർത്തകരും സ്ഥാപനങ്ങളും അതോറിട്ടീസും NGOs ഉം മറ്റു സംഘടനകളും തമ്മിൽ ഫലപ്രദമായ ഏകോപനവും സമ്പർക്കവും വളർത്തുക.

(xii) വിവിധ പദ്ധതികളിലും നിയമങ്ങളിലും ഗവേഷണവും ഡോക്യുമന്റേഷനും നടത്തി, അതിലുള്ള വിടവുകൾ തിരിച്ചറിഞ്ഞ് ബന്ധപ്പെട്ട അധികൃതർക്ക് അത് തിരുത്തുവാനുള്ള നിർദ്ദേശങ്ങൾ നൽകുക.

**9. എല്ലാ തലങ്ങളിലേയും നിയമ സേവന സ്ഥാപനങ്ങൾ പാലിക്കേണ്ട പ്രധാനപ്പെട്ട തത്ത്വങ്ങൾ:-**

9.1 കുട്ടിയുടെ ഏറ്റവും മികച്ച താൽപര്യം:- നിയമ സേവനം ലഭിക്കുന്ന, എല്ലാ പരിചരണവും പരിരക്ഷയും വേണ്ട കുട്ടികൾക്കും, നിയമ ലംഘനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്കും, അവരുടെ താൽപര്യങ്ങൾക്ക് പ്രാഥമിക പരിഗണന കിട്ടുവാനുള്ള അവകാശം ഉണ്ട്.

9.2 ശിശുക്ഷേമം:- ശിശുക്ഷേമത്തിനായിരിക്കണം മുൻഗണന. ശിശുവിന്റെ ക്ഷേമത്തിനായി തുടക്കംമുതലുള്ള ഇടപെടലുകളും പിന്തുണയും ലഭ്യമാക്കണം.

9.3 അന്തസ്സിനുള്ള അവകാശം:- എല്ലാ ശിശുക്കൾക്കും അന്തസ്സും അനുകമ്പയുമുള്ള പെരുമാറ്റം ലഭിക്കുവാനുള്ള അവകാശമുണ്ട്. അത് ബഹുമാനിക്കുകയും സംരക്ഷിക്കുകയും വേണം.

9.4 അസമത്വവും വിവേചനവുമില്ലാതെയിരിക്കാനുള്ള അവകാശം:- ജാതി, മതം, വിശ്വാസങ്ങൾ, പ്രായം കുടുംബനില, സംസ്ക്കാരം, ഭാഷ, വംശീയത, വൈകല്യം, ജനനസ്ഥലം മുതലായ യാതൊരു തരത്തിലും കുട്ടികളെ വിവേചനം ചെയ്യാൻ പാടില്ല.

9.5 പറഞ്ഞുകേൾപ്പിക്കാനുള്ള അവകാശം:- എല്ലാ കുട്ടികൾക്കും അറിവ് ലഭിക്കുവാനും പറഞ്ഞുകേൾപ്പിക്കാനും സ്വന്തം ആശയങ്ങളെ പ്രകടിപ്പിക്കുവാനുമുള്ള അവകാശം ഉണ്ട്.

9.6 സുരക്ഷിതത്വത്തിനുള്ള അവകാശം:- എല്ലാ കുട്ടികൾക്കും എല്ലാ തലങ്ങളിലും സുരക്ഷിതത്വത്തിനുള്ള അവകാശം ഉണ്ട്. കുട്ടികളെ വേദനിപ്പിക്കുവാനോ ദുരുപയോഗം ചെയ്യുവാനോ അവഗണിക്കാനോ പാടില്ല.

9.7 സ്വകാര്യതയ്ക്കുള്ള അവകാശം:- എല്ലാ തലങ്ങളിലും കുട്ടികളുടെ സ്വകാര്യത നിയമ സേവന സ്ഥാപനങ്ങൾ സംരക്ഷിക്കണം.

**10. കർമ്മ പദ്ധതി**

**10.1 ബോർഡുകളുടേയും സമിതികളുടെയും കമ്മീഷനുകളുടേയും രൂപീകരണം.**

a) JJ ആക്ടിന്റെ വകുപ്പ് 4 പ്രകാരം സംസ്ഥാന സർക്കാരിനു എല്ലാ ജില്ലയിലും ജുവനൈൽ ജസ്റ്റീസ് ബോർഡ് രൂപീകരിക്കുവാനുള്ള അധികാരമുണ്ട്. സാധാരണ കോടതികൾക്ക് പുറമേ ഇത്തരം ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ എല്ലാ ജില്ലയിലും സ്ഥാപിക്കേണ്ട ചുമതല SLSA കൾക്കാണ്. ഇത് നടപ്പിലാക്കുവാൻ SLSA സംസ്ഥാന സർക്കാരുകളുമായി ഈ വിഷയം അടിയന്തിര അടിസ്ഥാനത്തിൽ എടുക്കേണ്ടതാണ്.

b) JJ ആക്ടിന്റെ സെക്ഷൻ 29 പ്രകാരം സംസ്ഥാന സർക്കാരിനു ശിശുക്ഷേമ കമ്മിറ്റികൾ രൂപീകരിക്കുവാനുള്ള അനുവാദമുണ്ട്. ഈ കമ്മറ്റിയിൽ സംസ്ഥാന സർക്കാർ നിയമിച്ച ഒരു ചെയർപേഴ്സനും, ഒരു സ്ത്രീ ഉൾപ്പെടെ നാലു അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരം ശിശു ക്ഷേമ കമ്മറ്റികൾ എല്ലാ ജില്ലയിലും സ്ഥാപിക്കേണ്ട ചുമതല SLSA ക്കാണ്. ഇത് നടപ്പിലാക്കാത്തിടത്ത് SLSA സംസ്ഥാന സർക്കാരുമായി ഈ വിഷയം അടിയന്തിര അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിൽ വരുത്തേണ്ടതാണ്.

c) JJ ആക്റ്റ് പ്രകാരം നിയമലംഘനം നടത്തുന്ന ജുവനൈലുകളെ കൈകാര്യം ചെയ്യുവാൻ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് രൂപീകരിക്കേണ്ടതാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജുവനൈലുകളെ കൈകാര്യം ചെയ്യു

വാൻ പ്രത്യേക നിർദ്ദേശവും പരിശീലനവും നേടിയ ഒരു പോലീസ് ഓഫീസറെ എങ്കിലും ജുവനൈൽ/ശിശു ക്ഷേമ ഓഫീസറായി നിയമിച്ചിരിക്കണം.

d) നിയുക്ത ജുവനൈൽ ക്ഷേമ ഓഫീസർമാരുമാരുമായും SJPU അംഗങ്ങളുമായും ബന്ധപ്പെടുന്നതിനുള്ള വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക തയ്യാറാക്കി എല്ലാ പോലീസ് സ്റ്റേഷനിലും പ്രദർശിപ്പിക്കേണ്ടതാണ്.

e) JJ ആക്ടിന്റെ വകുപ്പ് 62 എ പ്രകാരം എല്ലാ സംസ്ഥാന സർക്കാരും സംസ്ഥാനത്തിനും ഓരോ ജില്ലക്കുമായി ശിശു സംരക്ഷണ യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്. ഇത് കൂടാതെ എല്ലാ ജില്ലകളിലും പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ കാര്യങ്ങളിൽ മുൻകൈ എടുക്കുകയും വേണം. SLSA കൾ എല്ലാ ജില്ലകളിലും ഓരോ ശിശുസംരക്ഷണ യൂണിറ്റ് സ്ഥാപിച്ചു എന്നുറപ്പുവരുത്തേണ്ടതാണ്.

f) ശിശു അവകാശ സംരക്ഷണ കമ്മീഷൻ ആക്ട് 2005ന്റെ സെക്ഷൻ 17 പ്രകാരം ഓരോ സംസ്ഥാനവും ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കാൻ ബാധ്യസ്ഥരാണ്. മേൽപറഞ്ഞ കമ്മീഷൻ രൂപീകരിക്കേണ്ട ചുമതലയും അതിന്റെ ഫലപ്രദമായ പ്രവർത്തനം നോക്കിനടത്തേണ്ടതും SLSA ആണ്. (അനാഥാലയങ്ങളിൽ കുഞ്ഞുങ്ങളുടെ ചൂഷണം - State of Tamil Nadu v. Union of India (2014) 2 SCC 180)

g) ശൈശവ വിവാഹ നിരോധന ആക്ട് 2006-ന്റെ സെക്ഷൻ 16 പ്രകാരം സംസ്ഥാന സർക്കാരിനു ശൈശവ വിവാഹം തടയാനും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുവാനുമായി ശൈശവ വിവാഹ നിരോധന ഓഫീസർമാരെ നിയമിക്കാനുള്ള അധികാരമുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ശൈശവ വിവാഹ നിരോധന ഓഫീസർമാരെ നിയമിക്കുവാൻ SLSA കൾ മുൻകൈ എടുക്കേണ്ടതാണ്.

### 10.2 നിരീക്ഷണ ഭവനവും അഭയ ഭവനവും

a) നിയമലംഘനം നടത്തുന്ന ജുവനൈലുകളെ ഒരു ഹോമിൽ സൂക്ഷിക്കുന്നതാണ്. ഇവരെ ജയിലുകളിലോ ലോക്കപ്പിലോ വയ്ക്കാൻ പാടുള്ളതല്ല. രണ്ടു തരത്തിലുള്ള ജുവനൈൽ ഹോമുകളാണ് ഉള്ളത്. ഒബ്സർവേഷൻ ഹോമും ഷെൽറ്റർ ഹോമും. ജുവനൈലിന് എതിരെ ബോർഡിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന കാലങ്ങളിൽ അവരെ നിരീക്ഷണ ഭവനത്തിലാണ് സൂക്ഷിക്കുന്നത്. മേൽ പറഞ്ഞ ഒബ്സർവേഷൻ ഹോം എല്ലാ ജില്ലയിലും സ്ഥാപിക്കേണ്ടതും നടത്തേണ്ടതുമായ ചുമതല സംസ്ഥാന സർക്കാരിന്റേതാണ്. (JJ ആക്റ്റ് സെക്ഷൻ 9 r/w റൂൾ 16(1)).

b) അതുപോലെ തന്നെ അന്വേഷണത്തിൽ കുറ്റം ചെയ്തതായി കണ്ടെത്തിയെങ്കിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും പ്രത്യേകമായി സൂക്ഷിക്കുന്ന

തിനായി എല്ലാ ജില്ലയിലും സ്പെഷ്യൽ ഹോമുകൾ സജ്ജമാക്കേണ്ടതാണ്. (JJ ആക്റ്റ് സെക്ഷൻ 9 r/w റൂൾ 16(1))

c) JJ ആക്റ്റിന്റെ സെക്ഷൻ 34 പ്രകാരം, കുട്ടികൾക്കെതിരെ അന്വേഷണം നടക്കുന്ന കാലയളവിൽ നൽകേണ്ട സംരക്ഷണവും പരിചരണവും അതിനു ശേഷവും വേണ്ടിവരുന്ന സംരക്ഷണത്തിനും ചികിത്സയ്ക്കും പഠനത്തിനും പരിശീലനത്തിനും വികസനത്തിനും പുനരധിവാസത്തിനും വേണ്ടി എല്ലാ ജില്ലയിലും ചിൽഡ്രൻസ് ഹോമുകൾ, ഒന്നുകിൽ തനിച്ചോ അല്ലെങ്കിൽ മറ്റു സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കൂടിയോ, സ്ഥാപിക്കുവാനും നിലനിർത്തുവാനുമുള്ള അധികാരം സംസ്ഥാന സർക്കാരിനുണ്ട്.

d) പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കായും നിയമലംഘനം നടത്തുന്ന കുട്ടികൾക്കായും സംസ്ഥാന സർക്കാർ സ്വയം നടത്തുന്നതോ സന്നദ്ധ സംഘടനകൾ നടത്തുന്നതോ ആയ ചിൽഡ്രൻസ് ഹോമുകളുടെയും ഷെൽറ്റർ ഹോമുകളുടെയും നിരീക്ഷണ ഹോമുകളുടേയും എണ്ണം ഉൾക്കൊള്ളുന്ന പുതുക്കിയ രേഖകൾ SLSA സൂക്ഷിക്കേണ്ടതാണ്.

e) JJ ആക്റ്റിന്റെ സെക്ഷൻ 34 r/w റൂൾ 71 പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കായി രൂപീകരിച്ച ഹോമുകളോ സ്ഥാപനങ്ങളോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

f) രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയോ ചെയ്യണം. (അനാഥാലയങ്ങളിലെ കുഞ്ഞുങ്ങളുടെ ചൂഷണം - State of Tamil Nadu v. Union of India (2014) 2 SCC 180) ഇത് നടപ്പിലാക്കുവാനായി SLSA കൾ സംസ്ഥാന സർക്കാരുമായി സംയോജിച്ച് ഈ വിഷയത്തിൽ മുൻകൈ എടുക്കേണ്ടതാണ്.

g) പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടിയും നിയമലംഘനം നടത്തുന്ന കുട്ടികൾക്ക് വേണ്ടിയും രജിസ്റ്റർ ചെയ്ത ഷെൽട്ടർ ഹോമുകളും, നിരീക്ഷണ ഹോമുകളും ശിശു പരിപാലന ഹോമുകളും മതിയായ എണ്ണത്തിൽ ഉണ്ടെന്നു ഉറപ്പാക്കേണ്ട ചുമതല SLSA ക്കാണ്.

h) ഓരോ ജില്ലയിലും ജില്ലാ സെക്രട്ടറി ചെയർപേഴ്സനും ഒരു പാനൽ അഭിഭാഷകനും പ്രൊബേഷൻ ഓഫീസറും അംഗങ്ങളായി ഉൾപെട്ടിട്ടുള്ള ഒരു ഒബ്സർവേഷൻ - ചിൽഡ്രൻസ് ഹോം കമ്മിറ്റി SLSA രൂപീകരിക്കേണ്ടതാണ്. മേൽപറഞ്ഞ കമ്മിറ്റി മാസത്തിൽ ഒരിക്കൽ എങ്കിലും അതാത് ജില്ലയിലുള്ള ഹോമുകൾ സന്ദർശിക്കുവാനായിട്ടുള്ള ഒരു കലണ്ടർ ഉണ്ടായിരിക്കേണ്ടതാണ്.

i) മേൽപറഞ്ഞ കമ്മിറ്റി നിരീക്ഷണ ഹോമുകൾ സ്പെഷ്യൽ ഹോമുകൾ ചിൽഡ്രൻസ് ഹോമുകൾ എന്നിവയുടെ സ്വഭാവം, ശിശു സൗഹൃദമായതാണെന്നും ഒരു ജയിൽ പോലെ അല്ല എന്നും നല്ല നിലവാരത്തിലുള്ള പരിര

ക്ഷയും സൗകര്യങ്ങളും ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ഈ ഹോമുകൾക്ക് ശുചീകരണവും ശുചിത്വവും, വസ്ത്രവും ശയ്യോപകരണങ്ങളും, ഭക്ഷണവും ആഹാരക്രമവും, വൈദ്യ പരിചരണവും മാനസിക ആരോഗ്യപരിരക്ഷയും, പ്രാഥമിക ആരോഗ്യ കേന്ദ്രവുമായി കൂടിചേർന്ന് പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഇതിൽ എന്തെങ്കിലും കുറവ് കണ്ടെത്തിയാൽ SLSA അത് അധികാരികളുമായി ബന്ധപ്പെട്ട് ശരിയാക്കേണ്ടതാണ്.

### 10.3 നിയമ സേവന ക്ലിനിക്കുകൾ

a) എല്ലാ ജില്ലയിലേയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലും ശിശു ക്ഷേമ കമ്മിറ്റികളിലും SLSA നിയമ സേവന ക്ലിനിക്കുകൾ സ്ഥാപിക്കേണ്ടതാണ്.

b) ക്ലിനിക്കുകളുമായി ബന്ധപ്പെടാനുള്ള പ്രസക്ത നമ്പറുകളും വിലാസങ്ങളും എല്ലാ സർക്കാർ ഓഫീസുകളിലും പോലീസ്, NGOs എന്നീ വകുപ്പുകളിലും അറിയിക്കേണ്ടതാണ്.

c) ക്ലിനിക്കുകളിൽ പാരാ ലീഗൽ വോളണ്ടിയർമാരെ നിയോഗിക്കേണ്ടതാണ്.

d) ബന്ധപ്പെടാനുള്ള നമ്പറുകളും മറ്റു വിവരങ്ങളും എല്ലാ സംസ്ഥാന-ജില്ല-താലൂക്ക് ഓഫീസുകളിലും SLSA കൾ പ്രദർശിപ്പിക്കേണ്ടതാണ്.

e) നിയമ സേവന ക്ലിനിക്കുകളുടെ പ്രവർത്തനം, അടിസ്ഥാന സൗകര്യങ്ങൾ, റെക്കോർഡ് പരിപാലനം, പാനൽ അഭിഭാഷകരുടെ സന്ദർശനം, നിയന്ത്രണം മുതലായ കാര്യങ്ങൾ മേൽനോട്ടം വഹിക്കുന്നത് ദേശീയ നിയമ സേവന അതോറിറ്റി (നിയമ സേവന ക്ലിനിക്സ്) റെഗുലേഷൻ 2011 പ്രകാരമായിരിക്കും.

f) എല്ലാ DLSAsഉം അതിന്റെ നിയന്ത്രണത്തിൽ ജില്ലയിലുള്ള വിദ്യാലയങ്ങളിൽ പ്രിൻസിപ്പലുമായി കൂടി ചേർന്ന് ഒരു നിയമ സാക്ഷരത ക്ലബ്ബ് സ്ഥാപിക്കേണ്ടതാണ്.

### 10.4 നിയമപരമായ പ്രാതിനിധ്യം

നിയമപരമായ വ്യവസ്ഥകൾ :

(a) സെക്ഷൻ 12(1) പ്രകാരം, കേസ് ഫയൽ ചെയ്യാനും പ്രതിരോധിക്കാനും ഏതൊരു കുട്ടിക്കും സൗജന്യ നിയമ സേവനം ലഭിക്കുന്നതാണ്.

(b) സംസ്ഥാന നിയമ സേവന അതോറിട്ടി വഴിയോ മറ്റു അംഗീകൃത വോളണ്ടറി നിയമ സേവന സംഘടനകൾ വഴിയോ സർവകലാശാല നിയമ സേവന ക്ലിനിക്കുകൾ വഴിയോ സൗജന്യ നിയമ സേവനം എല്ലാ കുട്ടികൾക്കും ലഭിക്കുന്നത് ഉറപ്പാക്കേണ്ട ചുമതല ബോർഡിന്റേതാണ്. JJ റൂൾസ് 3.1 (d) (iii) r/w 14(2)]

(c) ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെയും സംസ്ഥാന നിയമ സേവന അതോ

റിട്ടിയുടെയും നിയമ ഉദ്യോഗസ്ഥർ എല്ലാ കുട്ടികൾക്കും സൗജന്യ നിയമ സേവനങ്ങൾ വിസ്തൃതമാക്കേണ്ടതാണ്. (റൂൾ 14 (3)]

(d) കുട്ടിയുടെ കുടുംബത്തിനോ രക്ഷകർത്താവിനോ സാമ്പത്തികമായി കഴിവില്ലെങ്കിൽ, നിയമ സേവന അതോറിട്ടി ഒരു അഭിഭാഷകനെ നൽകേണ്ടതാണ്. [സെക്ഷൻ 40, protection of children from sexual offences act, 2005]

**SLSA യുടെ പങ്ക്**

1 (a) നിയമപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായ് പ്രത്യേകപരിശീലനം സിദ്ധിച്ചതും കുട്ടികളുടെ അവകാശ സംരക്ഷണത്തിൽ തല്പരരുമായ അഭിഭാഷകരുടെ ഒരു പ്രത്യേക പാനൽ SLSA രൂപീകരിക്കുകയും ഈ അഭിഭാഷകർ കുട്ടികളെ JJB, CWC മുതലായവയുടെ മുമ്പിൽ പ്രതിനിധീകരിക്കുകയും ഇതുവഴി കുട്ടിക്ക് ആവശ്യമായ ഫലപ്രദമായ നിയമപരിപരക്ഷയും സേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

b) കുട്ടികൾക്കായുള്ള നിയമ സേവനങ്ങൾ ഉയർന്ന നിലവാരമുള്ളതാണെന്ന് ഉറപ്പാക്കേണ്ട ചുമതല SLSAs കൾക്കാണ്. ഇതിനായി JJB ലും CWC ലും യോഗ്യതയുള്ളതും സംരക്ഷണത്തിൽ തൽപരരും, അർപ്പണമനോഭാവമുള്ള അഭിഭാഷകരുടെ പാനൽ വേണം.

c) SLSA, അഭിഭാഷകരുടെ പാനലിന്റെ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുകയും നിരീക്ഷിക്കുകയും ചെയ്യണം. ഇത് കൂടാതെ മിന്നൽ പരിശോധന നടത്തുവാനുള്ള സമ്പ്രദായവും വേണം.

d) പാനൽ അഭിഭാഷകനെ നിയോഗിച്ചിരിക്കുന്നിടത്ത് JJB / CWC ന്റെ മേലൊപ്പുള്ള പ്രവൃത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും അതാതു അഭിഭാഷകന്റെ പ്രതിഫലം.

e) ഓരോ കുട്ടിക്കും നിയമപരമായിയുള്ള പ്രാതിനിധ്യവും സൗജന്യ നിയമസഹായവും നൽകുന്നതിന് JJB യിലും CWC യിലും സ്ഥാപിച്ചിരിക്കുന്ന നിയമ ക്ലിനിക്കും നിയമ സേവകരും പാനൽ അഭിഭാഷകരും തമ്മിലുള്ള ഫലപ്രദമായ ഏകോപനം ഉറപ്പാക്കേണ്ട ചുമതല SLSA നാണ്.

**10.5 പരിശീലനം & ഓറിയന്റേഷൻ പരിപാടി**

a) എല്ലാ പോലീസ് സ്റ്റേഷനിലും നിയോഗിച്ചിരിക്കുന്ന കുട്ടികൾക്കായിട്ടുള്ളതോ ആയ ക്ഷേമ പ്രവർത്തകരെയും, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് അംഗങ്ങളെയും, പരിശീലിപ്പിക്കുവാനായി NALSA നൽകിയ മാർഗ്ഗരേഖകളെല്ലാം SLSA കർശനമായും പാലിക്കേണ്ടതാണ്. ഇത് കൂടാതെ ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളിലെ നിയമ സേവനങ്ങളുടെ ഭാഗമായി സുപ്രീം കോടതി Sampurna Behrua v. Union of India (in Writ Petition (C) No. 473 / 2005)

ലെ ഉത്തരവും ഓർഡറും പാലിക്കേണ്ടതാണ്.

b) സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന്റേയും / കുട്ടികളുടെ ക്ഷേമ പ്രവർത്തകരുടേയും പങ്കുകളും ഉത്തരവാദിത്വങ്ങളും കർത്ത്യവ്യങ്ങളും ഉൾക്കൊള്ളുന്ന സ്റ്റാന്റിംഗ് ഓർഡർ പുറപ്പെടുവിക്കൽ ഉറപ്പാക്കുവാനായി എല്ലാ സംസ്ഥാന നിയമ സേവന അതോറിട്ടിയും അതാത് പോലീസ് സ്റ്റേഷൻ തലവനുമായി ഏകോപിപ്പിക്കേണ്ടതാണ്. അത്തരം സ്റ്റാൻഡിങ്ങ് ഓർഡറും J.J. ആക്ടും, J.J. റൂൾസും, മറ്റു പ്രായോഗികമായ റൂളുകളും ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ Sheela Barse v. Union of India എന്ന കോടതി വിധിയെ അടിസ്ഥാനപ്പെടുത്തിയിരിക്കണം. കൂടാതെ തന്നെ ഈ ഉത്തരവുകൾ പ്രാദേശിക ഭാഷയിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട് എന്നും എല്ലാ പോലീസ് സ്റ്റേഷനുകളിലും ലഭ്യമാണ് എന്നും സംസ്ഥാന നിയമ സേവന അതോറിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.

c) ഇത് നടപ്പിൽ വരുത്തുന്നതിനായി, കുട്ടികളുടെ സേവനത്തിനു വേണ്ടി ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആശയങ്ങളും പ്രബലതയും ഫലപ്രദമായി ആശയവിനിമയം നടത്തിയിരിക്കേണ്ടതാണ്. ഇതിനായി നിയമ സേവന ദാതാക്കളായ അഭിഭാഷകർ, പാരാ ലീഗൽ വോളണ്ടിയേഴ്സ്, പോലീസ് ഓഫീസർ അല്ലെങ്കിൽ ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് എങ്ങനെ കുട്ടികളുമായി ആശയവിനിമയത്തിലേർപ്പെടാം എന്നതിനെ കുറിച്ചുള്ള ഫലപ്രദമായ പരിശീലനം നൽകേണ്ടതാണ്.

d) കുട്ടികളുടെ നിയമസേവനദാതാക്കളായ, ജുഡീഷ്യൽ ഓഫീസർമാർ, പാനൽ അഭിഭാഷകർ, പോലീസ് ഉദ്യോഗസ്ഥർ, ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ, ചൈൽഡ് വെൽഫെയർ കമ്മറ്റികൾ എന്നിവർ കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള പ്രസക്തമായ മേഖലകളിൽ നിയമപരമായ പരിശീലനം നേടിയവരോ, അല്ലാത്തവരോ ആണെങ്കിലും കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ തുടർ പരിശീലനം നേടേണ്ടതാണ്.

e) പ്രമുഖ നിയമങ്ങളുടെ ആശയങ്ങളുടേയും ഉപയുക്തമായ നിയമങ്ങളുടേയും ശാസനങ്ങളുടേയും വ്യവസ്ഥകളുടേയും പരിശീലനവും അതുപോലെതന്നെ വാദവൈദഗ്ധ്യ പരിശീലനങ്ങളും പ്രശ്നാധിഷ്ഠിതവും പ്രതിപ്രവർത്തനപരവുമായിരിക്കണം.

f) കുട്ടികൾക്കുവേണ്ടിയുള്ള നിയമങ്ങളിൽ, ഭരണഘടനാ വകുപ്പുകൾ, നിയമ നിർമ്മാണങ്ങൾ, പദ്ധതികൾ, റിപ്പോർട്ടുകൾ, അന്തർദ്ദേശീയ സമ്മേളനങ്ങൾ, ചട്ടങ്ങൾ മുതലായവ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ അറിവുകൾ, എങ്ങനെ അർത്ഥവത്തായി കുട്ടികളിൽക്കുവേണ്ടി താഴെ തട്ടിൽ പ്രവർത്തിക്കുന്നവർക്കു കൈമാറുക എന്നുള്ളതും വെല്ലുവിളിയാണ്. ആയതിനാൽ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായിട്ടുള്ള എല്ലാ സുപ്രധാനമായ അറിവുകളടങ്ങിയ

പരിശീലന സാമഗ്രികൾ അധികാരികൾ ഉൾപ്പെടുത്തേണ്ടതാണ്.

10.6 **നിയമപരമായ ബോധവത്ക്കരണം**

a. കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങുന്ന ലഘുഗ്രന്ഥം എല്ലാ SLSAകളും പ്രസിദ്ധീകരിക്കേണ്ടതാണ്. ഈ ലഘുഗ്രന്ഥത്തിന്റെ പകർപ്പുകൾ എല്ലാ ഫ്രണ്ട് ഓഫീസുകളിലും നിയമ സേവന ക്ലിനിക്കുകളിലും JJB/CWCs ലും പോലീസ് സ്റ്റേഷനുകളിലും ലഭ്യമാക്കേണ്ടതാണ്.

b. മേൽപറഞ്ഞ വിശദാംശങ്ങളുടെ വിവരങ്ങൾ ദൂരദർശനിലും ഓൾ ഇന്ത്യ റേഡിയോയിലും കമ്മ്യൂണിറ്റി റേഡിയോയിലും പ്രചരിപ്പിക്കേണ്ടതാണ്.

c. എല്ലാ SLSAകളും വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും, സംസ്ഥാന ബാല അവകാശ സംരക്ഷണ കമ്മീഷന്റെയും, NGOs ന്റെയും, സഹവർത്തിത്വത്തിലൂടെ കുട്ടികളുടെ അവകാശങ്ങളെകുറിച്ച് പൊതുബോധവത്ക്കരണം നടത്തണം.

d. ഉപന്യാസ മത്സരങ്ങൾ/ തെരുവു നാടക മത്സരങ്ങൾ / പോസ്റ്റർ നിർമാണ മത്സരങ്ങൾ / പെയിന്റിംഗ് മത്സരങ്ങൾ, ചർച്ചകൾ, എന്നിവയാണ് മറ്റു ബോധവത്ക്കരണ മാർഗങ്ങൾ.

e. ശിശുക്കൾക്ക് ഉചിതമായ സന്ദേശങ്ങൾ ഉപയോഗിച്ച് ഫലപ്രദമായൊരു പ്രചാരണം നടത്തുവാൻ PLVമാരോട് ആവശ്യപ്പെടാവുന്നതാണ്.

f. നിയമ സഹായം ലഭിക്കുവാനുള്ള അവകാശം, കുട്ടികളെ അറിയിക്കുന്നതിനു പുറമേ, നിയമ വ്യവസ്ഥിതിക്ക് പിന്തുണ നൽകുവാനും നിയമ സേവനം നൽകുന്നവരുമായി ഫലപ്രദമായൊരു ബന്ധം പുലർത്തുവാനും കമ്മ്യൂണിറ്റികൾക്കും പൊതു – സ്വകാര്യ ഏജൻസികൾക്കും ബോധവത്ക്കരണം നടത്തേണ്ടത് നിർബന്ധമാണ്.

g. നിയമ സേവനം ആവശ്യമുള്ള അധികം കുട്ടികളും വിദൂര ഗ്രാമീണ പ്രദേശങ്ങളിലാണ് താമസിക്കുന്നത്. ഇതിനാൽ ശിശുക്കൾക്ക് അവർ താമസിക്കുന്ന ഇടങ്ങളിൽ നിന്നും നിയമ സേവനങ്ങൾ നേടുവാൻ പ്രയാസമാണ്. ഇത് മറികടക്കുവനായി നിയമസേവനങ്ങൾ ഒരൊറ്റസ്ഥലത്ത് തന്നെ നൽകുവാൻ മൊബൈൽ ക്ലിനിക്കുകളും ഒരു സ്റ്റോപ്പ് സെന്റർ പരിപാടികളും പോലെയുള്ള സംരംഭങ്ങൾ നടത്തുവാൻ SLSA മുൻകൈ എടുത്തു നടത്താവുന്നതാണ്.

h. പ്രാരംഭ അഭിമുഖങ്ങളും അന്വേഷണങ്ങളും നടത്തുവാനും ഉപദേശം നൽകുവാനും ശിശുക്കളുടെയും അവരുടെ കുടുംബങ്ങളുടെയും തമ്മിൽ ഒരു കണ്ണി ആയി പ്രവർത്തിക്കുവാനും DLSAകൾക്കും പോലീസ് സ്റ്റേഷനിൽ നിയോഗിച്ചിരിക്കുന്ന PLV യുടെ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

i. ശിശുക്കൾക്ക് അവരുടെ അവകാശങ്ങൾ അറിയുവാൻ SLSA ക്ക് സംസ്ഥാന

സർക്കാരുമായി ഇടപെട്ട് കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് വിദ്യാലയത്തിൽ പഠിക്കാനുള്ള പാഠ്യക്രമങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്.

j. ഓരോ SLSA യും കുട്ടികൾക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭിക്കുവാൻ CrPC യിൽ പുതുതായി ചേർത്ത സെക്ഷൻ 357A , സ്റ്റേറ്റ് വിക്ടിം കോമ്പൻസേഷൻ സ്കീം ഇവയുടെ ബോധവത്ക്കരണം നടത്തണം. ഇതുവഴി കുട്ടികൾക്ക് എളുപ്പത്തിൽ നഷ്ട പരിഹാരം ലഭ്യമാക്കുകയും വേണം.

k. ഓരോ SLSAയും നിയമ സേവനങ്ങളുടെ ഡയറക്ടറി വികസിപ്പിക്കുകയും അത് എല്ലാ പ്രധാനമായ ചുമതലപ്പെട്ടവർക്കും ലഭ്യമാക്കുകയും വേണം.

l. ഓരോ SLSAയും കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അവകാശവും കുട്ടികളെ സ്കൂളിൽ വിടുവാനുള്ള മാതാപിതാക്കളുടെ മൗലികമായ കർത്തവ്യവും സമ്പന്ധിച്ച് ശക്തമായ ബോധവത്ക്കരണം എല്ലാ ജില്ലകളിലും സംഘടിപ്പിക്കേണ്ടതാണ്.

m. ദത്തെടുക്കൽ, സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ, പോലെയുള്ള നോൺ -ഇൻസ്റ്റിറ്റ്യൂഷണൽ സേവനങ്ങളുടെ ബോധവത്ക്കരണവും ആവശ്യമാണ്.

n. സംരക്ഷണവും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന യോഗ്യതയുള്ള NGO കൾക്ക് ഔദ്യോഗിക അംഗീകാരം ലഭിക്കുന്നതിനായി SLSA ക്ക് ശ്രമിക്കാവുന്നതാണ്.

o. സാമൂഹിക സമാഹരണം, സാമൂഹിക നിയമങ്ങളുടെ കാഴ്ചപ്പാടുകളിൽ മാറ്റംവരുത്തുന്നതിനായുള്ള ഔട്ട്റീച്ച് പരിപാടികൾ, ഗ്രാമീണർ, മറ്റു ജന വിഭാഗങ്ങൾ എന്നിവരെ ശൈശവവിവാഹത്തിന്റെ ദോഷവശങ്ങളെ സംബന്ധിച്ച് ബോധവൽക്കരിക്കുക (പ്രധാനമായും കുട്ടികളുടെ ആരോഗ്യം, വ്യക്തിത്വം, ഭാവി എന്നിവയെപ്പറ്റി) മുതലായവയെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

p. പെൺകുട്ടികളെ നിർബന്ധമായി ഇളം പ്രായത്തിൽ വിവാഹം കഴിപ്പിക്കുന്നത് ഒഴിവാക്കാൻ PLVs വഴി ഉയർന്ന സാമൂഹിക ഇടപെടലുകൾ ഉണ്ടാവണം.

q. ബാലവേലയുടെ പ്രശ്നം പരിഹരിക്കുവാനായി PLVമാരുടെ സഹായത്തോടുകൂടി ഗ്രാമങ്ങളിൽ പ്രവർത്തിച്ച് കുടുംബങ്ങളെ വിദ്യാഭ്യാസത്തിലൂടെയുള്ള ദീർഘകാല നേട്ടങ്ങളെ കുറിച്ച് അറിയിച്ച് ബാലവേല അസ്വീകാര്യമായതാണെന്നും അവരെ ബോധവത്കരിക്കണം.

r. 14 വയസ് താഴെയുള്ള ബാലവേലക്കെതിരെ ഫലപ്രദമായ നിരോധനം കൊണ്ടുവരാനും, കുട്ടിക്കടത്തു മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ഫലപ്രദമായി അഭിസംബോധന ചെയ്യാനും ബോധവത്ക്കരണ പരിപാടികൾ ഉണ്ടാവണം.

s. ഓരോ SLSA യും സംസ്ഥാന സർക്കാരിന്റെ കൂടെ പ്രവർത്തിച്ച് നിലവിലുള്ള

ചട്ടക്കൂട് ശക്തിപ്പെടുത്തണം. അതിനാൽ ആറ് തൊട്ട് 14 വയസ് വരെയുള്ള കുട്ടികൾക്ക് സൗജന്യമായിട്ടുള്ളതും തുല്യനിലവാരമുള്ളതുമായ വിദ്യാഭ്യാസം ലഭിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കുവാൻ സാധിക്കും.

t. ബാലവേലക്കുവേണ്ടിയുള്ള കടത്തും ദാരിദ്ര്യവും, കൂടുന്നത് ദുരന്തങ്ങളും പ്രകൃതി ക്ഷോഭങ്ങളും കാരണമാണ്. ആയതിനാൽ NALSA സ്കീമിന്റെ (നിയമ സേവന അതോറിറ്റി വഴി ദുരന്ത ഇരകൾക്കായി നിയമ സേവനങ്ങൾ ഉറപ്പാക്കുന്ന സ്കീം) കീഴിൽ രൂപീകരിച്ചിരിക്കുന്ന കോർ ഗ്രൂപ്പ് ഈ കുട്ടികളുടെ അവകാശങ്ങളുടെയും ക്ഷേമത്തിന്റെയും സംരക്ഷണം ഉറപ്പാക്കുവാനായിട്ടുള്ള എല്ലാ നടപടികളും എടുക്കേണ്ടതാണ്.

u. ബാലവേലയുടെ പ്രശ്നം വ്യവസ്ഥാപിതമായി ഉന്മൂലനം ചെയ്യുവാൻ SLSA ഒരു കർമ്മ പദ്ധതി തയാറാക്കേണ്ടതാണ്.

v. ബാലവേല എന്ന ഭീഷണിയെ ഉന്മൂലനം ചെയ്യുവാനും ഭരണഘടനയ്ക്കനുസൃതമായി പ്രാബല്യത്തിലാക്കുവാനും സുപ്രീം കോടതി കുറെയേറെ നിർബന്ധമായ നിർദേശങ്ങൾ M.C Mehta V. State of Tamil Nadu (1996) 6 SCC 756) ൽ നൽകിയിരുന്നു. ഇതിൽ മുഖ്യമായിട്ടുള്ള ഒന്നായിരുന്നു 14 വയസിനു താഴെയുള്ള കുട്ടികളെ അപകടമുള്ള പ്രവർത്തികൾ, ബാലവേല (നിരോധനവും നിയന്ത്രണവും),ആക്ട് 1986 ന് വിരുദ്ധമായി ജോലി ചെയ്യിപ്പിച്ച തൊഴിലുടമ 20000 രൂപ നഷ്ടപരിഹാരമായി അടയ്ക്കണം എന്ന വിധി. അതാത് സർക്കാരും 5000 രൂപ വീതം അപകടമുള്ള പ്രവർത്തികൾ ചെയ്യുന്ന ഓരോ കുട്ടിക്കും നിക്ഷേപമായി സംഭാവന ചെയ്യേണ്ടതാണെന്ന് വിധിയിൽ നിർദ്ദേശിച്ചു. മേൽപറഞ്ഞ 25,000 രൂപ ബാലവേല പുനരധിവാസ - ക്ഷേമ ഫണ്ടിൽ നിക്ഷേപിക്കേണ്ടതും ഈ ഫണ്ടിൽ നിന്നുള്ള വരുമാനം മോചിപ്പിച്ച കുട്ടിയുടെ പുനരധിവാസത്തിനു വേണ്ടി ഉപയോഗിക്കേണ്ടതുമാണ്.

എല്ലാ SLSAയും പോലീസുമായും തൊഴിലാളി വകുപ്പുമായും മറ്റു അതോറിറ്റിയുമായും ഏകീകരിച്ച് മേൽപ്പറഞ്ഞ മാർഗനിർദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

### 11. വിവരണ വസ്തുതകൾ

നിയമ ബോധവത്ക്കരണത്തിനായും നിയമ സേവനത്തിനായും എല്ലാ SLSAs യും ഒരു വിവരണ വസ്തുതകൾ നിലനിർത്തേണ്ടതാണ്. അതിൽ ശിശു ക്ഷേമത്തിനും സംരക്ഷണത്തിനും നിലവിലുള്ള എല്ലാ കേന്ദ്രസംസ്ഥാന പദ്ധതികളും നയങ്ങളും നിയന്ത്രണങ്ങളും പോലീസ് ഡയറക്ടീവുകളും കൺവൻഷനുകളും ചട്ടങ്ങളും പ്രഖ്യാപനങ്ങളും അഭിപ്രായങ്ങളും റിപ്പോർട്ടുകളും ഉൾപ്പെടുത്തണം.

# മാനസികരോഗവും മാനസിക വൈകല്യവുമുള്ള വ്യക്തികൾക്കായുള്ള NALSAയുടെ നിയമസേവന പദ്ധതി, 2015.

# മാനസികരോഗവും മാനസിക വൈകല്യവുമുള്ള വ്യക്തികൾക്കായുള്ള NALSAയുടെ നിയമ സേവന പദ്ധതി, 2015.

**പശ്ചാത്തലം**

മാനസിക രോഗങ്ങളുള്ളവരും ബുദ്ധിമാന്ദ്യം പോലുള്ള വൈകല്യങ്ങളുമുള്ളവരും സാധാരണഗതിയിൽ അധികാരികളുടെ ശ്രദ്ധയിൽപെടാറില്ല. അവർ പാർശ്വവൽക്കരിക്കപ്പെടുകയും സമൂഹത്തിന്റെയും അധികാരികളുടെയും പ്രത്യേക പരിരക്ഷ ആവശ്യമുള്ളവരെന്ന നിലയിലിലേക്ക് തരംതാഴ്ത്തപെടുകയും ചെയ്യപ്പെടുന്നു. 2008 ൽ വൈകല്യമുള്ള വ്യക്തികളുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള കൺവെൻഷനിൽ ഇന്ത്യ പങ്കെടുക്കുകയും പ്രസ്തുത ഉടമ്പടി ഒപ്പിടുകയും ചെയ്തിട്ടുണ്ട്. അതിനാൽത്തന്നെ ഇത്തരം വ്യക്തികൾക്കും (മാനസികരോഗികളും മനോവൈകല്യമുള്ളവരുമുൾപ്പെടെ) സാധാരണ മനുഷ്യർക്കുള്ളപോലെ മനുഷ്യാവകാശങ്ങളും അടിസ്ഥാന സ്വാതന്ത്ര്യവും ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം നമ്മുടെ നിയമവ്യവസ്ഥയ്ക്കുണ്ട്. കൂടാതെ തുല്യ നിയമ പരിഗണനയും തുല്യനീതിയും ഉറപ്പു വരുത്തുകയും ഫലപ്രദമായ രീതിയിൽ നീതിന്യായവ്യവസ്ഥയെ സമീപിക്കാനുള്ള അവസരം സാധാരണ വ്യക്തികളെപ്പോലെ തന്നെ ഇവർക്കും ലഭ്യമാക്കേണ്ടതുണ്ടെന്നും ഈ കൺവെൻഷൻ ആവശ്യപ്പെടുന്നു.

ലീഗൽ സർവീസസ് അതോറിറ്റി ആക്ട് 1987, 12–ാം വകുപ്പ് പ്രകാരം വൈകല്യമുള്ള വ്യക്തികളെന്നാൽ വൈകല്യമുള്ളവരുടെ (തുല്യാവസര അവകാശ സംരക്ഷണ തുല്യ പങ്കാളിത്ത) നിയമം, 1995 ലെ 2(i) വകുപ്പ് പ്രകാരം വിവരിച്ചിരിക്കുന്നവരോ മാനസികാരോഗ്യ നിയമം, 1987-ലെ 2(q) വകുപ്പ് പ്രകാരം വിവരിച്ചിരിക്കുന്ന തരത്തിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിലോ അതുമായി ബന്ധപ്പെട്ട നേഴ്സിംഗ് ഹോമുകളിൽ കഴിയുന്നവരോ ആകാം. ഇത്തരം ആളുകൾ ഫലപ്രദമായ നിയമ സഹായത്തിനു അർഹരാണ്. അതുകൊണ്ടുതന്നെയാണ് 2010-ൽ ലീഗൽ സർവീസസ് അതോറിറ്റി ആക്ട്, 1987-ലെ 4(b) വകുപ്പ് പ്രകാരം ഇത്തരം ആളുകൾക്കായി NALSA ഒരു പദ്ധതി ആവിഷ്ക്കരിച്ചത്.

2010-ൽ ആരംഭിച്ചെങ്കിലും സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റികളിൽ നിന്നും ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം ഈ പദ്ധതിക്ക് ഒരു പുന:പരിശോധന ആവശ്യമായി വരികയും ഇത്തരം ആളുകളിലേക്ക് ഈ പദ്ധതി ഫലപ്രദമായി എത്തിക്കുന്നതിന്റെ ആവശ്യകത ഉയർന്നു വരികയും ചെയ്തു. SLSAകളും DLSA-കളും അവരുടെ മുൻപിലെത്തുന്ന വിഷയങ്ങൾ മാത്രമേ പരിഗണിച്ചിരുന്നുള്ളൂ. കോടതിയുമായി ബന്ധപ്പെട്ട പല പ്രവർത്തനങ്ങളും പൂർത്തിയാകാതെ നിൽക്കുന്നു.

**ഈ പശ്ചാത്തലത്തിലാണ് ഒരു പുതിയ പദ്ധതി- മാനസികവൈകല്യമുള്ളവർക്കും മാനസികരോഗമുള്ളവർക്കുമായുള്ള നിയമസഹായ പദ്ധതി–2015 – NALSA ൽ അവതരിപ്പിച്ചത്.**

## ലക്ഷ്യങ്ങൾ

മാനസികവൈകല്യമുള്ളവർക്കും മാനസികരോഗികൾക്കും ആവശ്യമായ നിയമ സഹായം നൽകുമ്പോൾ ലീഗൽ സർവീസസ് സ്ഥാപനങ്ങൾ (സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി, ജില്ല ലീഗൽ സർവീസസ് അതോറിറ്റി, താലൂക്ക് ലീഗൽ സർവീസസ് അതോറിറ്റി, ഹൈക്കോടതി ലീഗൽ സർവീസസ് കമ്മിറ്റികൾ, സുപ്രീംകോടതി ലീഗൽ സർവീസസ് കമ്മിറ്റികൾ) ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി യുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനസിക വൈക ല്യമുള്ളവരും മാനസികരോഗികളും അപമാനിക്കപ്പെടാതെയും നിയമം അനുശാസി ക്കുന്ന അവകാശങ്ങളും സഹായങ്ങളും വേണ്ടി വരുന്ന വ്യക്തികളായി പരിഗണി ക്കപ്പെടുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പാര ലീഗൽ വോളണ്ടിയർമാർ, ലീഗൽ സർവീസ് ക്ലീനിക്കുകൾ, ഫ്രണ്ട് ഓഫീ സ്, പാനൽ ലോയേർസ്, റീറ്റെയ്നെർ ലോയേർസ് എന്നീ പദങ്ങൾ 2010-ലെ നാഷ ണൽ ലീഗൽ സർവീസസ് അതോറിറ്റി (ഫ്രീ ആന്റ് കോമ്പീറ്റെന്റ് ലീഗൽ സർവീസ സ്) റെഗുലേഷൻസിലും 2011-ലെ നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി (ലീ ഗൽ സർവീസസ് ക്ലിനിക്സ്) റെഗുലേഷൻസിലും കൂടാതെ പാരാലീഗൽ വോളണ്ടിയർമാരുടെ പ്രവേശനം, പഠനാനന്തര പരിശീലനം തുടങ്ങിയവക്കുള്ള NALSA -യുടെ പദ്ധതിയിലും വിവരിച്ചിരിക്കുന്നതുതന്നെയാണ്.

### ഭാഗം – 1

## പെരുമാറ്റ സംഹിത

മാനസിക വൈകല്യമോ മാനസിക രോഗമോ ഉള്ള വ്യക്തികളുമായിട്ടുള്ള ഇടപെടലുകളിൽ ലീഗൽ സർവീസസ് സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

**1) മാനസികരോഗങ്ങൾ സുഖപ്പെടുത്താവുന്നതാണ്:-**

ശരിയായ ശുശ്രൂഷകളും മരുന്നുകളും ശ്രദ്ധയും വഴി മാനസികരോഗങ്ങൽ ഭേദപ്പെടാവുന്നതാണെന്ന വസ്തുത ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ മന സ്സിലാക്കേണ്ടതാണ്.

**2) മാനസികവൈകല്യവും മാനസികരോഗവും ഒന്നല്ല:-**

മാനസികവൈകല്യമുള്ള വ്യക്തികൾ വളർച്ചാഘട്ടത്തിലെ കുഴപ്പങ്ങൾ മൂലം ബുദ്ധിപരമായ വൈകല്യങ്ങൾ സംഭവിച്ചവരാണ്. ബുദ്ധിമാന്ദ്യം, സെറി ബ്രൽപാൾസി, ഓട്ടിസം എന്നിവ ചികിത്സിച്ചു മാറ്റാനാവാത്ത വൈകല്യങ്ങളാ ണ്. അതുകൊണ്ടുതന്നെ അവരെ 1995-ലെ വൈകല്യമുള്ള വ്യക്തികൾക്കാ യുള്ള (തുല്യാവസര തുല്യപങ്കാളിത്ത അവകാശ സംരക്ഷണ) നിയമത്തിലെ (Persons with Disabilities (Eqaul Opportunities, Protection of Rights and Full Participation) Act, 1995 (PWD ആക്ട് )2-ാംവകുപ്പ് പ്രകാരം വൈകല്യ

മുള്ളവരായി കണക്കാക്കപ്പെടുന്നു. ഇത്തരം ആളുകളുടെ ഉന്നമനത്തിനായുള്ള രണ്ട് നിയമങ്ങളാണ് 1995–ലെ ആക്ടും 1999–ലെ ഓട്ടിസം , സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ രോഗങ്ങളുള്ള വ്യക്തികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ദേശീയ സമിതികൾക്കായുള്ള നിയമവും (National Trust for the welfare of persons with Autism, cerebral Palsy, Mental retardation and Multiple disabilities Act, 1995).

3) **മാനസികവൈകല്യമുള്ളവരും മാനസികരോഗികളും മനുഷ്യാവകാശപരവും അടിസ്ഥാന സ്വാതന്ത്ര്യപരവുമായ എല്ലാ അവകാശങ്ങൾക്കും അർഹരാണ്:-**

മാനസികവൈകല്യമോ മാനസികരോഗമോ ഉള്ള വ്യക്തികൾക്ക് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ നിയമസഹായം നൽകുമ്പോൾ പ്രാഥമിക പരിഗണന അവരുടെ മനുഷ്യാവകാശങ്ങളും അടിസ്ഥാന സ്വാതന്ത്ര്യങ്ങളും തുല്ല്യമായും സമ്പൂർണ്ണമായും ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതിലാവണം.

4) **മാനസികവൈകല്യമോ മാനസികരോഗമോ ഉള്ളവരുടെ അന്തസ്സിനെ ബഹുമാനിക്കണം:-**

മാനസികവൈകല്യമോ മാനസികരോഗമോ ഉള്ളവരുടെ അന്തസ്സിനെയും സ്വയം പര്യാപ്തതയെയും മാനിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ട ചുമതല ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾക്കുണ്ട്.

5) **വിവേചനരഹിതമായ പെരുമാറ്റം:-**

ലീഗൽ സർവീസസ് സ്ഥാപനങ്ങൾ മാനസിക വൈകല്യമോ മാനസികരോഗമോ ഉള്ള വ്യക്തികളോട് യാതൊരു വിവേചനവും കൂടാതെ പെരുമാറുകയും അവരെ കൂടുതൽ കരുതലോടെയും സൗമ്യതയോടെയും പരിഗണിക്കേണ്ടതുമാണ്.

6) **അനുയോജ്യമായ താമസ സൗകര്യം:-**

മാനസികവൈകല്യമുള്ളവർക്കും മാനസികരോഗികൾക്കും അവർക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളും പ്രോഗ്രാമുകളും സേവനങ്ങളും മറ്റു സൗകര്യങ്ങളും സാധാരണ വ്യക്തികളെപ്പോലെ ഉപയോഗപ്പെടുത്താൻ തക്കവണ്ണം അനുയോജ്യമായ താമസസൗകര്യങ്ങൾ ലീഗൽ സർവീസസ് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

7) **മനോരോഗമുള്ള വ്യക്തികൾക്ക് ചികിത്സ ലഭിക്കാനുള്ള അവകാശം:-**

ഇന്ത്യൻ ഭരണഘടനയുടെ 21–ാം അനുച്ഛേദ പ്രകാരം ലഭിക്കുന്ന ചികിത്സക്കും ശരിയായ ആരോഗ്യ പരിരക്ഷക്കും സാധാരണ വ്യക്തികൾക്കെന്നപോലെ മാനസികവൈകല്യമോ മാനസികരോഗമോ തുല്ല്യാവകാശമുണ്ട്. ബാധകമാണ്.

അന്ധവിശ്വാസം, വരുമാനക്കുറവ്, അപമാനം, അറിവില്ലായ്മ മുതലായ കാരണങ്ങളാൽ മാനസികരോഗികൾ, പലപ്പോഴും ചികിത്സ നിഷേധിക്കപ്പെട്ട് വീട്ടു തടങ്കലിൽ കഴിയുന്നു. അതിനാൽ, 1987–ലെ മാനസികാരോഗ്യനിയമത്തിന്റെ ചാപ്റ്റർ 4–ൽ പറഞ്ഞിരിക്കുന്ന തരത്തിൽ മാനസികാരോഗ്യ കേന്ദ്രങ്ങളിലും അതിനോടനുബന്ധിച്ചുള്ള നേഴ്സിംഗ് ഹോമുകളിലും ലഭ്യമാകുന്ന ചികിത്സ ഇവർക്കും ലഭിക്കാൻ ലീഗൽ സർവീസസ് സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**8) <u>രോഗചികിത്സാ വിവരങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള സമ്മതം:–</u>**

മനോരോഗ ചികിത്സയ്ക്ക് വിധേയരാക്കപ്പെടുന്ന വ്യക്തികളുടെ അറിവോടും സമ്മതത്തോടും കൂടിയാണ് ചികിത്സ നടത്തുന്നതെന്ന് ലീഗൽ സർവീസസ് സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. ഇതിനുസാധിക്കാത്ത പക്ഷം മാനസികാരോഗ്യനിയമം–1987–ലെ പാർട്ട് II ചാപ്റ്റർ 5 പ്രകാരം ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ, അവരുടെ അഭാവത്തിൽ കോടതിയുടെയോ സമ്മതത്തോടുകൂടി മാത്രമേ ചികിത്സ നടത്താൻ പാടുള്ളൂ.

**9) <u>മാനസിക വൈകല്യമുള്ള വ്യക്തികളുടെ ചൂഷണവും അവരെ ദുരുപയോഗം ചെയ്യുന്നതും ഫലപ്രദമായി തടയുക:–</u>**

മാനസിക വൈകല്യമുള്ള വ്യക്തികൾ, പ്രത്യേകിച്ച് സ്ത്രീകൾ, ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യത വളരെയധികമാണ്. അതിനാൽത്തന്നെ, ലൈംഗിക ചൂഷണമുൾപ്പെടെയുള്ള എല്ലാതരം ചൂഷണങ്ങളും തടയാനും ചൂഷകരെ നിയമത്തിനുമുൻപിൽ കൊണ്ടുവരുവാനും ലീഗൽ സർവീസസ് സ്ഥാപനങ്ങൾ മുൻപോട്ടുവരേണ്ടതാണ്.

10) മാനസിക വൈകല്യമുള്ളവർക്കും മാനസികരോഗമുള്ളവർക്കും അവരുടെ ഇത്തരം വൈകല്യം മൂലം ലഭ്യമായ വിവരങ്ങളെ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ സാധിച്ചെന്നു വരില്ല. നിയമസാക്ഷരതകൊണ്ടുമാത്രം ഇത്തരം ആളുകൾക്ക് നീതി ലഭ്യത ഉറപ്പാക്കാൻ സാധ്യമല്ല. അതിനാൽത്തന്നെ, ഇവരുടെ കൂട്ടായതും വ്യക്തിപരവുമായ ആവശ്യങ്ങളും കഴിവുകളും ലീഗൽ സർവീസസ് സ്ഥാപനങ്ങൾ നിയമപരമായ രീതിയിൽ വിലയിരുത്തുകയും വേണ്ട രീതിയിൽ നിയമസഹായങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

**<u>ഭാഗം – 2</u>**

**<u>മാനസികാരോഗ്യകേന്ദ്രങ്ങളിലും ആശുപത്രികളിലും അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളിലും ജയിലുകളിലും മറ്റുള്ള മാനസികരോഗങ്ങളും മാനസികവൈകല്യങ്ങളുമുള്ള വ്യക്തികൾക്ക് ലഭ്യമാകുന്ന നിയമസഹായങ്ങൾ.</u>**

മാനസികരോഗമുള്ളവരെയും മാനസികവൈകല്യമുള്ളവരെയും ‘കുറ്റവാളികളല്ലാത്ത മാനസികരോഗികൾ’ എന്ന പേരിൽ ജയിലിൽ പാർപ്പിക്കുന്ന പതിവ് പണ്ടുണ്ടായിരുന്നു. എന്നാൽ സുപ്രീംകോടതി 1989–ൽ ഷീല ബർസെയും യൂണിയൻ ഓഫ്

ഇന്ത്യയും തമ്മിലുള്ള കേസ്സിലെ വിധിയിലൂടെ ഇത്തരം പ്രവർത്തനങ്ങൾ നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായതിനാൽ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. ഈ വിധിയോടെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഇത്തരം അധികാരം ഇല്ലാതാവുകയും അത് ജുഡീഷ്യൽ മജിസ്ട്രേറ്റിനു മാത്രമായി ചുരുങ്ങുകയും ചെയ്തു. ഇങ്ങനെ ജയിലിലേക്ക് അയക്കുന്നതിനുമുൻപ് ഒരു പ്രൊഫഷണൽ സൈക്യാട്രിസ്റ്റിന്റെ ഉപദേശം ജുഡീഷ്യൽ മജിസ്ട്രേറ്റ് തേടേണ്ടതാണ്. സുപ്രീംകോടതി ഉത്തരവനുസരിച്ച് ഇത്തരത്തിൽ റിപ്പോർട്ട് ചെയ്ത കേസുകളും അവയ്ക്ക് സ്വീകരിച്ച നടപടികളും വ്യക്തമാക്കി ജുഡീഷ്യൽ മജിസ്ട്രേറ്റ് ഒരു ത്രൈമാസ റിപ്പോർട്ട് ഹൈക്കോടതിക്ക് നൽകേണ്ടതാണ്.

അതോടൊപ്പംതന്നെ എല്ലാ പൊതുതാൽപര്യ ഹർജികളും സുപ്രീം കോടതി ഹൈക്കോടതിക്ക് കൈമാറുകയും അത്തരം കേസുകളിൽ ഹൈക്കോടതി ലീഗൽ സർവീസസ് കമ്മിറ്റിയെ ഹർജിക്കാരനായി പരിഗണിക്കുവാനും തീരുമാനിച്ചു. കൂടാതെ ഈ കമ്മിറ്റിയെത്തന്നെ കോടതിയുടെ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാനും ചുമതലപ്പെടുത്തി.

സുപ്രീം കോടതിയുടെ ഉത്തരവ് പാലിക്കപ്പെടാനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്:-

<u>**ജയിലുകളിൽ**</u>

1. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം പൊതുതാത്പര്യ ഹർജികൾ ഹൈക്കോടതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അത് കൈകാര്യം ചെയ്യാനായി ഒരു ജഡ്ജിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വം SLSA-കൾക്കുണ്ട്.

2. SLSA കൾ സംസ്ഥാന മാനസികാരോഗ്യ അതോറിറ്റി (SMHA)യുടെയോ ഹൈക്കോടതി നിയമിച്ച മറ്റേതെങ്കിലും ടീമിന്റെയോ സഹായത്തോടെ മാനസിക വൈകല്യമോ മാനസികാരോഗ്യമോ ഉള്ള വ്യക്തികളെ ജയിലിൽ പാർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും അങ്ങനെ വരുന്ന സാഹചര്യത്തിൽ ഉടൻതന്നെ ഇവരുടെ പുരനധിവാസത്തിനും ചികിത്സക്കുമായി ഹൈക്കോടതിയോട് നിർദ്ദേശങ്ങൾ ചോദിക്കുകയും ചെയ്യേണ്ടതാണ്.

3. SMHA കളുടെ സഹായത്തോടെ SLSA-കൾ മനശാസ്ത്രജ്ഞരുടെയോ മനോരോഗവിദഗ്ദരുടെയോ കൗൺസിലർമാരുടെയോ ഒരു സംഘം ഉണ്ടാക്കുകയുംജയിൽ സന്ദർശിച്ച് ജയിൽ പുള്ളികളുടെ മാനസികാരോഗ്യം വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട്.

   കൂടാതെ ഈ സംഘത്തിന്റെ അഭിപ്രായമനുസരിച്ച് ആവശ്യമായ മനോരോഗ ചികിത്സാ സഹായം എത്തിക്കാനും SLSA-കൾ ശ്രദ്ധിക്കേണ്ടതാണ്.

4. സുപ്രീംകോടതിയുടെ ഉത്തരവനുസരിച്ച് ഇത്തരം റിപ്പോർട്ട് ചെയ്ത കേസുക

ളുടെ എണ്ണവും അവയ്ക്ക് കൈക്കൊണ്ട നടപടികളെപ്പറ്റിയും ജുഡീഷ്യൽ മജിസ്ട്രേറ്റ് ത്രൈമാസറിപ്പോർട്ടുകൾ ഹൈക്കോടതിയ്ക്ക് അയക്കേണ്ടതുണ്ട്.

അങ്ങനെ അയച്ച റിപ്പോർട്ടുകളെപ്പറ്റി ജുഡീഷ്യൽ മജിസ്ട്രേറ്റ് SLSA-കളെ അറിയിച്ചിരിക്കണം. പ്രസ്തുത റിപ്പോർട്ട് ബഹുമാനപ്പെട്ട നിയുക്ത ജഡ്ജിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും, പൊതുവായതോ വ്യക്തിപരമോ ആയ പ്രശ്നങ്ങളായാലും ആവശ്യമായ മാർഗനിർദ്ദേശങ്ങളും ഉത്തരവുകളും ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്താനാണ്. ഈ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടെന്നു ഉറപ്പുവരുത്തുന്നതിനായി SLSAകൾ DLSAകൾക്കോ TLSCകൾക്കോ ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകണം. ഇത്തരം നിർദ്ദേശങ്ങളോ ഉത്തരവുകളോ പാലിക്കപ്പെടാത്ത സാഹചര്യത്തിൽ SLSAകൾ അത് ജഡ്ജിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

**മനോരോഗാശുപത്രികൾ, മാനസികാരോഗ്യകേന്ദ്രങ്ങൾ, ഇതുപോലുള്ള മറ്റു സൗകര്യങ്ങൾ**

ആക്ടിന്റെ 37-ാം വകുപ്പ് പ്രകാരം മനോരോഗാശുപത്രികളിലും അതുപോലുള്ള മറ്റു സ്ഥാപനങ്ങളിലും, സ്വകാര്യ ഉടമസ്ഥതയെന്നോ ഗവൺമെന്റ് സ്ഥാപനങ്ങളെന്നോ ഭേദമില്ലാതെ, സന്ദർശിക്കുവാനും പരിശോധിക്കുവാനും ഒരു സന്ദർശക ബോർഡിനെ നിയമിക്കാൻ SLSAകൾ ഹൈക്കോടതിയോട് അഭ്യർത്ഥിക്കേണ്ടതാണ്. ഇത്തരം ബോർഡുകളിൽ SLSAകളിലെ മെമ്പർ സെക്രട്ടറിയോ DLSAകളിലെ ഫുൾടൈം സെക്രട്ടറിയോ അംഗമായിരിക്കണം. ഈ ബോർഡ് ഇത്തരം സ്ഥാപനങ്ങൾ കൃത്യമായി സന്ദർശിക്കുകയും അന്തേവാസികളുടെ ജീവിത സാഹചര്യങ്ങൾ പരിശോധിക്കുകയും ചെയ്യേണ്ടതാണ്.

SLSAകളോ, ബോർഡോ ഇത്തരം സ്ഥാപനങ്ങളിൽ രോഗവിമുക്തരായ വ്യക്തികൾ, ഈ വിവരം കുടുംബത്തെ അറിയിക്കാത്തതുമൂലമോ, കുടുംബം സ്വീകരിക്കാൻ തയ്യാറാവാത്തതുമൂലമോ, കഴിയുന്നുണ്ടോ എന്ന് പരിശോധിക്കണം. ഇത്തരം വ്യക്തികളെ കണ്ടെത്തുന്ന പക്ഷം കോടതിയുടെ നിയമസഹായം തേടുവാനും കുടുംബത്തിലേക്ക് ഇവരെ തിരികെയേൽപ്പിക്കുവാനും SLSAകളും DLSA-കളും ബോർഡും നടപടികൾ സ്വീകരിക്കേണ്ടതാണ്.

മനോരോഗാശുപത്രികളിലേക്കോ അതുപോലുള്ള മറ്റു സ്ഥാപനങ്ങളിലേക്കോ ലീഗൽ സർവീസസ് സ്ഥാപനങ്ങൾ സന്ദർശനങ്ങൾ നടത്തുകയും ഇത്തരം സന്ദർശനങ്ങളിൽ അവിടെ കഴിയുന്നവരുമായും ഡോക്ടറുമാരുമായും മറ്റു ജോലിക്കാരുമായും നന്നായി ഇടപഴകുകയും അതുവഴി ഏതെങ്കിലും വ്യക്തിയെ ബലാൽക്കാരമായി അവിടെ പ്രവേശിപ്പിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. അത്തരം സാഹചര്യങ്ങളിൽ ഇങ്ങനെയുള്ള ആളുകളുടെ മോചനത്തിനാവശ്യമായ നിയമസഹായം നൽകേണ്ടതും ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളുടെ ചുമതലയാണ്.

ഇത്തരം ആളുകളുടെ സഹായത്തിനായി SLSA-കളുടെയോ DLSA-കളുടെയോ നേതൃത്വത്തിൽ നിയമസഹായ ക്ലിനിക്കുകൾ ആരംഭിക്കേണ്ടതാണ്. അതുവഴി മനോവൈകല്യമോ മനോരോഗമോ ഉള്ള വ്യക്തികൾക്കും അവരുടെ കുടുംബത്തിൽ ഇത്തരം വ്യക്തികൾക്കെതിരെയുള്ള നിയമപ്രശ്നങ്ങളെ നേരിടുവാനുള്ള സഹായം SLSA-കളും DLSA-കളും ചെയ്തുകൊടുക്കേണ്ടതാണ്.

ഈ ക്ലിനിക്കുകളിൽ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ താൽപര്യമുള്ള പാരാലീഗൽ വോളണ്ടിയർമാരും പാനൽ ലോയേഴ്സും ആയിരിക്കണം അംഗങ്ങളായി ഉണ്ടാവേണ്ടത്.

ഇത്തരം വ്യക്തികളുടെ ക്ഷേമത്തിനും ഏറ്റവും നല്ല നിയമ സേവനം ലഭ്യമാക്കുവാനും പാരാലീഗൽ വോളണ്ടിയർമാരായി മാനസികാരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാരെയും നേഴ്സുമാരെയും, പാരാമെഡിക്കൽ ഉദ്യോഗസ്ഥന്മാരെയും മറ്റധികാരികളെയും പരിശീലിപ്പിക്കുന്നതാണ് അനുയോജ്യം.

ജീവനോപാധി നേടുവാൻ തക്കവണ്ണം സ്വയംപര്യാപ്തമായ തൊഴിൽ ചെയ്യുവാനുള്ള പരിശീലനമുൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഇത്തരം ആശുപത്രികളിലും സ്ഥാപനങ്ങളിലും ഉണ്ടായിരിക്കണം.ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാനായി നിയമസേവന സർവ്വീസസ് സ്ഥാപനങ്ങൾക്ക് ഗവൺമെന്റിനെയോ ഹൈക്കോടതിയെയോ സമീപിക്കാവുന്നതാണ്.

ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ ഇത്തരം വ്യക്തികളെ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ വൈകല്യമുള്ളവർക്കായുള്ള ദേശീയ ക്ഷേമനിധിയുമായി ബന്ധപ്പെടുത്തുകയും അതുവഴി 1999-ലെ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ രോഗങ്ങളുള്ള വ്യക്തികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ദേശീയ സമിതി പ്രകാരം നൽകുന്ന സേവനങ്ങളും സഹായങ്ങളും ഇത്തരം വ്യക്തികൾക്കും അവരുടെ കുടുംബത്തിനും ലഭ്യമാക്കുകയും വേണം.

ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ പാരാ ലീഗൽ വോളണ്ടിയർമാർ, ഡോക്ടർമാർ, മറ്റു ഉദ്യോഗസ്ഥർ എന്നിവരിലൂടെ ഇത്തരം വ്യക്തികളുടെ ഭവനത്തെയും ബന്ധുക്കളെയും പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കണം. ഈ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ വിവധ ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളുടെ സഹായത്തോടെ ഈ വിവരങ്ങൾ കണ്ടെത്തുവാനും കുടുംബവുമായി ഇവരെ കൂട്ടിച്ചേർക്കുവാനും ശ്രമിക്കേണ്ടതാണ്.

താമസസ്ഥലത്തുനിന്ന് ദൂരെയുള്ള മനോരാശുപത്രികളിലോ അതുപോലെയുള്ള മറ്റു സ്ഥാപനങ്ങളിലോ കഴിയുന്ന രോഗികളെ അവരുടെ താമസസ്ഥലത്തിനടുത്തേക്കുള്ള അത്തരം സ്ഥാപനങ്ങളിലേക്ക് മാറ്റുവാനുള്ള നിയമസഹായം SLSA-കളും DLSA-കളും നൽകണം.

**ഭവനരഹിതരോ, അനാഥരോ അലഞ്ഞുനടക്കുന്നവരോ ആയ മനോരോഗികൾക്കും മനോവൈകല്യമുള്ളവർക്കുമുള്ള നിയമ സഹായം.**

1987-ലെ മാനസികാരോഗ്യ നിയമത്തിലെ 23-ാം വകുപ്പ് പ്രകാരം അലഞ്ഞു നടക്കുന്നവരോ അപകടകാരികളോ ആയ മനോരോഗികളെ സാഹചര്യങ്ങൾ ആവശ്യപ്പെടുന്ന പക്ഷവും സ്വന്തം അധികാര പരിധിയിൽപെടുന്ന പക്ഷവും കസ്റ്റഡിയിലെടുക്കുവാനും 24 മണിക്കൂറിനകം മജിസ്ട്രേറ്റിന്റെ മുമ്പിൽ ഹാജരാക്കുവാനും ഒരു പോലീസ് ഉദ്യോഗസ്ഥന് അധികാരമുണ്ട്. 24-ാം വകുപ്പ് പ്രകാരം മജിസ്ട്രേറ്റിന് ഇത്തരം വ്യക്തികളെ ചികിത്സക്കായി ഒരു മനോരോഗാശുപത്രിയിലേക്ക് അയക്കുവാനുള്ള അധികാരമുണ്ട്.

അതുപോലെതന്നെ 25-ാം വകുപ്പ് പ്രകാരം ഒരു പോലീസ് ഉദ്യോഗസ്ഥനോ സ്വകാര്യവ്യക്തിക്കോ അയാളുടെ അധികാരപരിധിയിൽ വരുന്ന പ്രദേശത്ത് ഏതെങ്കിലും മനോരോഗമോ മനോവൈകല്യമോ ഉള്ള വ്യക്തിയെ ബന്ധുവോ, മറ്റു രക്ഷകർത്താവോ അവഹേളിക്കുകയോ അവഗണിക്കുകയോ ചെയ്താൽ അത് മജിസ്ട്രേറ്റിന്റെ മുമ്പിൽ റിപ്പോർട്ടു ചെയ്യാവുന്നതാണ്. ഇത്തരം വ്യക്തികളോട് മോശമായ തരത്തിൽ പെരുമാറിയവർക്കെതിരെ പിഴ ഈടാക്കാനും മാനസികരോഗിയെ തിരികെ സ്വീകരിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാനും മജിസ്ട്രേറ്റിന് അധികാരം ഉണ്ട്.

ഭവനരഹിതരോ അനാഥരോ ആയ മനോവൈകല്യമുള്ളവരുടെ കാര്യത്തിൽ സാധാരണ ഗതിയിൽ 1999-ലെ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ രോഗങ്ങൾ ഉള്ള വ്യക്തികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ദേശീയ സമിതികൾക്കായുള്ള നിയമപ്രകാരം ഒരു രജിസ്റ്റർ ചെയ്ത സ്ഥാപനം വഴി ലോക്കൽ ലെവൽ കമ്മിറ്റിക്ക് പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ് വേണ്ടത്. ലോക്കൽ ലെവൽ കമ്മിറ്റിയാണ് ഇത്തരം ആളുകളുടെ സംരക്ഷണത്തിനായുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നത്.

**ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ ചെയ്യേണ്ട പ്രവർത്തനം.**

1987-ലെ മാനസികാരോഗ്യ നിമയത്തിലെ 24,25 വകുപ്പുകൾ പ്രകാരം ഹാജരാക്കുന്ന മാനസിക രോഗമോ മാനസിക വൈകല്യമോ ഉള്ള വ്യക്തികളുടെ സഹായത്തിനായി ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ ഇത്തരം കാര്യങ്ങളിൽ അവബോധമുള്ള അഭിഭാഷകരുടെ ഒരു പാനൽ രൂപീകരിക്കുകയും അനുയോജ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ മജിസ്ട്രേറ്റിനെ സഹായിക്കുകയും ചെയ്യണം.

1999-ലെ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ രോഗങ്ങൾ ഉള്ള വ്യക്തികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ദേശീയ സമിതികൾക്കായുള്ള നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ, അവഗണിക്കപ്പെട്ടവരും അനാഥ ഭവന രഹിതരുമായ മനോവൈകല്യമുള്ളവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി രക്ഷകർത്താവിനെയോ, രക്ഷകർതൃസ്ഥാപനത്തേയോ നിയമിക്കുന്നതിന് പോലീസിനെ

അവരുടെ പാരാലീഗൽ വോളണ്ടിയർമാർ (PLV) വഴി സഹായിക്കണം.

ഡോക്ടർമാർ, പോലീസ്, ഉദ്യോഗസ്ഥർ, ജുഡീഷ്യൽ മജിസ്ട്രേറ്റ് തുടങ്ങിയ വർ ഉൾപ്പെടെയുള്ള മാനസികാരോഗ്യ പ്രവർത്തകരോട് ചേർന്ന് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ ഫലപ്രദമായ അന്വേഷണ പ്രവർത്തനങ്ങളിലൂടെയും ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെയും അലഞ്ഞുനടക്കുന്ന മാനസിക രോഗികളെ കണ്ടെത്തുകയും അവരുടെ മനുഷ്യാവകാശ സംരക്ഷണത്തിന് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

**കോടതി നടപടികളിലൂടെ മാനസികരോഗികൾക്കും മാനസികവൈകല്യമുള്ള വർക്കും നൽകേണ്ട നിയമ സഹായങ്ങൾ.**

മാനസികരോഗമോ, മാനസികവൈകല്യമോ ഉള്ള വ്യക്തികളുടെ സംരക്ഷണത്തിനായി പ്രധാനമായും രണ്ടു നിയമങ്ങളാണ് ഉള്ളത്.

1. മാനസികാരോഗ്യ നിയമം, (Mental Health Act 1987)

2. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ രോഗങ്ങൾ ഉള്ള വ്യക്തികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ദേശീയ സമിതികൾക്കായുള്ള നിയമം, 1999, (National Trust for the Welfare Person with Autism, cerebral Palsy, Mental Retardation and Muiltiple Disbilities Act, 1999)

ഇത്തരം വ്യക്തികളുടെ കാര്യങ്ങളിൽ മജിസ്ട്രേറ്റോ ലോക്കൽ ലെവൽ കമ്മിറ്റിയോ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് ന്യായവിചാരണ നടത്തിയിരിക്കണമെന്ന് ഈ രണ്ട് നിയമങ്ങളും അനുശാസിക്കുന്നു. കൂടാതെ ഇത്തരം വിചാരണകളിൽ ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ അവരുടെ പി.എൽ.വി വഴിയോ പാനൽ ലോയേഴ്സ് വഴിയോ പങ്കെടുത്തിരിക്കേണ്ടതും ആവശ്യമാണ്.

1987-ലെ മാനസികാരോഗ്യ നിയമത്തിന്റെ 19,20,22,24,25,26,27,28എന്നീ വകുപ്പുകളനുസരിച്ച് റിസെപ്ഷൻ ഓർഡറിനായുള്ള ഒരു അപേക്ഷ ബോധിപ്പിക്കുകയോ കോടതിയിൽ പരിഗണിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പാനൽ ലോയറിനെയോ റീടെയ്നർ ലോയറിനെയോ കോടതിയിലേക്ക് നിയോഗിക്കേണ്ട കടമ ലീഗൽ സർവീസസ് സ്ഥാപനങ്ങൾക്കുണ്ട്.

അത്തരം വ്യക്തികളുടെ താൽപര്യം സംരക്ഷിക്കുന്നതിനായി, റിസെപ്ഷൻ ഓർഡറിനോ ഡിസ്ചാർജ്ജ് ഓർഡറിനോ ഉള്ള അപേക്ഷ നിലനിൽക്കുന്ന സാഹചര്യത്തിൽ, ലീഗൽ സർവീസസ് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകണമെന്ന് മജിസ്ട്രേറ്റിനോട് അപേക്ഷിക്കാവുന്നതാണ്.

ഇത്തരം സാഹചര്യങ്ങളിൽ റീടെയ്നർ ലോയറോ പാനൽ ലോയറോ അപേക്ഷകന്റെ ബന്ധുക്കളോടോ, ഡോക്ടർമാരോടോ അല്ലെങ്കിൽ യോഗ്യരായ മറ്റു വ്യക്തി

കളോടെ ചേർന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും അനുകൂലമായ ഉത്തരവ് നേടിയെടുക്കാൻ സഹായിക്കുകയും വേണം.

പ്രാദേശിക ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ ഇത്തരത്തിൽ റിസപ്ഷൻ ഓർഡർ പാസ്സാക്കിയ വ്യക്തികളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുകയും അവരുടെ ചികിത്സയുടെ പുരോഗതി നിരീക്ഷിക്കുകയും വേണം.

ഇത്തരത്തിൽ റിസപ്ഷൻ ഓർഡർ പ്രകാരം വിട്ടയച്ച ഏതെങ്കിലും മാനസിക രോഗമുണ്ടായിരുന്ന വ്യക്തി അസുഖം ഭേദമായിട്ടും ചികിത്സാകേന്ദ്രത്തിൽ തന്നെ തുടരുന്ന സാഹചര്യമുണ്ടെങ്കിൽ ലീഗൽ സർവീസസ് സ്ഥാപനങ്ങൾ അത് മജിസ്ട്രേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

18-ാം വകുപ്പനുസരിച്ച് ലീഗൽ സർവീസസ് സ്ഥാപനങ്ങൾ പി.എൽ.വി വഴിയോ റീറ്റെയ്നർ അല്ലെങ്കിൽ പാനൽ ലോയേഴ്സ് വഴിയോ സുഖപ്പെട്ട വോളന്ററി പേഷ്യന്റിനെയും അതുമല്ലെങ്കിൽ 19-ാം വകുപ്പനുസരിച്ച് ഇൻവോളന്ററി പേഷ്യന്റിനെയും (involuntary patient) വിട്ടയ്ക്കാനുള്ള അപേക്ഷക്കുവേണ്ട സഹായം നൽകണം.

19-ാം വകുപ്പനുസരിച്ച് ലീഗൽ ക്ലിനിക്കുകൾ വഴിയോ ബോർഡ് ഓഫ് വിസിറ്റേഴ്സ് (Board of Visitors) വഴിയോ ഇത്തരം രോഗികളുടെ പ്രവേശനവും തുടർന്നുള്ള പ്രവർത്തനങ്ങളും ലീഗൽ സർവീസസ് സ്ഥാപനങ്ങൾ നിരീക്ഷിക്കുകയും 90 ദിവസത്തിൽ കൂടുതൽ അവരെ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ടെങ്കിൽ അത് കോടതിയുടെ ഉത്തരവോടുകൂടിയാണെന്ന് ഉറപ്പു വരുത്തുകയും വേണം.

20-ാം വകുപ്പനുസരിച്ചുള്ള കേസുകളിലും ലീഗൽ സർവീസസ് സ്ഥാപനങ്ങൾ വിവരങ്ങൾ സൂക്ഷിക്കുകയും അതുവഴി തെറ്റായ കാരണങ്ങളാൽ രോഗവിമുക്തരായ വ്യക്തികൾ മാനസികരോഗാശുപത്രികളിലോ അതുപോലെയുള്ള സ്ഥാപനങ്ങളിലോ കഴിയുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും വേണം. ഇങ്ങനെ കഴിയുന്ന വ്യക്തികളുണ്ടെങ്കിൽ അവരുടെ മോചനത്തിനായുള്ള നടപടി ക്രമങ്ങൾ എത്രയും വേഗം സ്വീകരിക്കുകയും ചെയ്യണം.

23, 25-ാം വകുപ്പുകൾ പ്രകാരം ലീഗൽ സർവീസസ് സ്ഥാപനങ്ങൾ അലഞ്ഞുനടക്കുന്ന വൈകല്യമുള്ളവരുടെ വിവരശേഖരണവും തുടരന്വേഷണവും നടത്തേണ്ടതാണ്. അതുവഴി 28-ാം വകുപ്പ് പ്രകാരം മജിസ്ട്രേറ്റ് നടത്തുന്ന 10 ദിവസത്തെ നിരീക്ഷണ വിശകലനം കൃത്യമായി നടന്നുവെന്നും 24 (2) (a) പ്രകാരം (Mental Ilness Certificate) കൃത്യസമയത്ത് ലഭിച്ചുവെന്നും ഉറപ്പാക്കാൻ സാധിക്കും.

ലീഗൽ സർവീസസ് സ്ഥാപനങ്ങൾ അവരുടെ ലീഗൽ സർവീസസ് ക്ലിനിക്കുകൾ വഴിയോ പി.എൽ.വി വഴിയോ പാനൽ അല്ലെങ്കിൽ റീട്ടെയ്നർ ലോയേഴ്സ് വഴിയോ രോഗികളുടെ മോചനത്തെപ്പറ്റിയുള്ള വിവരങ്ങൾ സൂക്ഷിക്കുകയും ആവ

ശ്യമായ സാഹചര്യങ്ങളിൽ മോചനത്തിനായുള്ള അപേക്ഷ മെഡിക്കൽ ഓഫീസർക്കോ റിസപ്ഷൻ ഓർഡർ നൽകിയ കോടതിക്കോ സമർപ്പിക്കാനാവശ്യമായ സഹായം നൽകുകയും ചെയ്യണം.

ലീഗൽ സർവീസസ് ക്ലിനിക്കുകൾ, പി.എൽ.വി കൾ, പാനൽ അല്ലെങ്കിൽ റീട്ടെയ്നർ ലോയേഴ്സ് എന്നിവർ മനോരോഗാശുപത്രികളിലോ മറ്റു സ്ഥാപനങ്ങളിലോ അഡ്മിറ്റ് ചെയ്തിരിക്കുന്ന രോഗികൾക്കു അവധി ലഭ്യമാക്കാനുള്ള സഹായം 45,46- വകുപ്പുകൾ പ്രകാരം ചെയ്തുകൊടുക്കേണ്ടതാണ്. കൂടാതെ, 49-ാം വകുപ്പനുസരിച്ച് അപ്പീൽ ഫയൽ ചെയ്യാനും ആവശ്യമായ സഹായം നൽകേണ്ടതാണ്.

മാനസികാരോഗ്യമുള്ള വ്യക്തിയുടെ താത്പര്യം സംരക്ഷിക്കാനായി 50-ാം വകുപ്പനുസരിച്ച് ലീഗൽ സർവീസസ് സ്ഥാപനങ്ങളും അവരുടെ വിചാരണയിൽ പങ്കെടുക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ ലീഗൽ സർവ്വീസസ് സ്ഥാപനത്തിന് നോട്ടീസ് നൽകാനായി ജില്ലാ ജഡ്ജിക്ക് ഒരു അപേക്ഷ ലീഗൽ സർവീസസ് സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

മനോരോഗിയെന്ന് ആരോപിക്കപ്പെടുന്ന വ്യക്തിക്ക് സ്വത്തുവകകൾഉള്ള സാഹചര്യത്തിൽ മാനസികാരോഗ്യ നിയമത്തിലെ 50 (1)(a) മുതൽ 50 (1)(d) വരെയുള്ള വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന വ്യക്തികൾ മാനസികാരോഗ്യ നിയമം ചാപ്റ്റർ 6 ലെ നിയമ വിചാരണയ്ക്കുള്ള അപേക്ഷ നൽകുന്നില്ലായെങ്കിൽ ലീഗൽ സർവീസസ് സ്ഥാപനങ്ങൾ ഇത്തരം വ്യക്തികളുടെ മാനസികനില മനസ്സിലാക്കാനുള്ള നിയമവിചാരണ നടത്തുന്നതിനും ഇവരുടെ സ്വത്തുവകകൾ കൈവശം വയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി മേൽപറഞ്ഞ വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന ഏതൊരു വ്യക്തിയുമായും കത്തിടപാടുകൾ വഴി ബന്ധപ്പെടാവുന്നതാണ്. കൂടാതെ 50 (1)(d) വകുപ്പ് പ്രകാരം ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ അഡ്വക്കേറ്റ് ജനറലിനെയോ ജില്ലാ കളക്ടറെയൊ സമീപിക്കാവുന്നതാണ്. ലീഗൽ സർവീസസ് സ്ഥാപനങ്ങൾ മാനസികാരോഗികൾക്ക് എല്ലാവിധ നിയമസഹായങ്ങളും ജില്ലാ കളക്ടർ ആവശ്യപ്പെടുന്ന പക്ഷം മറ്റു സഹായങ്ങളും മേൽപ്പറഞ്ഞ വകുപ്പുകളുമായി ബന്ധപ്പെട്ട് ചെയ്തുകൊടുക്കേണ്ടതുണ്ട്.

53-ാം വകുപ്പ് പ്രകാരം രക്ഷകർത്താവിനെ നിയമിച്ച സാഹചര്യത്തിലും 54-ാം വകുപ്പ് പ്രകാരം സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് മാനേജരെ നിയമിച്ച സാഹചര്യത്തിലും 71, 79 - വകുപ്പുകൾ പ്രകാരം ജീവനാംശം നൽകാനുള്ള ഉത്തരവ് വന്ന സാഹചര്യത്തിലും ലീഗൽ സർവീസസ് സ്ഥാപനങ്ങൾ തുടരന്വേഷണം നടത്തുകയും മാനസികാരോഗ്യമുള്ള വ്യക്തികളുടെ താത്പര്യം സംരക്ഷിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുകയും വേണം.

76-ാം വകുപ്പ് പ്രകാരം അപ്പീൽ നൽകാനുള്ള എല്ലാ സഹായങ്ങളും ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ നൽകേണ്ടതുണ്ട്.

ലീഗൽ സർവീസസ് സ്ഥാപനങ്ങൾ അവരുടെ ലീഗൽ ക്ലിനിക്കുകൾ വഴിയും പി.എൽ.വി വഴിയും ബോർഡ് ഓഫ് വിസിറ്റേഴ്സ് വഴിയും മനോരോഗാശുപത്രികളിലും അതുപോലെയുള്ള സ്ഥാപനങ്ങളിലും മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നില്ലെന്നും ഉറപ്പു വരുത്തുകയും അഥവാ അത്തരം ലംഘനങ്ങൾ നടക്കുന്നുവെങ്കിൽ അക്കാര്യം ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും വേണം.

1999-ലെ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ രോഗങ്ങളുള്ള വ്യക്തികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ദേശീയ സമിതികളിലുള്ള നിയമം മാനസിക വൈകല്യമുള്ളവരുടെ സംരക്ഷണത്തോടൊപ്പം അവരുടെ മാതാപിതാക്കളുടെ സംരക്ഷണം, മാതാപിതാക്കൾ മരിച്ച മാനസിക വൈകല്യമുള്ളവരുടെ സംരക്ഷണത്തിനായി രക്ഷകർത്താക്കളെ നിയമിക്കൽ തുടങ്ങി ധാരാളം വിഷയങ്ങളടങ്ങിയ ഒരു നിയമമാണ്. അതിനാൽ തന്നെ ഈ ആക്ടിനെപ്പറ്റി പൊതുജനങ്ങളെ അറിയിക്കുന്നതിനും അങ്ങനെ ഈ നിയമത്തെ പ്രയോജനപ്പെടുത്താൻ അവരെ സഹായിക്കുന്നതിനും ലീഗൽ സർവീസസ് സ്ഥാപനങ്ങൾ മുന്നോട്ടു വരേണ്ടതാണ്. പി.എൽ.വി കളും ലീഗൽ സർവീസസ് ക്ലിനിക്കുകളും രക്ഷകർത്താവിനെ നിയമിക്കാനുള്ള കാര്യങ്ങളിൽ മാനസിക വൈകല്യമുള്ളവരുടെയും അവരുടെ കുടുംബത്തെയും സഹായിക്കേണ്ടതാണ്.

മാനസികരോഗമോ മാനസികവൈകല്യമോ ഉള്ള വ്യക്തികളുടെ പിന്തുടർച്ചാവകാശം, ഉടമസ്ഥാവകാശം, സാമ്പത്തികാവകാശം എന്നിവ സംരക്ഷിക്കുവാൻ ലീഗൽ സർവ്വീസസ് സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. മാനസികവൈകല്യമോ മാനസിക രോഗമോ ഉള്ള  വ്യക്തികൾക്കും സാധാരണ ജനങ്ങളെപ്പോലെ സ്ഥാവരജംഗമ വസ്തുക്കൾക്കുള്ള പിന്തുടർച്ചാവകാശവും സ്വത്തു-സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുവാനുമുള്ള അവകാശമുണ്ട്. കൂടാതെ ലോൺ വഴിയോ, പണയം വച്ചോ, മറ്റേതെങ്കിലും തരത്തിലോ പണം കടമായി സ്വന്തമായോ വിശ്വസ്തനായ മറ്റൊരു വ്യക്തി വഴിയോ, വാങ്ങാനും സാധിക്കും. ഇത്തരം കാര്യങ്ങൾക്കുള്ള എല്ലാ നിയമ സഹായങ്ങളും ലീഗൽ സർവീസസ് സ്ഥാപനങ്ങൾ നൽകേണ്ടതുണ്ട്.

1995-ലെ മാനസികവൈകല്യമുള്ളവരുടെ (തുല്യാവസര അവകാശ സംരക്ഷണ പരിപൂർണ്ണ പങ്കാളിത്ത) നിയമത്തിന്റെ എല്ലാ ആനുകൂല്യങ്ങളും നേടിയെടുക്കാൻ മനോവൈകല്യമുള്ള വ്യക്തികളെ ലീഗൽ സർവീസസ് സ്ഥാപനങ്ങൾ സഹായിക്കേണ്ടതാണ്.

ലീഗൽ സർവീസസ് സ്ഥാപനങ്ങൽ മാനസികവൈകല്യമുള്ളവർക്ക് ഉപകാരപ്പെടുന്ന പുതിയ പദ്ധതികൾ കണ്ടെത്തുകയും അവരെയും കുടുംബത്തെയും ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സഹായിക്കുകയും ചെയ്യണം.

**ബോധവത്ക്കരണ പ്രവർത്തനങ്ങളും അവബോധ പ്രവർത്തനങ്ങളും**

ലീഗൽ സർവീസസ് സ്ഥാപനങ്ങൾ എല്ലാ സ്ഥലങ്ങളിലും പ്രത്യേകിച്ച് ഗ്രാമീണ

മേഖലകളിൽ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും അതുവഴി മാനസിക രോഗങ്ങൾ ചികിത്സിച്ചുമാറ്റാവുന്നതാണെന്നും മാനസികവൈകല്യങ്ങളും മാനസികരോഗങ്ങളും ഒരു അപമാനമല്ലെന്നും സമൂഹത്തെ ബോധ്യപ്പെടുത്തുകയും വേണം.

ലീഗൽ സർവീസസ് സ്ഥാപനങ്ങൽ മനോരോഗവിദഗ്ദരുടെയും അഭിഭാഷകരുടെയും സാമൂഹിക പ്രവർത്തകരുടെയും സഹായത്തോടെ നിയമ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും അതിൽ പങ്കെടുക്കുന്നവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും തെറ്റിദ്ധാരണകൾ മാറ്റുകയും ചെയ്യേണ്ടതാണ്. അങ്ങനെ മനോവൈകല്യമോ മനോരോഗമോ ഉള്ള വ്യക്തികളോടും സാധാരണക്കാരോടെന്നപോലെ തന്നെ പെരുമാറേണ്ടതാണെന്ന് സമൂഹത്തിന് അവബോധം നൽകാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

ലീഗൽ സർവീസസ് അഭിഭാഷകൻ ഇത്തരം ക്യാമ്പുകളിൽ മാനസികവൈകല്യമോ മാനസികരോഗമോ ഉള്ള വ്യക്തികളുടെ നിയമപരമായ എല്ലാ അവകാശങ്ങളെപ്പറ്റിയും അവരുടെ കുടുംബത്തെയും സമൂഹത്തെയും പഠിപ്പിക്കേണ്ടതാണ്.

SLSA-കളോ DLSA-കളോ ജുഡീഷ്യൽ അക്കാഡമിയോ ചേർന്ന് ജുഡീഷ്യൽ ഓഫീസർമാർക്കായി പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും അതുവഴി ഇത്തരം ആളുകളും അവരുടെ രക്ഷകർത്താക്കളും മറ്റു കുടുംബാംഗങ്ങളും ബന്ധുക്കളും നേരിടുന്ന നിയമപരമായും സാമൂഹികവുമായും നേരിടുന്നുള്ള പ്രശ്നങ്ങൾ അറിയിക്കുകയും ചെയ്യണം.

ഇതേപോലെയുള്ള പരിപാടികൾ ബാർ അസോസിയേഷന്റെ സഹായത്തോടെ പാനൽ ലോയേഴ്സിനും അഭിഭാഷകവൃത്തിയിലേർപ്പെട്ടിരിക്കുന്ന മറ്റു വ്യക്തികൾക്കുമായി സംഘടിപ്പിക്കാനും ലീഗൽ സർവീസസ് സ്ഥാപനങ്ങൾ ശ്രമിക്കണം.

ലീഗൽ സർവീസസ് സ്ഥാപനങ്ങൾ മാനസികവൈകല്യമോ മാനസികരോഗമോ ഉള്ള വ്യക്തികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ NGO-കളും മറ്റു സ്വതന്ത്ര്യ സാമൂഹിക സംഘടനകളുമായി കൂടിച്ചേർന്ന് പ്രവർത്തിക്കേണ്ടതാണ്.

# ദാരിദ്ര്യ നിർമാർജന പദ്ധതികളുടെ ഫല പ്രദമായ നടത്തിപ്പിനായുള്ള NALSA യുടെ പദ്ധതി, 2015

# ദാരിദ്ര്യ നിർമാർജന പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായുള്ള NALSAയുടെ പദ്ധതി, 2015

1) **പശ്ചാത്തലം**

1987–ലെ ലീഗൽ സർവീസസ് അതോറിറ്റി ആക്ടിന്റെ 4(1)–ാം വകുപ്പ് പ്രകാരം നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി കേന്ദ്ര അതോറിറ്റിയായി നിയമിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തിന് നിയമസാക്ഷരതയും നിയമബോധവും പ്രത്യേകിച്ച് ദുർബലവിഭാഗങ്ങൾക്ക് സാമൂഹികക്ഷേമ പരിപാടികൾ നല്കുന്ന അവകാശങ്ങളെപ്പറ്റിയും ആനുകൂല്യങ്ങളെപ്പറ്റിയും നിയമങ്ങളെപ്പറ്റിയും അവരെ ബോധവാൻമാരാക്കാനും നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി കടപ്പെട്ടിരിക്കുന്നു. 1987–ലെ ലീഗൽ സർവീസസ് അതോറിറ്റി ആക്ടിന്റെ ആമുഖത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച്, ലീഗൽ സർവീസസ് അതോറിറ്റികൾ സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ കൂടുതൽ പരിഗണിക്കുകയും സാമ്പത്തിക പരാധീനതകളോ മറ്റേതെങ്കിലും ബലഹീനതകളോ മൂലം ഒരു വ്യക്തിക്കും നീതി നിഷേധിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുകയും വേണം.

പലപ്പോഴും കഴിവില്ലായ്മയോ, സാമൂഹിക ഘടന മൂലമോ, സാമ്പത്തിക പാർശ്വവത്ക്കരണമോ, ചൂഷണമോ, സാമൂഹിക മൂല്യങ്ങളോ, സാംസ്കാരിക നിയമങ്ങളോ മൂലമോ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളുടെ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കാതെ വരുന്നു. ഇത്തരം സാഹചര്യങ്ങൾ മുന്നിൽക്കണ്ട് ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങളുടെ യഥാർത്ഥ പ്രയോജനം അർഹരായവരുടെ ശ്രദ്ധയിൽ എത്തിക്കുക എന്നതായിരിക്കണം നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയുടെ ദൗത്യം. ലീഗൽ സർവീസസ് സ്ഥാപനങ്ങളുടെ എല്ലാ മേഖലകളിലുമുള്ള സാന്നിദ്ധ്യം മൂലം ഇത്തരം പ്രവർത്തനങ്ങൾക്ക് ഈ സ്ഥാപനങ്ങൾ തന്നെയാണ് ഏറ്റവും അനുയോജ്യമായത്. അതിനാൽ തന്നെ ദാരിദ്ര്യ നിർമാർജനത്തിനും സാമൂഹിക സുരക്ഷക്കുള്ള നടപടികൾ സ്വീകരിക്കാനും ഇത്തരം നടപടികൾ എല്ലാവരിലേക്കും എത്തിക്കാനും അവയെ ഫലപ്രദമായ രീതിയിൽ വിശകലനം ചെയ്യുവാനുമുള്ള ഒരു പ്രക്രിയയാണ് ഈ പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. പ്രാദേശികമായ വ്യതിയാനങ്ങളും ഭേദങ്ങളും ആവശ്യങ്ങളുമുണ്ടാവുമെന്നതിനാൽ തന്നെ പ്രാദേശിക ലീഗൽ എയ്ഡ് അതോറിറ്റികൾക്ക് അവരുടെ ആവശ്യാനുസരണം രൂപപ്പെടുത്താവുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്.

ദാരിദ്ര്യമെന്നത് കേവലം സാമ്പത്തിക പരാധീനതകൾ മാത്രമല്ല ത്രിമാനമായ തലങ്ങളിലുള്ള ഒരു അനുഭവമാണെന്ന തത്വത്തിലാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ത്രിമാന തലങ്ങളിലുള്ള ദാരിദ്ര്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ആരോഗ്യം (മാനസികാരോഗ്യമുൾപ്പെടെ), പാർപ്പിട സൗകര്യം, പോ

ഷകാഹാരം, തൊഴിൽ, പെൻഷൻ, ശിശുമരണ നിരക്ക്, മാതൃസംരക്ഷണം, ജലലഭ്യത, വിദ്യാഭ്യാസം, പൊതുശുചിത്വ നിലവാരം, സബ്സിഡികൾ, അടിസ്ഥാന സേവനങ്ങൾ, സാമൂഹിക ബഹിഷ്കരണം, വിവേചനം എന്നീ ഘടകങ്ങളെക്കൂടി പരിഗണിച്ചാണ്. സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമ്പോൾ ചൂഷിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായവർ വിവിധ തലങ്ങളിലുള്ള ദാരിദ്ര്യമനുഭവിക്കുന്നവരാണെന്ന കാര്യം ലീഗൽ സർവീസസ് അതോറിറ്റികൾ പരിഗണിക്കണം.

2) **പദ്ധതിയുടെ പേര്**

ഈ പദ്ധതിയുടെ പേര് 'ദാരിദ്ര്യനിർമാർജന പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായുള്ള NALSA-യുടെ പദ്ധതി, 2015' [NALSA (Effective Implementation of Poverty Alleviation Schemes) Scheme, 2015) എന്നായിരിക്കും.

3) **നിർവചനം**

1) 'ആക്ട് എന്നതുകൊണ്ടുദ്ദേശിക്കുന്നത് ലീഗൽ സർവീസസ് അതോറിറ്റി ആക്ട്, 1987 ആണ്.

2) 'ദേശീയ അതോറിട്ടി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ആക്ടിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിരിക്കുന്ന ദേശീയ ലീഗൽ സർവീസസ് അതോറിറ്റി എന്നാണ്.

3) 'പരാതിക്കാരനായ ഗുണഭോക്താവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദാരിദ്ര്യനിർമാർജന പദ്ധതികളുടെ ഏതെങ്കിലും നിയുക്ത അധികാരിക്കെതിരെയോ ഓഫീസർക്കെതിരെയോ പരാതി സമർപ്പിച്ചിരിക്കുന്ന പദ്ധതിയുടെ ഗുണഭോക്താവാണ്.

4) 'ജില്ലാ അതോറിറ്റി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ആക്ടിന്റെ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയെയാണ്.

5) 'ലീഗൽ സർവീസസ് ഓഫീസർ എന്നത് സ്കീമിൽ അത്തരം കാര്യങ്ങൾക്കായി നിയമിച്ചിരിക്കുന്ന എല്ലാ വ്യക്തികളെയും പ്രതിനിധീകരിക്കുന്നു.

6) 'പാരാ ലീഗൽ വോളന്റിയേഴ്സ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് NALSA-യുടെ PLVകൾക്കായുള്ള പ്രവേശനം, പ്രവേശനാന്തര പരിശീലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്കീമിലെ PLV-യുടെ അതേ അർത്ഥത്തോടെയാണ്.

7) 'ദാരിദ്ര്യനിർമാർജന പദ്ധതി എന്നാൽ കേന്ദ്രഗവൺമെന്റിന്റെയൊ സം

സ്ഥാനഗവൺമെന്റിന്റെയൊ ദാരിദ്ര്യനിർമാർജനത്തിനായുള്ള ഏതുതല ത്തിലുള്ള പദ്ധതിയുമാകാം. ഇതിൽ സാമൂഹിക സുരക്ഷക്കുള്ള വ്യവ സ്ഥകളുമുണ്ടാകാം.

8) 'പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നാൽ

a. പട്ടികജാതി, പട്ടികവർഗത്തിലുള്ള വ്യക്തികളും

b. ദാരിദ്ര്യനിർമാർജന പദ്ധതികൾക്ക് അപേക്ഷിക്കാൻ യോഗ്യരായ വ്യക്തി കളും

c. പ്രത്യേക സാമ്പത്തിക സാമൂഹിക രാഷ്ട്രീയ നടപടികൾക്ക് അർഹരായ എല്ലാ വ്യക്തികളും (ഇത് കുട്ടികളിലോ സ്ത്രീകളിലോ മൂന്നാം വർഗ ക്കാരിലോ ഒതുങ്ങുന്നതല്ല) ഉൾപ്പെടുന്നതാണ്.

9) 'സംസ്ഥാന അതോറിറ്റി എന്നത് ആക്ടിന്റെ 6-ാം വകുപ്പനുസരിച്ച് രൂപീകരി ക്കപ്പെട്ട സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയാണ്.

10) 'താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി എന്നത് ആക്ടിന്റെ 11-ാം വകുപ്പനുസ രിച്ച് രൂപീകരിക്കപ്പെട്ട താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റിയാകുന്നു.

11) ലീഗൽ സർവീസസ് ക്ലിനിക്കുകൾ, ഫ്രണ്ട് ഓഫീസ്, പാനൽ ലോയേഴ്സ്, റീ റ്റെയ്നർ ലോയേഴ്സ് എന്നീ പദങ്ങൾക്ക് നാഷണൽ ലീഗൽ സർവീസസ് അ തോറിറ്റി (ഫ്രീ ആന്റ് കോപീറ്റന്റ് ലീഗൽ സർവീസസ്) റെഗുലേഷൻസ്, 2010-ലെയും നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി (ലീഗൽ സർവീസ സ് ക്ലിനിക്സ്) റെഗുലേഷൻസ്, 2010-ലെയും അതേ അർത്ഥമാണുള്ളത്.

4) **സ്കീമിന്റെ ലക്ഷ്യങ്ങൾ**

ഈ സ്കീമിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1) സാമൂഹികമായോ സാമ്പത്തികമായോ പിന്നോക്കം നിൽക്കുന്ന വിഭാ ഗങ്ങളുടെ മൗലികാവകാശങ്ങളും ആനുകൂല്യങ്ങളും അവർക്ക് ലഭ്യമാക്കുന്നുവെന്ന് ഉറ പ്പുവരുത്തുക.

2) ദേശീയ സംസ്ഥാന ജില്ലാ താലൂക്ക് തലങ്ങളിലുള്ള സാമൂഹികമായും സാമ്പ ത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് ദാരിദ്ര്യ നിർമാർജന പദ്ധതികൾ നൽകുന്ന സേവനങ്ങൾ നേടിയെടുക്കാനുള്ള നിയമസഹായം നല്കുക.

3) ജില്ലാ അതോറിറ്റി അംഗങ്ങൾ, താലൂക്ക് ലീഗൽ സർവീസസ് അതോറിറ്റി അം ഗങ്ങൾ, പാനൽ ലോയേഴ്സ്, സാമൂഹിക പ്രവർത്തകർ, PLV-കൾ, ലീഗൽ എ യ്ഡ് ക്ലിനിക്കിലെ അംഗങ്ങൾ എന്നിവർ വഴി ദാരിദ്ര്യനിർമാർജന പദ്ധതികളെ പ്പറ്റിയുള്ള അവബോധം നല്കുക.

4) നിലവിലുള്ള ദാരിദ്ര്യനിർമാർജനത്തെ സംബന്ധിച്ചുള്ള എല്ലാ ദേശീയ സംസ്ഥാന പദ്ധതികൾ, നിയന്ത്രണങ്ങൾ പോളിസികൾ, പോളിസി നിയന്ത്രണങ്ങൾ, കൺവെൻഷനുകൾ, ചട്ടങ്ങൾ, റിപ്പോർട്ടുകൾ എന്നിവ ഉൾപ്പെടുത്തി ഒരു വിവരശേഖരണം (data base) നടത്തുകയും ഈ പദ്ധതികൾക്കായുള്ള ഫണ്ടിനെക്കുറിച്ചുള്ള പുതിയ വിവരങ്ങൾ സൂക്ഷിക്കുകയും ചെയ്യുക.

5) പാനൽ ലോയേഴ്സ്, PLV-കൾ, ദാരിദ്ര്യനിർമാർജന പദ്ധതികളുടെ കീഴിൽ വരുന്ന ഉദ്യോഗസ്ഥർ, ലീഗൽ എയ്ഡ് ക്ലിനിക്കുകളിലെ വോളന്റിയർമാരായ വിദ്യാർത്ഥികൾ എന്നിവരുടെ കഴിവും ആത്മാർത്ഥതയും വർദ്ധിപ്പിക്കുന്നതിനായി പരിശീലന പദ്ധതികളും നവീകരണ പദ്ധതികളും ഏറ്റെടുത്ത് നടത്തുക.

6) സാമ്പത്തിക സാമൂഹിക ദുർബല വിഭാഗങ്ങളുടെ ക്ഷേമത്തിനായി നിയോഗിക്കപ്പെട്ടതോ ബന്ധപ്പെട്ടതോ ആയ ഗവൺമെന്റ് സംഘടനകൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ, അധികാരികൾ, NGOകൾ, മറ്റു സംഘടനകൾ, എന്നിവ തമ്മിൽ പരസ്പരബന്ധവും ഏകോപനവും വളർത്തുക.

5) **ദാരിദ്ര്യനിർമാർജന പദ്ധതികളുടെ കണ്ടെത്തൽ** (identification)

1) എല്ലാ സംസ്ഥാന അതോറിറ്റികളും നിലവിലുള്ളതും സംസ്ഥാനത്തിനു ബാധകവുമായ എല്ലാ ദാരിദ്ര്യനിർമാർജന പദ്ധതികളും കണ്ടെത്തുകയും അവയെപ്പറ്റി ഒരു പട്ടിക എല്ലാ പന്ത്രണ്ട് മാസത്തിലും ജില്ലാ ലീഗൽ അതോറിറ്റിക്ക് നൽകുകയും വേണം. ഈ പട്ടികയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കണം.

   അ) സംസ്ഥാനത്തിനു ബാധകമായ ദാരിദ്ര്യനിർമാർജന പദ്ധതികളും ആ വർഷം അതു നടപ്പിലാക്കുന്ന ജില്ലകളുടെ പേരുകളും.

   ആ) ഓരോ പദ്ധതിയുടെയും ഉദ്ദിഷ്ട ഗുണഭോക്താക്കൾ.

   ഇ) ഓരോ പദ്ധതിയുടെയും ആനുകൂല്യം ലഭിക്കാനായി സമീപിക്കേണ്ട നിയുക്ത അതോറിറ്റികളുടെയും ഓഫീസർമാരുടെയും പേരുകൾ.

   ഈ) പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ രേഖകളുടെ പട്ടിക.

   ഉ) ഓരോ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ.

   ഊ) ഒരു വർഷത്തേക്ക് ദേശീയ സംസ്ഥാന സർക്കാരുകൾ ഈ പദ്ധതികൾക്കായി നീക്കിവെച്ചിരിക്കുന്ന തുക.

2) ഇത്തരത്തിൽ 1-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന അതോറിറ്റി തയാറാക്കുന്ന പട്ടിക പ്രതിവർഷം എല്ലാ ജില്ലാ ലീഗൽ സർവീസസ് സ്ഥാപനങ്ങൾക്കിടയിലും

പ്രചരിപ്പിക്കുകയും ഈ പട്ടികയുടെ ഒരു കോപ്പി കേന്ദ്രഅതോറിറ്റിക്ക് അയക്കുകയും വേണം.

3) ഈ പട്ടിക സംസ്ഥാനഗവൺമെന്റ് അവരുടെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം.

4) എല്ലാ ജില്ലാ അതോറിറ്റികളും സംസ്ഥാന അതോറിറ്റി തയാറാക്കിയ പട്ടിക ലഭിക്കുന്ന മുറക്ക് അതിന്റെ ഒരു കോപ്പി ഏഴു ദിവസത്തിനുള്ളിൽ താഴെപ്പറയുന്ന അധികാരികൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.

a) ജില്ലയിലെ എല്ലാ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികൾ.

b) ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾ

c) ലീഗൽ സർവീസസ് ക്ലിനിക്കുകളിൽ ജോലി ചെയ്യുന്ന വ്യക്തികൾ, പഞ്ചായത്ത് അംഗങ്ങൾ, നിയമവിദ്യാർത്ഥികൾ, ഈ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുന്ന മറ്റു പാരാ ലീഗൽ വോളന്റിയേഴ്സ് എന്നിവർ.

6) **ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ആസൂത്രണം**

1) ജില്ലയിൽ ലഭ്യമായ ദാരിദ്ര്യനിർമാർജന പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ അതുമായി ബന്ധപ്പെട്ട ജില്ലാ അതോറിറ്റികളുമായി ചേർന്ന് സംസ്ഥാന അതോറിറ്റി ആസൂത്രണം ചെയ്യേണ്ടതാണ്. ദാരിദ്ര്യനിർമാർജന പദ്ധതികൾ ലഭിക്കാനാവശ്യമായ നിയമസഹായങ്ങളെപ്പറ്റി അറിവുനൽകാൻ പഞ്ചായത്ത് മീറ്റിംഗുകളിലും ടൗൺഹാൾ മീറ്റിംഗുകളിലും പൾസ് പോളിയോ ക്യാമ്പുകളിലും ഉത്സവങ്ങളിലും മറ്റു കൂട്ടായ്മകളിലും താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികൾ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

2) തങ്ങളുടെ അധികാരപരിധിയിൽ നടപ്പിലാക്കിയ പ്രോഗ്രാമുകളുടെ പട്ടിക എല്ലാ ആറു മാസം കൂടുമ്പോഴും സംസ്ഥാന അതോറിറ്റി കേന്ദ്ര അതോറിറ്റിക്ക് അയച്ചു നൽകേണ്ടതാണ്.

7) **ലീഗൽ സർവീസസ് ഓഫീസർമാരും പാരാ ലീഗൽ വോളന്റിയേഴ്സും**

1) ഈ പദ്ധതിയുടെ ലക്ഷ്യത്തിനായി എല്ലാ ജില്ലാ അതോറിറ്റികളും താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികളും കുറഞ്ഞത് മൂന്ന് പാനൽ ലോയേഴ്സിനെ ലീഗൽ സർവീസ് ഓഫീസർമാരായി നിയമിക്കണം.

2) ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ജില്ലാ അതോറിറ്റി ലീഗൽ സർവീസസ് ഓഫീസറിന്റെ നേതൃത്വത്തിൽ PLV-കളുടെ ഒരു ടീമുണ്ടാക്കണം. ഈ ലീഗൽ സർവീസസ് ഓഫീസർ ദാരിദ്ര്യനിർമാർജന പദ്ധതികളുടെ ഗുണഭോക്താക്കളെ സഹായിക്കാനായി തന്റെ ടീമിന്റെ മേൽനോട്ടം വഹിക്കുകയും ഉപദേശകനായി പ്രവർത്തിക്കുകയും വേണം.

3) സാമൂഹിക സാമ്പത്തിക ദുർബലവിഭാഗങ്ങളുടെ ആവശ്യങ്ങളെപ്പറ്റിയും ദാരിദ്ര്യനിർമാർജന പദ്ധതികൾവഴി അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റിയും അവബോധമുണ്ടാക്കുവാനായി പാനൽ ലോയേഴ്സ്, ലീഗൽ സർവീസസ് ക്ലിനിക്കുകളിലെ അംഗങ്ങൾ, പഞ്ചായത്ത് മെമ്പർമാർ, നിയമവിദ്യാർത്ഥികൾ, മറ്റു PLV-കൾ എന്നിവർക്ക് പ്രത്യേക പരിശീലന പരിപാടികൾ ജില്ലാ അതോറിറ്റികൾ നടത്തണം.

8) **ദാരിദ്ര്യ നിർമാർജന പദ്ധതികളുടെ ആനുകൂല്യം ലഭിക്കാനായി നൽകുന്ന നിയമസഹായങ്ങൾ**

ദാരിദ്ര്യ നിർമാർജന പദ്ധതികളുടെ ആനുകൂല്യങ്ങൾ തേടുന്ന എല്ലാ ഗുണഭോക്താക്കൾക്കും ആവശ്യമായ നിയമസഹായം നല്കേണ്ടതുണ്ട്. ലീഗൽ സർവീസസ് ഓഫീസർമാരും വോളന്റിയേഴ്സും നല്കുന്ന ഇത്തരം നിയമസഹായങ്ങൾ താഴെപ്പറയുന്നവയാണ്.

1) പദ്ധതിയുടെ ഗുണഭോക്താക്കളെ അർഹമായ എല്ലാ ദാരിദ്ര്യനിർമാർജന പദ്ധതികളെപ്പറ്റിയും അവരുടെ ആനുകൂല്യങ്ങളെപ്പറ്റിയും അറിയിക്കുക.

2) സ്കീമിന്റെ ഗുണഭോക്താവിന് ആനുകൂല്യങ്ങൾ ലഭിക്കാൻ ആവശ്യമായ രേഖകൾ ശേഖരിക്കാൻ സഹായിക്കുക.

3) ദാരിദ്ര്യനിർമാർജന പദ്ധതികളുടെ രജിസ്ട്രേഷനായി സമീപിക്കേണ്ട നിയുക്താധികാരികളുടെയോ ഉദ്യോഗസ്ഥരുടെയോ പേരും, അഡ്രസും ഗുണഭോക്താവിനെ അറിയിക്കുക.

4) ഗുണഭോക്താക്കളോടൊപ്പം ഏതെങ്കിലും PLV-യെയോ ലീഗൽ സർവീസസ് ക്ലിനിക്കുകളിൽ നിന്നുള്ള അംഗങ്ങളെയോ മേൽപ്പറഞ്ഞ ദാരിദ്ര്യനിർമാർജന പദ്ധതികളുമായി ബന്ധപ്പെട്ട ഓഫീസിലേക്കോ അധികാരികളുടെ അടുത്തേക്കോ അയയ്ക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കുക.

5) ഇത്തരം പദ്ധതികളുടെ ഗുണഭോക്താവുമായി സഹകരിക്കുകയും അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാൻ സഹായിക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ PLV-യുടെ അടുത്തോ ലീഗൽ സർവീസസ് ഓഫീസറുടെ അടുത്തോ പരാതി രജിസ്റ്റർ ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് ഗുണഭോക്താവിനെ അറിയിക്കുക.

6) മേൽപ്പറഞ്ഞ തരത്തിൽ നൽകിയ പരാതികളുടെ റെക്കോർഡ് സൂക്ഷിക്കുക.

7) ഗുണഭോക്താക്കൾക്ക് ലീഗൽ ഓഫീസറുമായി ബന്ധപ്പെടാൻ ഫോൺ നമ്പർ ഉള്ള സാഹചര്യത്തിൽ അതു നൽകുകയും ജോലി സമയത്ത് ഗുണഭോക്താക്കൾക്ക് ഫോൺ കോളുകൾ വഴി ലീഗൽ സർവീസസ് ഓഫീസറുമായി ബന്ധപ്പെടാനുള്ള അവസരം നൽകുകയും വേണം.

9) **പരാതികളുടെ മേൽ ലീഗൽ സർവീസസ് ഓഫീസർമാർ സ്വീകരിക്കേണ്ട ന ടപടികൾ**

1) 8-ാം വകുപ്പിലെ 5-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള പരാതി കൾ ലഭിക്കുന്ന പക്ഷം, ലീഗൽ സർവീസസ് ഓഫീസർ പരാതിക്കാരനായ ഗു ണഭോക്താവിനോടൊപ്പം നിയുക്ത ഓഫീസറുടെയോ അധികാരികളുടെയോ ഓഫീസിലേക്ക് പോവുകയും അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ ആ വ്യക്തിയെ സഹായിക്കുകയും വേണം.

2) നിയുക്ത അധികാരിയോ ഉദ്യോഗസ്ഥനോ, പരാതിക്കാരനായ ഗുണഭോക്താ വിനെ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിരസ്സിക്കുന്ന സാഹചര്യത്തിൽ ലീഗൽ സർവീസസ് ഓഫീസർ ജില്ലാ അതോറിറ്റിക്ക് പരാതി സമർപ്പിക്കണം. ഈ പ രാതിയിൽ മേൽപ്പറഞ്ഞ ഉദ്യോസ്ഥന്റെ പെരുമാറ്റത്തെപ്പറ്റിയും സ്കീമിന്റെ ആ നുകൂല്യം നിരസിച്ച സാഹചര്യത്തെപ്പറ്റിയും അത്തരം നിരസിക്കൽ ആവശ്യമാ യ എല്ലാ രേഖകളും സമർപ്പിച്ച സാഹചര്യത്തിലായിരുന്നുവോ എന്നതിനെപ്പ റ്റിയും പ്രതിപാദിച്ചിരിക്കണം.

10) **പരാതികളുടെ മേൽ ജില്ലാ അതോറിറ്റിയും സംസ്ഥാന അതോറിറ്റിയും സ്വീ കരിക്കേണ്ട നടപടികൾ**

1) ഇത്തരം ഒരു പരാതി ലഭിക്കുന്ന സാഹചര്യത്തിൽ ജില്ലാ അതോറിറ്റി ദാരിദ്ര്യ നിർമാർജന പദ്ധതിയുടെ ആനുകൂല്യം പരാതിക്കാരന് നൽകാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കിയുള്ള റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ആവശ്യപ്പെടണം. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരാതിക്കാരനായ ഗുണഭോക്താ വിനെ ദാരിദ്ര്യനിർമാർജന പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതിനെപ്പറ്റി മതിയാ യ കാരണങ്ങൾ നൽകാത്ത സാഹചര്യത്തിൽ ജില്ലാ അതോറിറ്റി ഈ കാര്യം ആ ഡിപ്പാർട്ട്മെന്റിലെ മേലുദ്യോഗസ്ഥനെ അറിയിക്കണം.

2) ഇത്തരം മേലുദ്യോഗസ്ഥനും മതിയായ കാരണങ്ങളില്ലാതെ പരാതിക്കാരന്റെ അപേക്ഷ നിരസിക്കുന്ന സാഹചര്യത്തിൽ ജില്ലാ സംസ്ഥാന അതോറിറ്റി ഇത് സംസ്ഥാന അതോറിറ്റിയെ അറിയിക്കണം.

3) ജില്ലാ അതോറിറ്റിയിൽ നിന്നും ഇത്തരം വിവരം ലഭിക്കുന്ന സാഹചര്യത്തിൽ പരാതിക്കാരന്റെ ആനുകൂല്യം നേടിയെടുക്കാനായി അതോറിറ്റിക്ക് നിയമനട പടികൾ ആരംഭിക്കുകയോ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി വീണ്ടും ബന്ധ പ്പെടുകയോ ചെയ്യാം.

4) PLV വഴിയോ ലീഗൽ സർവീസസ് ക്ലിനിക്കുകൾ വഴിയോ പരാതിയുടെ സ്ഥി തിഗതികളെപ്പറ്റി പരാതിക്കാരനെ ജില്ലാ അതോറിറ്റി അറിയിക്കണം.

11) **സ്കീമിന്റെ അവലോകനം**

1) എല്ലാ ലീഗൽ സർവീസസ് ഓഫീസർമാരും നിയമസഹായം തേടിയ എല്ലാ ഗുണഭോക്താക്കളുടെയും കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും താഴെപ്പറയുന്ന കാര്യങ്ങൾ റെക്കോർഡ് ചെയ്യുകയും വേണം.

   അ) പരാതിക്കാരന് ദാരിദ്ര്യനിർമാർജന പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനും ആനുകൂല്യങ്ങൾ നേടാനും സാധിച്ചുവോ എന്നതും

   ആ) രജിസ്റ്റർ ചെയ്യാനും ആനുകൂല്യങ്ങൾ നേടിയെടുക്കാനും ഗുണഭോക്താക്കൾ നേരിട്ട പ്രശ്നങ്ങളെപ്പറ്റിയും

2) 1-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന രീതിയിൽ അതതു ജില്ലയിലെ ലീഗൽ സർവീസസ് ഓഫീസർമാർ റെക്കോർഡ് ചെയ്തിരിക്കുന്ന കാര്യങ്ങളെല്ലാം സമാഹരിച്ച് ജില്ലാ അതോറിറ്റി, അത്തരം നിരീക്ഷണങ്ങളുടെ ഒരു കോപ്പി എല്ലാ ആറു മാസത്തിലും സംസ്ഥാന അതോറിറ്റിക്ക് അയച്ചുകൊടുക്കണം.

3) ജില്ലാ അതോറിറ്റികളിൽ നിന്നും മേൽപ്പറഞ്ഞ രീതിയിൽ ലഭിക്കുന്ന നിരീക്ഷണങ്ങളുടെ കോപ്പികൾ സംസ്ഥാന അതോറിറ്റി സമാഹരിക്കുകയും ആറു മാസത്തിലൊരിക്കൽ ഈ സ്കീം ഫലപ്രദവും പ്രാവർത്തികവുമാണോ എന്ന് പുനപരിശോധന ചെയ്യാൻ ഒരു മീറ്റിംഗ് നടത്തുകയും വേണം. ഈ മീറ്റിംഗിന്റെ മിനിറ്റ്സ് തയാറാക്കി ഔദ്യോഗിക രേഖയാക്കി സൂക്ഷിക്കുകയും വേണം.

4) 3-ാം ഉപവകുപ്പനുസരിച്ച് ഇത്തരം മീറ്റിംഗുകളിൽ ഏതെങ്കിലും ദാരിദ്ര്യനിർമാർജന പദ്ധതികൾക്ക് ഏതെങ്കിലും തരത്തിലുള്ള നൂനതകൾ സംസ്ഥാന അതോറിറ്റി കണ്ടെത്തുന്ന സാഹചര്യത്തിൽ അത്തരം ന്യൂനതകളെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ആനുകൂല്യങ്ങൾ നേടാൻ ബുദ്ധിമുട്ടുള്ള ഇത്തരം പദ്ധതികളെ അങ്ങനെ മെച്ചപ്പെടുത്തുകയും ഫലപ്രദമായി നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്.

# ഗോത്രവർഗ്ഗ അവകാശ സംരക്ഷണത്തിനും നിർവ്വഹണത്തിനുമുള്ള NALSAയുടെ പദ്ധതി, 2015.

# ഗോത്രവർഗ്ഗ അവകാശ സംരക്ഷണത്തിനും നിർവ്വഹണ ത്തിനുമുള്ള NALSAയുടെ പദ്ധതി, 2015.

**പശ്ചാത്തലം**

2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ആദിവാസി വിഭാഗങ്ങളുടെ (ഷെഡ്യൂൾഡ് ട്രൈബ്സ്) ജനസംഖ്യ 10,42,81,034 ആയി തിട്ടപ്പെടുത്തിയിരിക്കുന്നു. ഇത് രാജ്യത്തെ ആകെ ജനസംഖ്യയുടെ 8.6% ആണ്. ഇന്ത്യയിലെ ഗോത്രവർഗ്ഗ വിഭാഗങ്ങൾ ഒന്നിനോടൊന്ന് വളരെയധികം വ്യത്യസ്തവും വിഭിന്നവുമാണ്.

സംസാര ഭാഷ, ജനസംഖ്യയുടെ വലുപ്പം, ജീവിതരീതി എന്നിവയുടെ കാര്യത്തിൽ വിവിധ ഗോത്രങ്ങൾ തമ്മിൽ പ്രകടമായ വ്യത്യാസം കാണാനാകും. 2011 ലെ സെൻസസ് പ്രകാരം 705 വിഭാഗങ്ങളെയാണ് പട്ടിക വർഗ്ഗ (ഷെഡ്യൂൾഡ് ട്രൈബ്) വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ വിവിധ പ്രവിശ്യകൾ വ്യത്യസ്തതയാർന്നവയും ഒരുപോലെയല്ലാത്തതുമാണ്. ഏകദേശം 220 ഓളം വർഗ്ഗങ്ങളും അത്രതന്നെ ഭാഷകളും ഉപ ഭാഷകളും ഇവിടെ കാണാനാകും. ഇവയെ ടിബറ്റോ ബർമൻ, മോൺ-ഖെമർ, ഇൻഡോ യൂറോപ്യൻ എന്നിങ്ങനെപ്രധാനമായും 3 വിഭാഗങ്ങളായി തിരിക്കാം.

ആദിവാസി വിഭാഗങ്ങൾക്കിടയിൽതന്നെയുള്ള ചില പ്രത്യേക വിഭാഗങ്ങളെ പ്രത്യേക ദുർബലവിഭാഗങ്ങൾ എന്ന നിലയിൽ പരിഗണിച്ചിരിക്കുന്നു. (Particularly Vulnerable Tribe Groups അഥവാ PVTGs) ഇവ ആദ്യം അറിയപ്പെട്ടിരുന്നത് പുരാതനആദിവാസി വിഭാഗങ്ങൾ എന്ന പേരിലായിരുന്നു. ആദിവാസിവിഭാഗങ്ങൾക്കിടയിൽതന്നെ ഇവക്കുള്ള പിന്നോക്കാവസ്ഥയും ദുർബലതയും പരിഗണിച്ചാണ് ഇത്തരത്തിലുള്ള ഒരു തരംതിരിവ് വരുത്തിയിരിക്കുന്നത്.

PVTGs വിഭാഗത്തിൽ ഇപ്പോൾ 75 ആദിവാസി വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയെ താഴെപ്പറഞ്ഞിരിക്കുന്ന വസ്തുതകളുടെ പേരിലാണ് വേർതിരിച്ചിരിക്കുന്നത്.

1) ഉപജീവനത്തിനായി വനത്തെ ആശ്രയിക്കുന്ന വിഭാഗങ്ങൾ

2) കൃഷിരീതിയുടെ ആരംഭത്തിനു മുൻപുള്ള അവസ്ഥയിൽ നിലനിൽക്കുന്നവർ

3) നിശ്ചലമായ അല്ലെങ്കിൽ അധോന്മുഖമായിക്കൊണ്ടിരിക്കുന്ന ജനസംഖ്യയുള്ള വിഭാഗങ്ങൾ

4) താഴ്ന്ന സാക്ഷരതയുള്ള വിഭാഗങ്ങൾ.

5) സബ്സിസ്റ്റൻസ് ബേസ്ഡ് ഇക്കണോമി.

2001 ലെ സെൻസസ് പ്രകാരം നിലവിലുള്ള 75 PVTGs വിഭാഗങ്ങളിൽ ആകെ കൂടിയുള്ള ജനസംഖ്യ 27,68,322 ആണ്. PVTGs വിഭാഗത്തിലെ ഭൂരിഭാഗം ജനങ്ങളും മഹാരാഷ്ട്ര, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ജാർഖണ്ട്, ഒഡീഷ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ 6 സംസ്ഥാനങ്ങളിലായാണ് അധിവസിക്കുന്നത്. ആദിവാസികളുടെ ഇടയിലെ PVTGs വിഭാഗങ്ങൾക്ക് അവരുടെ അവശതയെ മുൻനിർത്തി പ്രത്യേക പരിഗണന നൽകേണ്ടതാണ്.

സ്വാതന്ത്ര്യത്തിന് മുൻപുവരെയുള്ള കാലഘട്ടത്തിൽ ആദിവാസി ഗോത്രവിഭാഗങ്ങൾ മുഖ്യധാരയിൽ നിന്ന് അകന്ന് നിൽക്കുകയും എന്നാൽ സ്വയംപര്യാപ്തമായ പരുക്കൻ വനജീവിതം നയിക്കുന്ന അവസ്ഥയിലായിരുന്നു. കോളനി ഭരണ സംവിധാനങ്ങൾ ഇന്ത്യയിലെ ആദിവാസികളോട് സംവദിച്ചിരുന്നത് സ്വേച്ഛാധിപത്യപരവും എന്നാൽ ചൂഷണം ചെയ്യുന്ന രീതിയിലുമായിരുന്നു. കോളനി ഭരണം ഇവരെ മുഖ്യധാരയുമായി സമന്വയിപ്പിക്കുന്നതിൽ തൽപരലല്ലായിരുന്നു. ആദിവാസികൾ മുഖ്യധാരയിൽ നിന്നകന്ന് ഒറ്റപ്പെട്ടു നിൽക്കുന്നതിനാണ് കോളനി ഭരണം ഇച്ഛിച്ചത്.

എന്നാൽ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യൻ ഭരണഘടനആദിവാസി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്ന തരത്തിൽ പല വ്യവസ്ഥകളും ഏറ്റെടുത്ത് ഉൾക്കൊള്ളിക്കുകയും പാർലമെന്റ് മുഖാന്തിരം ആദിവാസി വിഭാഗങ്ങളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണങ്ങളും ഇവരുടെ താൽപര്യ സംരക്ഷണത്തിനായുള്ള മറ്റു നടപടികളും കൈക്കൊണ്ടു. ഇന്ത്യയുടെ പ്ലാനിംഗ് കമ്മീഷൻ അതിന്റെ വികസനപരമായ ഉപക്രമങ്ങൾ മുഖാന്തിരം ട്രൈബൽ സബ് പ്ലാൻസ് (TSP) അപ്രോച്ചിന് തുടക്കമിടുകയും പഞ്ചായത്ത് (എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാസ്) നിയമം 1996 (PESA)ക്കു കീഴിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ ആദിവാസി ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്തു.

ആദിവാസികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥകൾ മെച്ചപ്പെടുത്താനുള്ള ഇത്രയധികം പരിശ്രമങ്ങൾ ഉണ്ടായി എന്നിരുന്നാലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളുകളുടെ ജീവിതരീതി ഇന്നും പാർശ്വവൽകൃതമായിത്തന്നെ നിലനിൽക്കുന്നു. ഇവിടെ വളരെ ഭാഗികമായ ഒരു മെച്ചപ്പെടലിനേവഴിയുണ്ടായിട്ടുള്ളൂ. മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഹ്യൂമൻ ഡെവലപ്പ്മെന്റ് ഇൻഡക്സ് അഥവാ HDI വളരെയധികം താഴെയാണ്. സാക്ഷരത നിരക്കിലുള്ള വിടവ് വളരെ വലുതാണ്. മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലും പട്ടികവർഗ്ഗ കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്ക് താഴെയാണ് നിൽക്കുന്നത്. ആദിവാസി വിഭാഗങ്ങൾക്ക് പ്രത്യേക റിസർവേഷൻ വ്യവസ്ഥ (ജോലിയിലും, പഠനത്തിലും)

നിലനിൽക്കുന്നുവെന്നിരുന്നാലും ഗവൺമെന്റ് ജോലികളിൽ തുടരുന്ന ആദിവാസികളുടെ ശതമാനവും ഇവരുടെ ആകെ ജനസംഖ്യയും തട്ടിച്ചു നോക്കിയാൽ ഒരു വലിയ വ്യത്യാസം തന്നെ കാണാനാകും. മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് ഇവരുടെ അവസ്ഥ വളരെ പരിതാപകരമാണെന്നും അതിവേഗത്തിൽ വളരുന്ന സമ്പദ് വ്യവസ്ഥയുടെ ഗുണഭോക്താക്കളാവാനോ അവസരങ്ങൾ ഉപയോഗപ്പെടുത്താനോ ഉള്ള അവസ്ഥയിലേക്ക് ആദിവാസി സമൂഹം വികസിച്ചിട്ടില്ല എന്നതും ഒരു വസ്തുതയാണ്.

ഈ പശ്ചാത്തലത്തിലാണ് NALSA ആദിവാസി വിഭാഗങ്ങൾക്കായി ഒരു പദ്ധതിയുടെ രൂപീകരണത്തിന്റെ ആവശ്യകതയെ പറ്റി ചിന്തിക്കുന്നത്.

ആദിവാസികളുടെ പ്രശ്നങ്ങൾ പഠിച്ച് ഇതിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി ഉണ്ടാക്കിയിരുന്നു. 09-08-2015 ലോക ആദിവാസി ദിനാഘോഷ വേളയിൽ ഈ കമ്മിറ്റി പ്രസ്തുത വിഷയത്തെ സംബന്ധിച്ച വളരെ സമഗ്രമായ ഒരു റിപ്പോർട്ട് ബഹുമാന്യ NALSA എക്സിക്യൂട്ടീവ് ചെയർമാൻ മുമ്പാകെ സമർപ്പിച്ചു. നിലവിലുള്ള സ്കീം ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് രൂപീകൃതമായത്.

ഈ പദ്ധതിക്ക് ഗോത്രവർഗ്ഗ അവകാശ സംരക്ഷണത്തിനും നിർവ്വഹണത്തിനുമുള്ള NALSAയുടെ പദ്ധതി,2015 എന്ന പേര് നൽകിയിട്ടുണ്ട്.

**ലക്ഷ്യങ്ങൾ**

ഇന്ത്യയിലെ ആദിവാസി ജനവിഭാഗങ്ങൾക്ക് നീതിലഭ്യത ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നീതിലഭ്യത എന്നത് അതിന്റെ എല്ലാ അർത്ഥത്തിലും ആണ്. അതായത് അവകാശങ്ങളുടെ ലഭ്യത, ആനുകൂല്യങ്ങൾ, നിയമസഹായം, മറ്റു നിയമ സേവനങ്ങൾ മുതലായവ ഉൾക്കൊള്ളുന്നു. ആയതിനാൽ ഭരണഘടന അനുശാസിക്കുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ നീതി അർത്ഥവത്തായ രീതിയിൽ രാജ്യത്തെ ആദിവാസി സമൂഹത്തിന് അനുഭവലഭ്യമാകുന്നു.

ആദിവാസി വിഭാഗത്തിന് പ്രത്യേകമായി ചില നിയമാവകാശങ്ങൾ നൽകിയിരിക്കുന്നു.

- പട്ടികവർഗ്ഗ വിഭാഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (റെക്ക്ഗ്നീഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) നിയമം, 2006 (FRA)
- പട്ടികജാതി പട്ടികവർഗ്ഗ (പീഡനനിരോധനം) നിയമം, 1989
- കുട്ടികൾക്ക് സാർവ്വത്രീകവും സൗജന്യവുമായ വിദ്യാഭ്യാസത്തിനുള്ള

നിയമം, 2009.

- ന്യായമായ നഷ്ടപരിഹാരത്തിനും ഭൂമി ഏറ്റെടുക്കലിലും പുനസ്ഥാപന -പുനരധിവാസത്തിലുള്ള സുതാര്യതയുടെയും അവകാശ നിയമം, 2013

- (എക്സ്റ്റൻഷൻ ടൂ ഷെഡ്യൂൾഡ് ഏരിയാസ്) നിയമം 1996- (PESA)യും

- ഇന്ത്യൻ ഭരണഘടനയുടെ അഞ്ച് ആറ് ഷെഡ്യൂളുകളും.

ഈ വകുപ്പുകളുടെ കണിശമായ നിർവ്വഹണം നടന്നില്ലെങ്കിൽ ഇത് ആദിവാസികളുടെ അവകാശ ലംഘനത്തിൽ കലാശിക്കും. ഇത്തരത്തിലുള്ള നിയമ ലംഘനങ്ങളാണ് ആദിവാസി വിഭാഗങ്ങളുടെ പാർശ്വവൽക്കരണത്തിന് പ്രധാനകാരണം.

ഇത്തരത്തിലുള്ള നിയമപരമായ അവകാശങ്ങളുടെ ലംഘനം നടത്താതിരിക്കുക, തടയുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ദേശീയ നിയമ സേവന അതോറിറ്റി (സൗജന്യവും പര്യാപ്തവുമായ നിയമ സേവനങ്ങൾ) നിയന്ത്രണം 2010, ദേശീയ നിയമ സേവന അതോറിറ്റി (നിയമ സേവന ക്ലിനിക്കുകൾ) നിയന്ത്രണം 2011, പാരാ ലീഗൽ വോളണ്ടിയേഴ്സ് (പരിഷ്ക്കരിച്ചത്) (NALSA) സ്കീം. കൂടാതെ PLV ട്രെയിനിംഗിനായുള്ള ഓറിയന്റേഷൻ- ഇൻഡക്ഷൻ - റിഫ്രഷർ കോഴ്സുകൾ. എന്നിവയിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരം തന്നെയാണ് PLVകൾ, നിയമ സേവന ക്ലിനിക്കുകൾ, ഫ്രണ്ട് ഓഫീസ്, പാനൽ അഭിഭാഷകർ മുതലായവയുടെ അർത്ഥം കൽപ്പിച്ചിരിക്കുന്നത്.

**ഭാഗം 1: ആദിവാസി ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഒരു പൊതു അവലോകനം.**

**A. <u>എളുപ്പത്തിൽ വശംവദരാകാവുന്ന അവസ്ഥ.</u>**

1. ആദിവാസി വിഭാഗങ്ങൾക്കിടയിലെ നിരക്ഷരത ഒരു പ്രധാന പ്രശ്നമാണ്. ഇതുമൂലം ആദിവാസികൾ അവരുടെ നിയമപരമായ അവകാശങ്ങളെപ്പറ്റി അറിയാതെ പോകുന്നു. മാത്രമല്ല ഇവരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി സർക്കാർ മുഖാന്തിരം കൊണ്ടുവന്നിട്ടുള്ള പദ്ധതികളെപറ്റിയും ഇവർക്ക് അറിവ് ലഭിക്കാതെ പോകുന്നു.ഇതുമൂലം ഇവരുടെ ഭാഗത്തുനിന്നുള്ള പങ്കാളിത്തം കുറയുന്നതിനും ഇത് കാരണമാകുന്നു.

2. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ അവതരിപ്പിച്ചിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കാതിരിക്കൽ എന്നതാണ് മറ്റൊര സുപ്രധാന വിഷയം. എന്നിരുന്നാലും ആദിവാസി മേഖലയിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ അഭാവം മൂലമാണ് ആദിവാസി ക്ഷേമത്തിനായുള്ള നല്ലൊരു ശതമാനം പരിപാടികളും നടക്കാതെ പോകുന്നത്.

3. മധ്യഭാഗം മുതൽ ഇന്ത്യയുടെ വടക്കുകിഴക്ക് പ്രദേശം വരെയുള്ള ഭൂപ്രദേശത്ത് നടക്കുന്ന എണ്ണമറ്റ സായുധ പോരാട്ടങ്ങൾ നിയമപരവും ഭരണപരവുമായ സംവിധാനങ്ങളെ സമീപിക്കുന്നതിൽ നിന്നും ആദിവാസികളെ തടയുകയും പ്രയോജനകരമായ പദ്ധതികളുടെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

4. സമീപ വർഷങ്ങളിൽ പോലീസും പാർലമെന്ററി ഫോഴ്സുകളും ചേർന്ന് ആദിവാസി മേഖലകളിൽ ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾ (വ്യാജ ഏറ്റുമുട്ടലുകൾ, മാനഭംഗങ്ങൾ എന്നിവ ഉൾപ്പെടെ) നടത്തിയതിന് കുറ്റാരോപിതരാണ്.

5. മാവോയിസ്റ്റുകൾ എന്നാരോപിക്കപ്പെട്ട് കുറേയധികം ആദിവാസികൾ ജയിലിലടക്കപ്പെട്ടിരിക്കുകയാണ്. ചാർജ് ഷീറ്റിൽ രേഖപ്പെടുത്താതെ ആദിവാസികളെ ദിവസങ്ങളോളം ജയിലിലടച്ചതായ കേസുകളും നിലവിലുണ്ട്. ആരോപിക്കപ്പെട്ട കുറ്റകൃത്യങ്ങൾ ഗൗരവമുള്ളതാകയാൽ (ഉദാ: ഇന്ത്യക്കെതിരെ യുദ്ധം ഇളക്കിവിടുക, രാജ്യദ്രോഹം) ഇവർക്ക് ജാമ്യവും ലഭിക്കുന്നില്ല.

6. നിയമരാഹിത്യം മൂലം ആദിവാസികൾ ക്ലേശിക്കുന്നെങ്കിലും കോടതിയുടെ പരിചിതമല്ലാത്ത നീതിന്യായ മുറകളും നടപടി ക്രമങ്ങളും മൂലം ഇവർ ഭയചകിതരാകുന്നു. അതിനാൽ പട്ടികജാതി പട്ടികവർഗ്ഗ പീഢനനിരോധനനിയമം, 1989 പോലുള്ള നിയമങ്ങൾ തങ്ങളുടെ സംരക്ഷണത്തിനായി നിലകൊള്ളുന്നില്ല എന്നവർ കരുതുന്നു.

7. സർക്കാർ നടത്തുന്ന ക്ഷേമ പദ്ധതികളെ സമീപിക്കുന്നതിൽ കുടിയേറ്റം നടത്തുന്ന ആദിവാസികൾക്ക് വിഷമം നേരിടുന്നു. ചിലരൊക്കെ തീരെ സർക്കാരിനെ സമീപിക്കാനാവാത്ത അവസ്ഥയിലാണ്.

8. PVTGകളുടെ അപരിഷ്കൃതത്ത്വത്തെപ്പറ്റിയും പിന്നോക്കാവസ്ഥയെപ്പറ്റിയും ധാരാളം മുൻവിധികളും ഊഹാപോഹങ്ങളും നിലനിൽക്കുന്നു. ആദിവാസി പിന്നോക്കാവസ്ഥ, പ്രാകൃതാവസ്ഥ, ഈ സമുദായങ്ങളുടെ സംസ്കാരം, പാരമ്പര്യം എന്നിവയെക്കുറിച്ചുള്ള അനുമാനങ്ങൾ ഗവൺമെന്റ് ബോഡികൾ വെടിയുക എന്നത് അതിപ്രധാനമാണ്.

9. മിക്കവാറും PVTGകളും പട്ടികവർഗ്ഗവിഭാഗങ്ങളും (STs) വനവാസികളാണ് ഇവർ വന വിഭവങ്ങളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇവരുടെ ആവാസ മേഖലയിൽ ഏറെ പ്രദേശങ്ങളും പലപ്പോഴായി റിസർവ്ഡ് ഫോറസ്റ്റ്, സംരക്ഷിതവന മേഖല എന്നിങ്ങനെപ്രഖ്യാപിച്ചിരിക്കുന്നു. തന്മൂലം ഇവർ നഷ്ടപരിഹാരമന്യേ കുടിയൊഴിപ്പിക്കലിന്റെ ഭീതിയിലാണ്.

10. PVTGയുടെ ഗണത്തിൽപ്പെടുന്ന എല്ലാ വിഭാഗങ്ങൾക്കും പട്ടികവർഗ്ഗ വിഭാഗ

ത്തിന്റെ പരിഗണ നലഭിക്കുന്നില്ല. തന്മൂലം ഈ വിഭാഗങ്ങളുടെ അവസ്ഥ വളരെ പരുങ്ങലിലാണ്. ഇവരുടെ പിന്നോക്കാവസ്ഥയെ ഇത് വർദ്ധിപ്പിക്കുന്നു. ഇവക്ക് അഞ്ചാമത്തെ ഷെഡ്യൂളിൽ പറയുന്ന സംരക്ഷണവും അവകാശങ്ങളും, പഞ്ചായത്ത് (എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാസ്) നിയമം, 1996 പ്രകാരമുള്ള സംരക്ഷണവും ലഭിക്കുന്നില്ല.

11. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഇവരുടെ കുടിപ്പാർപ്പ് അവകാശങ്ങൾ (Habitat rights) ശരിയാംവണ്ണം തിരിച്ചറിയുന്നതുവരെയോ അല്ലെങ്കിൽ ഈ അവകാശങ്ങളുടെ ഒരു വ്യക്തമായ നിർവ്വചനം ഉണ്ടാകുന്നതുവരെയോ PVTGകൾക്കായുള്ള FRAയുടെ നടത്തിപ്പ് ശോചനീയമാണ്. PVTGകളുടെ അവകാശസംരക്ഷണത്തിനായി വകുപ്പുകളുടെ നടത്തിപ്പ് പ്രധാനമായും FRAക്കു കീഴിൽ ലഭ്യമായിട്ടുള്ള കുടിപ്പാർപ്പ് അവകാശങ്ങളുടെ (Habitat rights) നടത്തിപ്പിനെപറ്റി ദേശീയതലത്തിലുള്ള യാതൊരു വിവരങ്ങളും സമാഹരിച്ചിട്ടുള്ളതല്ല. അല്ലെങ്കിൽ അവ ലഭ്യമാക്കിയിട്ടില്ല.

12. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഏറിയഭാഗവും ഭൂട്ടാൻ, ചൈന, മ്യാൻമാർ, ബംഗ്ലാദേശ് മുതലായ അയൽരാജ്യങ്ങളുമായി അന്താരാഷ്ട്ര അതിർത്തി പങ്കിടുന്നവയാണ്. തൻമൂലം ക്രോസ് ബോർഡർ തീവ്രവാദത്തിന് ഇത് വളക്കൂറുള്ള മണ്ണായിമാറുന്നു. കൂടാതെ മയക്കുമരുന്ന്, കള്ളക്കടത്ത്, ആയുധകള്ളക്കടത്ത്, നുഴഞ്ഞുകയറ്റം മുതലായവയും വലിയ തോതിൽ നടക്കുകയും ചെയ്യുന്നു.

13. മറ്റൊരു പ്രധാന പ്രശ്നമാണ് മനുഷ്യക്കടത്ത്. ആസ്സാമിൽനിന്നും ഇന്ത്യയുടെ മദ്ധ്യഭാഗത്തുനിന്നുമുള്ള ആദിവാസികളാണ് മനുഷ്യക്കടത്തിന് അധികവും ഇരയാവുന്നതായി കാണപ്പെടുന്നത്.

14. അടുത്തയിടക്കുവരെ ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ് ഇവ തമ്മിൽ വേർതിരിവ് ഉണ്ടായിരുന്നില്ല എന്നതായിരുന്നു ഇവിടുത്തെ മറ്റൊരു പ്രശ്നം. ആറാം ഷെഡ്യൂൾ പ്രകാരമാണ് കസ്റ്റമറി നിയമങ്ങൾ അഥവാ മാമൂൽ പ്രകാരമുള്ള നിയമങ്ങൾ സ്ഥാപിച്ചിരിക്കുന്നത് മാത്രമല്ല ഇവ ഏകീകൃതവുമല്ല.

15. കലാപങ്ങളും നിയമ ക്രമസമാധാന പ്രശ്നങ്ങളും മൂലം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ആളുകൾക്ക് ഭരണവ്യവസ്ഥയിൽ വിശ്വാസമില്ലാതായിരിക്കുന്നു. തന്മൂലം ജനങ്ങൾ നിയമം കൈയ്യേറുന്ന അവസ്ഥ വളരെ കൂടുതലാണ്. ഇത് പലപ്പോഴും അപകടകരമായ രീതിയിലുമാണ് കുറ്റാരോപിതനായ വ്യക്തിയുടെ വീട് തകർക്കുക, ഇയാളുടെ കുടുംബങ്ങളെ ഉപദ്രവിക്കുകയോ ഭ്രഷ്ട് കൽപ്പിക്കുകയോ ചെയ്യുന്നത് വഴി കൂടുതൽ സാമൂഹിക പ്രശ്നങ്ങൾക്ക് വഴി തെളിക്കുന്നു. രോഗികൾക്ക് ചികിത്സ നൽകിയില്ല എന്ന കാരണത്താൽ ആശുപത്രികൾ തകർക്കുകയും ഡോക്ടർമാരെ ഉപദ്രവിക്കുകയും ചെയ്ത സംഭവ

ങ്ങൾ വരെ നിലവിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

16. വിദൂര പ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും നല്ലൊരു വിഭാഗം ആദിവാസികളും മന്ത്രവാദത്തിൽ വിശ്വസിക്കുന്നതായിക്കാണുന്നു.

17. ആദിവാസികളോട് മാന്യമായ രീതിയിൽ പെരുമാറുകയും ഇടപെടുകയും ചെയ്യാത്തതിനാൽ തന്നെ അവർ വളരെയധികം അകറ്റിനിർത്തപ്പെടുന്ന അവസ്ഥയിലാണ്. ഉദാ: ആൻഡമാൻ ദ്വീപിലെ ജരവ വിഭാഗത്തിലുള്ള ആദിവാസികളെ മൃഗതുല്യരായാണ് വിനോദസഞ്ചാരികൾ കണക്കാക്കുന്നത്. ഇവരെ കുരങ്ങൻമാരെപ്പോലെയോ മൃഗങ്ങളെപ്പോലെയോ കണക്കാക്കി പരിഹസിക്കുകയും ഉപദ്രവിക്കുകയും,ചെയ്യുകയും ഇവരുടെ ദേഷ്യത്തോടെയുള്ള പ്രതികരണം കണ്ട് ഉല്ലസിക്കുകയും ചെയ്യുന്നു. ബസ്തർ മേഖലയിലും മുൻകാലങ്ങളിൽ ഇത്തരം സംഭവങ്ങൾ വളരെയധികം കൂടുതലായിരുന്നു. ഇവിടെ സംസ്കാര സംബന്ധമായി ആചാരങ്ങളും കീഴ്വഴക്കങ്ങളും തീരെ തിരിച്ചറിയപ്പെട്ടിരുന്നില്ല.

## B. ഭൂമി സംബന്ധമായ പ്രശ്നങ്ങൾ

1. വനം, പർവ്വതങ്ങൾ എന്നിവ ഒട്ടനവധി ആദിവാസി വിഭാഗങ്ങളുടെ സവിശേഷതയാണ്. ഈ കാഴ്ചപ്പാടിൽ നിന്നു വേണം നിർബന്ധിത കുടിയൊഴിപ്പിക്കൽ, വനത്തിലേക്കുള്ള പ്രവേശനം നിരോധിക്കൽ എന്നിവ മൂലമുള്ള ആദിവാസി ജീവിതങ്ങളുടെ ധ്വംസനത്തെ മനസ്സിലാക്കാൻ. കുടിയൊഴിപ്പിക്കൽ നടത്തുന്നത് പ്രധാനമായും രണ്ടു രീതിയിലാണ്. പ്രത്യക്ഷമായ കുടിയൊഴിപ്പിക്കൽ നടക്കുന്നത് ആദിവാസികളുടെ ഭൂമി, ആവാസ വ്യവസ്ഥ, ഉപജീവനം, രാഷ്ട്രീയ വ്യവസ്ഥ, സംസ്കാരം, മൂല്യം, അവരുടെ വ്യക്തിത്വം എന്നിവ അപഹരിച്ചുകൊണ്ടാണ്. ആദിവാസികൾക്ക് വികസനവും അവകാശങ്ങളും നിഷേധിച്ചുകൊണ്ട് നടത്തുന്നതാണ് പരോക്ഷമായത്.

2. പുനസ്ഥാപന-പുനരധിവാസ (R&R) പ്രോഗ്രാമുകളിൽ നല്ലൊരു വിഭാഗം കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്കും ഭൂമി തിരികെ നൽകിയിട്ടില്ലാത്തതാകുന്നു. വളരെ തുച്ഛമായ രീതിയിലേ ഉപജീവനത്തിന്റെ പുന:സംഘടനനടന്നിട്ടുള്ളൂ. മിക്കവാറും എല്ലാ R&R കോളനികളിലും പൊതുജന ആരോഗ്യ സംവിധാനങ്ങൾ, സംരക്ഷിത കുടിവെള്ളം,വിപണനം, വിദ്യാലയങ്ങൾ, ഗതാഗത സൗകര്യങ്ങൾ മുതലായവയുടെ അഭാവം പ്രബലമാണ്.

3. വനത്തെ ആശ്രയിച്ച് ഭക്ഷണത്തിനായി നടത്തിയിരുന്ന ഷിഫ്റ്റിംഗ് കൾട്ടിവേഷൻ അഥവാ മാറ്റകൃഷി, പഴങ്ങൾ, പൂക്കൾ, ചെറിയ മൃഗങ്ങളെ വേട്ടയാടുക, മരുന്നിനുള്ള കിഴങ്ങുകൾ, വീട് ഉണ്ടാക്കുവാനുള്ള വൈക്കോൽ പോലുള്ള വസ്തുക്കൾ, പരമ്പരാഗത കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിനും കലയ്ക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ, വിറക് വിൽക്കുന്നതു മൂലം ലഭിക്കുന്ന വരുമാനം, ഇലകൾ ഉപയോഗിച്ചുണ്ടാക്കുന്ന പാത്രങ്ങൾ, പഴ

ങ്ങൾ മുതലായവ വളരെ ഒഴിച്ചു കൂടാനാവാത്തതാണ്. കുടിയൊഴിപ്പിക്കൽ മൂലമുണ്ടാകുന്ന ഇത്തരത്തിലുള്ള നഷ്ടങ്ങൾ നികത്തപ്പെടുന്നില്ല. കൂടാതെ ഇത് ഭക്ഷണ സുരക്ഷിതത്വത്തെയും ബാധിക്കുന്നു.

4. ഭൂരിഭാഗം ഭൂമിയും വനപ്രദേശത്തിനു കീഴിലാണ് വരുന്നത്. വിദൂര സ്ഥലങ്ങളിലുള്ള ആദിവാസികൾ അധികവും വനത്തിനുള്ളിലാണ് ജീവിക്കുന്നത്. ഇവർക്ക് യാതൊരു തരത്തിലുള്ള അവകാശങ്ങളോ അവർ വസിക്കുന്ന സ്ഥലത്തിന്മേലുള്ള ഉടമസ്ഥാവകാശമോ ഇല്ല. മാത്രമല്ല ദ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അതർ ട്രഡീഷണൽ ഫോറസ്റ്റ് ഡെല്ലേഴ്സ് (റെക്കഗ്നിഷൻ ഓഫ് ഫോറസ്റ്റ് റൈറ്റ്സ്) നിയമം, 2006-നു കീഴിൽ ഇത്തരത്തിലുള്ള ഭവനരഹിതരായ ആദി വാസികളുടെ സംരക്ഷണത്തിനോ അവരുടെ അവകാശങ്ങൾ നടപ്പിലാക്കുന്നതിനോ ഉള്ള മതിയായ വകുപ്പുകൾ ഇല്ല.

5. മറ്റൊരു പ്രധാനപ്രശ്നം എന്തെന്നാൽ ഡാമുകൾ, വന്യജീവിസങ്കേതങ്ങൾ എന്നിവയുടെ നിർമ്മാണം, ഖനന പ്രവർത്തനങ്ങൾ എന്നിവ മൂലം ആദിവാസികളല്ലാത്ത വളരെയധികം ആളുകൾ പ്രസ്തുത പ്രദേശത്തെ ജോലി അന്വേഷിച്ചും മറ്റുമായി കുടിയേറിപ്പാർക്കുന്നതിനും തന്മൂലം ഇവിടെനിന്നും ആദിവാസികൾ കുടിയിറക്കപ്പെടുന്ന അവസ്ഥയുണ്ടാകുന്നതിനും ഇടയാകുന്നു. ആയതുകൊണ്ട് ആദിവാസികൾക്ക് വികസനപ്രവർത്തനങ്ങളുടെ ഗുണം ലഭ്യമാകുന്നില്ല.

6. ആദിവാസികളുടെ ഭൂമി കുടിയിറക്കലിനും, അന്യാധീനപ്പെടലിനും പ്രധാനമായ ഒരു കാരണം വർദ്ധിച്ചുവരുന്ന കടബാധ്യതയാണ്. ആദിവാസികളുടെ കടബാധ്യത (ആദിവാസികളെ കബളിപ്പിച്ച് അമിത പലിശ നിരക്കിൽ വായ്പയെടുപ്പിക്കുന്നു) ഇത് അടിമപ്പണി ചെയ്യുന്നതിലോ ബോണ്ടഡ് ലേബർ ചെയ്യുന്നതിലോ അവസാനം ആദിവാസികളെ കൊണ്ടെത്തിക്കുന്നു.

7. ആദിവാസി വാസസ്ഥലങ്ങൾക്കുള്ള ഭൂപ്രദേശങ്ങളിൽ പട്ടിക വർഗ്ഗവിഭാഗങ്ങളുടെ കുടിയൊഴിപ്പിക്കൽ തടയുന്നതിനും ഇത്തരത്തിലുള്ള നിയമപരമല്ലാത്ത കുടിയൊഴിപ്പിക്കലുകൾ നടക്കുമ്പോൾ ഇവരുടെ ഭൂമി വീണ്ടെടുത്തു നൽകുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഗ്രാമസഭകൾക്കും അവകാശം നൽകുന്ന PESA യുടെ ലംഘനം നമുക്കിവിടെ കാണാനാകും. വനഭൂമിയുടെ ഏറ്റെടുക്കലിനെസംബന്ധിച്ച് ഗ്രാമസഭയെ നിർബന്ധമായും സമീപിച്ച് അവരുടെ സമ്മതം നേടിയിരിക്കണം. മിക്കവാറും ഗ്രാമസഭകൾ കൂടിയാ ലോചനക്കായി നോട്ടീസയക്കുകയോ അല്ലെങ്കിൽ അവരുടെ സമ്മതം ഒപ്പിട്ട പേപ്പറിൽ കൈപ്പറ്റുകയോ ചെയ്യുന്നില്ല.

8. ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ കൂടാതെ ട്രാൻസ്പെറൻസി ഇൻ ലാന്റ് അക്വസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ആക്ട്, 2013 ഇവ

പ്രകാരം ആദിവാസികൾക്ക് നൽകുന്ന കൂലി തുച്ഛവും പുനരധിവാസത്തിൽ ഇവർക്കു ലഭ്യമാക്കിയിരിക്കുന്ന ജീവിത രീതികൾ വളരെ പരിതാപകരവുമാണ്.

9. മിക്ക ആദിവാസികളും ഭൂമിക്കുമേലുള്ള വ്യക്തിഗത അവകാശത്തിനു പകരം സാമുദായിക ഉടമസ്ഥതയിൽ വിശ്വസിക്കുന്നവരാണ്. ഇതുമൂലം ഭൂമി സംബന്ധമായ വ്യവഹാരങ്ങളിൽ അവകാശത്തെ സംബന്ധിച്ച് രേഖകൾ ലഭ്യമാവുകയില്ല. ഇതു സംബന്ധിച്ച് ആദിവാസികളുടെ ആകെ കൂടിയുള്ള തെളിവ് വാമൊഴികളായിരിക്കും. ഇത് സ്ഥാപിച്ചെടുക്കുന്നതിൽ വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

## C. നിയമ പ്രശ്നങ്ങൾ

ആദിവാസികൾ നേരിടുന്ന നിയമപ്രശ്നങ്ങൾ താഴെപ്പറയുന്നു.

(1) സംരക്ഷിത മേഖലയിൽ നിന്നുള്ള ആദിവാസി വിഭാഗങ്ങളുടെ കുടിയിറക്കത്തിന് മുമ്പ് തന്നെ അവരുടെ അവകാശങ്ങളെ തിരിച്ചറിയുന്ന പ്രക്രിയ പൂർണ്ണമായിട്ടില്ല. FRA പ്രകാരമുള്ള ഇവരുടെ അവകാശവാദങ്ങളെ പരിശോധിച്ച് ഉറപ്പുവരുത്താതെയും ഒത്തുതീർപ്പിൽ വരുത്താതെയുമാണ് ആദിവാസികളുടെ കുടിയൊഴിപ്പിക്കൽ നടത്തുന്നത്.

(2) വനംവകുപ്പ് അധികൃതരുടെ FRAയെ സംബന്ധിച്ചുള്ള തെറ്റായ അനുമാനങ്ങൾ മൂലം ആദിവാസികളുടെ നിയമപരമായ അവകാശങ്ങളുടെ ലംഘനത്തിൽ കലാശിക്കുന്നു. ഉദാഹരണത്തിന് FRAയിലെ വകുപ്പ് 4(2) ന് വിരുദ്ധമായി FRAയുടെ കീഴിൽ വരുന്ന അവകാശങ്ങൾ സംരക്ഷിത മേഖലകളിൽ (PAs) ബാധകമല്ല. അതിനാൽ FRA ടൈഗർ റിസർവിൽ ബാധകമല്ല എന്ന് ചില വനം വകുപ്പുകളിലെയെങ്കിലും ഉദ്യോഗസ്ഥർക്ക് മിഥ്യധാരണയുണ്ട്.

(3) വാസസ്ഥലത്തെ സംബന്ധിച്ച അവകാശങ്ങൾ (Habitat rights) ക്കു വേണ്ടി വാദിക്കുന്ന ആദിവാസി വിഭാഗങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന ചില പ്രശ്നങ്ങൾ:-

- വാസസ്ഥലത്തെ സംബന്ധിച്ച അവകാശങ്ങളുമായി ബന്ധപ്പെട്ട് ഇതിന്റെ വ്യക്തമായ നിർവ്വചന, വിശദീകരണം പ്രസ്തുത അവകാശങ്ങൾ എന്തിനുവേണ്ടി നിലകൊള്ളുന്നു എന്നുമുള്ള കാര്യത്തിൽ വ്യക്തതയില്ലായ്മ.

- വാസസ്ഥലത്തെ സ്ബന്ധിച്ച അവകാശങ്ങളുടെ വ്യത്യസ്ത നിർവ്വചനങ്ങളും പ്രത്യേകിച്ച് മറ്റുള്ളവരുടെ ഉപയോഗ അവകാശങ്ങളും (PVTG ഗ്രൂപ്പുകൾ അല്ലാത്ത ആളുകൾ ഒരേ ഭൂപ്രദേശത്തുവസിക്കുമ്പോൾ).

- അവകാശങ്ങൾ ശക്തമായി ഉന്നയിക്കുവാനുള്ള വ്യവസ്ഥകളെപ്പറ്റിയുള്ള ആദിവാസി സമൂഹങ്ങളുടെ അറിവില്ലായ്മ.

- PVTGs ന്റെ പരമ്പരാഗത വാസസ്ഥലങ്ങൾ വന്യമൃഗ വാസസ്ഥലങ്ങളിലേക്ക് വ്യാപിച്ചും കിടക്കുന്നു

(4) FRAയിൽ നൽകിയിരിക്കുന്ന അവകാശവാദങ്ങൾ ഉന്നയിക്കുവാനുള്ള പ്രക്രിയ, പരിശോധിച്ച് ഉറപ്പു വരുത്തൽ, ഇതുമായി ബന്ധപ്പെട്ട മറ്റു നിയമങ്ങൾ ഇവയെ സംബന്ധിച്ച് സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് വളരെ കുറഞ്ഞ ശ്രമങ്ങളേ നടക്കുന്നുള്ളൂ.

(5) മതിയായ കാരണം വ്യക്തമാക്കാതെയോ, മറ്റു പരമ്പരാഗത വനവാസികൾ (OTFD) എന്ന നിർവചനം തെറ്റായി വ്യാഖ്യാനിച്ചോ, ഡിപ്പന്റൻസ്വ്യവസ്ഥ മൂലമോ, അല്ലെങ്കിൽ മതിയായ തെളിവുകൾ ഇല്ലാത്തതിനാലോ, GPS സർവ്വേയുടെ അഭാവം മൂലമോ (പരാതികൾ തിരികെ കീഴധികാരികളിലേക്ക് മാത്രമായി വിട്ടുകൊടുക്കുന്നത് നടപടിക്രമത്തിലെ ന്യൂനതയാണ്) അല്ലെങ്കിൽ വനഭൂമി വനഭൂമിയായി കണക്കാക്കാതിരിക്കുകയോ അല്ലെങ്കിൽ വന സമ്പന്ധമായ കുറെ കൃത്യങ്ങളുടെ കണക്കുകൾ മാത്രം തെളിവായി പരിഗണിക്കുകയോ ചെയ്ത് FRA പ്രകാരം ആദിവാസികൾ ബോധിപ്പിക്കുന്ന അല്ലെങ്കിൽ ഉന്നയിക്കുന്ന പരാതികൾ നിഷേധിക്കുക.

(6) പരാതി അല്ലെങ്കിൽ അവകാശവാദം തള്ളിയത് ഉന്നയിച്ച വ്യക്തിയെ അറിയിക്കാതിരിക്കുകയോ അപ്പീൽ പോകാനുള്ള അവകാശത്തെപ്പറ്റി അവരെ അറിയിക്കാതിരിക്കുകയോ, അതിനുവേണ്ട സഹായങ്ങൾ നൽകാതെയിരിക്കുകയോ ചെയ്യുക. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ ചെറുത്ത് തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആദിവാസികൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണ്.

(7) FRA വകുപ്പ് 3(1)(സ) പ്രകാരം വികസനപ്രോജക്ടുകൾക്കായി നിയമപരമല്ലാതെ കുടിയൊഴിപ്പിക്കപ്പെട്ടതും എന്നാൽ മതിയായ നഷ്ടപരിഹാരം നൽകാതെയിരിക്കുകയും ചെയ്യുന്ന ആളുകളുടെ അവകാശസംരക്ഷണം നടപ്പാക്കിയിട്ടില്ല.

(8) ഗ്രാമസഭയുമായി ഫലപ്രദമായ കൂടിക്കാഴ്ചകൾ നടക്കാതെ വരികയും ഫാമിലെ ഉൽപ്പന്നങ്ങളുടെ ഉടമസ്ഥതയെ സംബന്ധിച്ച അംഗീകാരം ഇല്ലാതിരിക്കുകയും ചെയ്യുക.

**മറ്റു നിയമപരമായ പ്രശ്നങ്ങൾ**

1. പകപോക്കുന്നതിനായി കുടിയൊഴിപ്പിക്കലിനെതിരെയോ അതുവഴി വികസനപദ്ധതികൾക്കെതിരെയോ സമരം ചെയ്യുന്ന ചില ആദിവാസി-ആദിവാസി ഇതര വ്യക്തികൾക്കെതിരേ കെട്ടിച്ചമച്ച ക്രിമിനൽ കുറ്റങ്ങൾ ചുമത്തുക. 2005 മുതൽ 2012 വരെ 95% കേസ്സുകളും അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയ

തിനെതുടർന്ന് കുറ്റവിമോചനം നൽകിയിട്ടുണ്ട്.

2. ഹാബിച്യുവൽ ഓഫന്റേഴ്സ് നിയമം 2000 മൂലം ഡിനോട്ടിഫൈഡ് ട്രൈബൽസ് അഥവാ പട്ടികയിൽ ഉൾപ്പെടാത്ത ആദിവാസികൾ വിവേചനം അക്രമം, പോലീസ് ക്രൂരത മുതലായവ ഇടക്കിടെ അനുഭവിച്ചു കൊണ്ടിരിക്കുന്നു.

3. ആന്റമാൻ നിക്കോബാർ ദ്വീപുകളിലെ ജാരവ ആദിവാസികൾ ലൈംഗിക ചൂഷണം നേരിട്ടിട്ടുണ്ട്. കൂടാതെ ആദിവാസികളായ ആളുകളുടെ രക്ത സാമ്പിളുകൾ അവരുടെ അറിവോ സമ്മതമോകൂടിയല്ലാതെ ഡി.എൻ.എ. പരിശോധനയ്ക്ക് നൽകിയിട്ടുള്ളതുമാണ്.

4. പ്ലാനിംഗ് കമ്മീഷൻ നടത്തിയ ഒരു പഠനം വെളിവാക്കുന്നത് 43.6% പുനരധിവസിക്കപ്പെട്ട നിർബന്ധിത തൊഴിലാളികളും പട്ടികവർഗ്ഗ വിഭാഗക്കാരാണ് എന്നതാണ്. മിക്ക ആദിവാസി കുടുംബങ്ങളും നിർബന്ധിത തൊഴിലിൽ അകപ്പെട്ടു പോയവരാണ്. ഇതിന്റെ പ്രധാനകാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത് കടബാധ്യതകളും ദാരിദ്ര്യവുമാണ്.

**വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

ഇന്ത്യയിലെ ആദിവാസി വിഭാഗങ്ങളുടെ വിദ്യാഭ്യാസം പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഇന്നും ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസത്തെ സംബന്ധിച്ച പ്രശ്നങ്ങൾ താഴെപ്പറയുന്നു.

1. ഏറ്റവും കുറഞ്ഞ സൗകര്യങ്ങൾ പോലും ഇല്ലാത്ത നിലയിലാണ് വലിയൊരു വിഭാഗം സ്കൂളുകളും.

2. പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളും, പേരു ചേർക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണവും (സ്റ്റുഡന്റ് എൻ റോൾമെന്റ്) ഉണ്ടെങ്കിൽ പോലും സ്കൂളിൽ പതിവു ഹാജർ നില കുറവാണ്. ഇതിന് പ്രധാന കാരണം സ്കുളിലേക്കുള്ള ദൂരത്തിന്റെ ദൈർഘ്യവും പട്ടിണിയുമാണ്.

3. അദ്ധ്യാപകർ ഹാജരാകാത്ത അവസ്ഥയും വളരെ കൂടുതലാണ്.

4. പത്താം ക്ലാസിൽ കുട്ടികളുടെ പഠന നിലവാരം മോശവും എന്നാൽ കൊഴിഞ്ഞു പോക്ക് നിരക്ക് ഉയർന്നതുമാണ്. ഇതിന് മതിയായ ഒരു വിശദീകരണം നൽകേണ്ടി വന്നാൽ അത് ആദിവാസി വിദ്യാർത്ഥികൾക്ക് ഇത്തരത്തിലുള്ള വിദ്യാഭ്യാസവുമായി ഒത്തുപോകാൻ കഴിയാത്ത അവസ്ഥയാണ് എന്ന് പറയേണ്ടിവരും.

5. ഇവിടെ നമുക്ക് ലിംഗപരമായ ഒരു വലിയ വ്യത്യാസം കാണാൻ സാധിക്കും. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാൻ ലിംഗസമത്വത്തി

ലൂന്നിയുള്ള ഒരു സാമൂഹിക കൂട്ടായ്മ ഉണ്ടാക്കികൊടുക്കേണ്ടത് ആവശ്യമാണ്.

6. ഏതെങ്കിലും ആദിവാസി കുട്ടികൾ സ്കൂളിൽ പ്രവേശനം നേടിയാലും ഇവർ പല രീതിയിൽ അപമാനിക്കപ്പെടുകയും ഇതുവഴി ഇവരെ നിരുത്സാഹപ്പെടുത്തുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നു. ഇത് ഉയർന്ന കൊഴിഞ്ഞുപോക്കുനിരക്കിനു കാരണമാകുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ ഇത്തരത്തിൽ ആദിവാസികുട്ടികൾക്ക് അപമാനകരമായ വിളിപ്പേരുകൾ നൽകുന്നതിൽ മുൻപന്തിയിലാണ്.

7. ആദിവാസി പെൺകുട്ടികൾക്കായുള്ള താമസ സൗകര്യത്തോടെയുള്ള സ്കൂളുകൾ മിക്കവാറും അഴിമതിക്ക് പേരുകേട്ടവയും, സൗകര്യങ്ങൾ കുറഞ്ഞവയും വേണ്ടവിധം അറ്റകുറ്റപ്പണികൾ നടത്താത്തവയുമാണ്. മാത്രമല്ല ഇവിടെ താമസിച്ചു പഠിക്കുന്ന പെൺകുട്ടികൾ ലൈംഗിക ചൂഷണത്തിനുവരെ ഇരയാകുന്നു.

8. ദേശാന്തരഗമനം ചെയ്യുന്ന ആദിവാസി വിഭാഗങ്ങൾ (Nomadic tribes) ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് യാത്രചെയ്തുകൊണ്ടിരിക്കുന്നതിനാൽ ഈ വിഭാഗങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കാതെ പോകുന്നു.

9. ഇന്ത്യയിലെ ഭൂരിഭാഗം ആദിവാസി വിഭാഗങ്ങൾക്കും അവരവരുടേതായ മാതൃഭാഷ ഉണ്ട്. എന്നാൽ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഔദ്യോഗിക ഭാഷയോ, പ്രാദേശിക ഭാഷയോ ആണ് അദ്ധ്യയനത്തിനായി ഉപയോഗിക്കുന്നത്. ഇത് ആദിവാസി കുട്ടികൾക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ് പ്രത്യേകിച്ച് പ്രൈമറി ലെവൽ സ്കൂൾ കുട്ടികൾക്ക്.

10. ആദിവാസി കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ഗോത്രവർഗ്ഗ സംസ്കാരവും ഭാഷയുമായി പരിചയമുണ്ടെങ്കിൽ ഇത് കുട്ടിയുടെ പഠനത്തെ കൂടുതൽ സുഗമമാക്കും. ഉദാഹരണം ഗൊണ്ടി, ഹൽബി പോലുള്ള വർഗ്ഗക്കാരുടെ ആദിവാസിഭാഷ പുറത്തുനിന്നുള്ള ജില്ലാ ഭരണകൂട ഉദ്യോഗസ്ഥക്കും അദ്ധ്യാപകർക്കും ആദിവാസിഭാഷ അറിയില്ല.

11. ഗോത്രവിഭാഗത്തിലുള്ള കുട്ടികൾക്ക് അവരുടെ പ്രകൃതിയുമായി ഇഴുകിച്ചേർന്ന ജീവിതരീതിമൂലം മുഖ്യധാരയുടെ പഠനരീതിയിൽ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്ന ക്ലാസ് മുറിയിലിരുന്ന് പഠിക്കുന്നത് അസ്വസ്ഥതയുളവാക്കാം.

12. ഗോത്രബാലൻമാർക്കിടയിലെ നിരക്ഷരതക്ക് പ്രധാനകാരണം മാതാപി.താക്കളും സമുദായവും കുട്ടികളുടെ പഠനകാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതും നിലവാരമുള്ള സ്കൂളുകളുടെ അഭാവം മൂലവുമാണ്. വിദ്യാഭ്യാസത്തിന്റെ പ്രയോജനത്തെപ്പറ്റി ഗോത്രസമുദായങ്ങളിലെ ഭൂരിഭാഗം ജനങ്ങൾക്കും വേണ്ടത്ര

ബോദ്ധ്യമില്ല.

**ആരോഗ്യ പ്രശ്നങ്ങൾ**

ഗോത്ര ജനവിഭാഗങ്ങൾ പല വിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

1. ദേശീയ ആരോഗ്യമാതൃക പ്രധാനമായും ഗോത്ര ഇതരമേഖലകൾക്കായി രൂപപ്പെടുത്തിയിട്ടുള്ളതാണ്. വ്യത്യസ്ത വിശ്വാസ സമ്പ്രദായങ്ങൾ, വ്യത്യസ്ത രോഗങ്ങളുമായി ബന്ധപ്പെട്ട വ്യത്യസ്ത തരത്തിലുള്ള ബുദ്ധിമുട്ടുകൾ, വ്യത്യസ്ത ആരോഗ്യസംരക്ഷണ ആവശ്യങ്ങൾ, ആരോഗ്യപരമായ വിവിധ സേവനങ്ങളുടെ വിതരണം പ്രത്യേകിച്ച് ഭൂമിശാസ്ത്രപരമായി വേറിട്ടു നിൽക്കുന്നതും വിദൂരവുമായ സ്ഥലങ്ങൾ, വനം, മറ്റുള്ള നൈസർഗിക പ്രകൃതി വിശേഷതകളാൽ ചുറ്റപ്പെട്ട പ്രദേശങ്ങൾ എന്നിവിടങ്ങളിലെ സാംസ്കാരികമായി വ്യത്യസ്തമായ ജനവിഭാഗങ്ങൾ എന്നിവയെ ഇത് ഉൾക്കൊള്ളുന്നില്ല.

2. ഗോത്രവർഗ്ഗപ്രദേശങ്ങളിൽ ആരോഗ്യപാലനത്തിനായി ജോലി ചെയ്യുന്നതിന് പരിശീലനം ലഭിച്ച വേണ്ട രീതിയിൽ സജ്ജവും, സന്നദ്ധമായതുമായ ഉദ്യോഗസ്ഥരുടെ അഭാവമാണ് മറ്റൊരു പ്രശ്നം. ഇതുമൂലം ആരോഗ്യപരിപാലത്തിനായി ഹെൽത്ത് സബ് സെന്റേഴ്സ്, പി.എച്ച്.സി.കൾ, സി.എച്ച്.സി.കൾ മുതലായ പേരിൽ കെട്ടിടങ്ങൾ നിർമ്മിക്കുകയും എന്നാൽ ജീവനക്കാരില്ലാത്തതിനാൽ ഇത് പ്രവർത്തനര ഹിതമായ അവസ്ഥയിലുമാണ്. മാത്രമല്ല ഇത്തരം സ്ഥാപനങ്ങൾ അപര്യാപ്തമായ മേൽനോട്ടം, പരമിതമായ റിപ്പോർട്ടിംഗും, കുറഞ്ഞ ഉത്തരവാദിത്തവും മൂലവും വളരെ പരിതാപകരമായ അവസ്ഥയിലാണ്.

3. ജീവനക്കാരുടെ സൗഹാർദ്ദപരമല്ലാത്ത പെരുമാറ്റം, ഭാഷയുടെ പ്രശ്നങ്ങൾ, സ്ഥാപനത്തിലേക്കെത്തുന്നതിനുള്ള കൂടിയ ദൂരം, ഗതാഗത സൗകര്യങ്ങളുടെ അഭാവം, കുറഞ്ഞ സാക്ഷരത, ആരോഗ്യപരി പാലനസംവിധാനങ്ങളുടെ കുറഞ്ഞ ഉപയോഗം ഇവ മൂലം ആദിവാസിമേഖലകളിലെ ആരോഗ്യപരിപാലനസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്താതെ പോകുന്നു.

4. ആരോഗ്യമേഖലയിൽ നയരൂപീകരണത്തിലും, പദ്ധതികളുടെ പ്ലാനിംഗിലും സേവനങ്ങളുടെ നടത്തിപ്പിലും ഗോത്രവർഗ്ഗപ്രതിനിധികളുടെ പങ്കാളിത്തം ഇല്ലാത്തതിനാൽ തെറ്റായ മുൻഗണനകളോടെ, ലക്ഷ്യപ്രാപ്തി കൈവരിക്കാതെ പോകുന്നു. ആദിവാസികൾക്കിടയിലുള്ള ഉയർന്ന മദ്യപാനശീലവും പുകവലിയും ഈ ദു:ശ്ശീലങ്ങൾക്ക് അടിമപ്പെടുന്ന അവസ്ഥയാണുള്ളത്. ഇത് തടയുവാനുള്ള നടപടികളും നയരൂപീകരണവും അത്യാവശ്യമായി നടത്തേണ്ടതാണ്.

6. നിലവിലുള്ള നിയമവ്യവസ്ഥകളറിയാതെ ഗോത്രവർഗ്ഗവിഭാഗങ്ങളിലെ നിരക്ഷ

രരായ ആളുകൾ അവരുടെ ആചാരങ്ങളെ മുറുകെപ്പിടിക്കുന്നതുമൂലം ഒട്ടുമിക്ക ഗോത്രസമുദായങ്ങളിലും ബാലവിവാഹം ഇപ്പോഴും നിലനിൽക്കുന്നു.

7. ഗോത്രവിഭാഗങ്ങളിലെ ജനങ്ങൾ അധികവും അവരുടെ ആചാരങ്ങളെ മുറുകെ പിടിച്ചുകൊണ്ട് രോഗചികിത്സക്ക് അവരുടേതായ സമ്പ്രദായത്തിലുള്ള ചികിത്സകൾ അവലംബിക്കുന്നു. പുതിയകാലത്തെ രോഗങ്ങൾക്കുപോലും അവർ ആധുനിക ചികിത്സ തേടാത്തത് ഉയർന്ന മരണനിരക്കിന് കാരണമാകുന്നു.

8. ജരവ വിഭാഗങ്ങൾ അവരുടെ പ്രതിരോധശേഷിക്കുറവുമൂലം ബാഹ്യമായ രോഗങ്ങൾക്ക് എളുപ്പം അടിമപ്പെടുന്നു. പുറത്തുനിന്ന് വരുന്ന സഞ്ചാരികളിൽ നിന്നാണ് ഇവർക്ക് ഇത്തരത്തിലുള്ള രോഗങ്ങൾ വരുന്നത്. ഗോത്രവിഭാഗക്കാരുടെ സ്ത്രീകളും പെൺകുട്ടികളും ലൈംഗികചൂഷണത്തിന് വിധേയരാവുകയും അതുമൂലമുണ്ടാകുന്ന രോഗങ്ങൾക്ക് ഗോത്രവിഭാഗക്കാരിൽ ചികിൽസയില്ലാത്ത അവസ്ഥയുമാണ്.

9. സർക്കാരിന്റെ രോഗപ്രതിരോധ പരിപാടികൾ ആദിവാസി മേഖലകളിൽ എത്തുന്നില്ല.

10. ആദിവാസി ജനവിഭാഗങ്ങൾ ഉയർന്ന അളവിൽ പോഷകാഹാരക്കുറവുള്ളവരാണ്. PVTG കളുടെ വാസസ്ഥലങ്ങൾ വിദൂരപ്രദേശങ്ങളിലോ, റോഡ്മാർഗ്ഗം എത്തിച്ചേരാൻ സാധിക്കാത്തതോ ആയതിനാൽ ഭക്ഷണം വിതരണം ചെയ്യുന്ന അംഗനവാടികളിലേക്ക് ആദിവാസികൾക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. ഇവരുടെ ഊരുകൾ വളരെ ചറുതായതിനാൽ ഒരു അംഗനവാടി സ്ഥാപിക്കാൻ വേണ്ടത്ര വലുപ്പമതിനില്ല. ഇതിന്റെ ഫലമായി ഇവരുടെ കുട്ടികൾക്ക് ഗവൺമെന്റ് പദ്ധതികളിലൂടെയുള്ള പോഷകാഹാരം ലഭ്യമാകുന്നില്ല എന്നതാണ് വസ്തുത.

11. മൃഗങ്ങളെ വേട്ടയാടുന്നതിനും കൊല്ലുന്നതിനും എതിരെ നിയമങ്ങൾ കൊണ്ടുവന്നതുമൂലം പരമ്പരാഗതമായി മൃഗങ്ങളെ വേട്ടയാടി ഭക്ഷണമാക്കിയിരുന്ന ഗോത്രജനതക്ക് ഭക്ഷണ ദൗർലഭ്യവും പോഷക ദൗർലഭ്യവും ഉണ്ടാവാൻ തുടങ്ങി. എന്നാൽ ഇത്തരത്തിൽ നിയമങ്ങൾ ഉണ്ടാക്കിയപ്പോൾ ഇവർക്ക് ഇതര മാർഗ്ഗങ്ങളൊന്നും പ്രാപ്യമാക്കിയതുമില്ല.

12. ശുദ്ധജലത്തിന്റെ അലഭ്യതയും ജലമലിനീകരണവും ആദിവാസി മേഖലകളിൽ പ്രബലമാണ്. ഇത് അവരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

13. അക്രമങ്ങളും കൊലപാതകങ്ങളും ഏൽപ്പിച്ച മാരകമായ ആഘാതങ്ങളുടെ ഫലമായാണ് മാനസികരോഗങ്ങൾ വർദ്ധിക്കുന്നത്.

14. വടക്കുകിഴക്കൻ പ്രദേശങ്ങൾ പോലെ ഉയർന്ന സാക്ഷരതയുള്ള പ്രദേശങ്ങ

ളിൽ പോലും പരിശീലനം സിദ്ധിച്ച യുവാക്കൾക്കിടയിലുള്ള തൊഴിലില്ലായ്മ മാനസിക വിഷാദത്തിനും ഉയർന്ന ആത്മഹത്യ നിരക്കിനും കാരണമാകുന്നു.

15. മയക്കുമരുന്നിന്റെ ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളായ എച്ച്. ഐ.വി., എയ്ഡ്സ്, മാനസിക രോഗങ്ങൾ മുതലായവ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ കൂടുതലായി കാണപ്പെടുന്നുണ്ട്. ഇത് ''ഗോൾഡൻ ട്രയാംഗിൾ'' പ്രദേശങ്ങൾക്കടുത്തായിട്ടാണ്. കെറ്റാമൈൻഡ് (Ketamind), സ്യൂഡോഫെഡ്രൈൻ (Psuedoephedrine) മുതലായ മരുന്നുകൾ ഇതിന്റെ ഉപയുക്താക്കളെയും അവരുടെ കുടുംബാംഗങ്ങളേയും മഹാവിപത്തിലെത്തിക്കുന്നു.

**<u>ഉപജീവനം</u>**

1. ആധുനിക പരിശീലനമോ, വൈദഗ്ദ്ധ്യങ്ങളോ, വിദ്യാഭ്യാസമോ ലഭിക്കാത്തതു മൂലം ഗോത്രജനത പരമ്പരാഗതമായ വൈദഗ്ദ്ധ്യത്തെയും രീതികളെയും ഉപജീവനത്തിനായി ആശ്രയിക്കുന്നു. ഇത് തീരെ ആദായകരമല്ല.

2. ഗോത്രജനതയിൽ ഭൂരിഭാഗവും ഭൂരഹിതരാണ് മാത്രമല്ല ഇവരുടെ കൈവശമിരിക്കുന്ന ഭൂമി ഉത്പാദനക്ഷമത കുറഞ്ഞതുമാണ്.

3. ഭാഷാപരവും സാംസ്കാരികപരവുമായ ബുദ്ധിമുട്ടുകൾ കാരണം ഇവർക്ക് ആധുനിക കൃഷിരീതികളിലും കൃഷി സംബന്ധമായ തൊഴിലുകളിലും വൈദഗ്ദ്ധ്യം ഇല്ലാതെ വരുന്നു.

4. ദുഷ്കരമായ ഭൂപ്രദേശത്തുള്ള വാസവും, ആളുകളിൽ നിന്നും ഇവർക്കുള്ള അകൽച്ചയും മൂലം അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതെ വരുന്നു.

5. അപര്യാപ്തമായ ഗതാഗത സംവിധാനങ്ങളും, വാർത്താവിനിമയ സംവിധാനങ്ങളും, അവ ഉപയോഗപ്പെടുത്താനുള്ള ആദിവാസികളുടെ വിമുഖതയും മൂലം ഇവരുടെ ഉൽപന്നങ്ങൾക്ക് നല്ല വിപണനസാദ്ധ്യത കണ്ടെത്താനാവാതെ വരുകയും നല്ല വില ലഭിക്കാതെ വരുകയും ചെയ്യുന്നു.

6. പരമ്പരാഗത സമ്പ്രദായങ്ങളോടുള്ള താൽപര്യം (ഉദാ: ഉപജീവനം നടത്തുന്നതിനായി ജും (ഒരു പരമ്പരാഗത ധാന്യം കൃഷിചെയ്യുക എന്നത്) ഇവരെ ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കാൻ കാരണമാകുന്നു.

7. ഗോത്രജനതയിൽ നിന്നും വികസനപ്രവർത്തനങ്ങളുടെ പേരിൽ ഭൂമി പിടിച്ചെടുക്കുകയോ, ഇവർ ഭൂമിയിൽ നിന്നും കുടിയിറക്കപ്പെടുകയോ അല്ലെങ്കിൽ ഇവർക്ക് വനവുമായുള്ള സമ്പർക്കം നിഷേധിക്കപ്പെടുകയോ ചെയ്യുമ്പോൾ ഇവർക്ക് ഉപജീവനത്തിന് യാതൊരു മാർഗ്ഗവും ഇല്ലാതെ വരുന്നു. ഇവർ പട്ടിണിയിലാകുന്നു.

**ഭാഗം II : നിയമ സേവനഅതോറിറ്റിയുടെ ധർമ്മങ്ങൾ**

മുകളിൽ കൊടുത്തിരിക്കുന്ന പ്രശ്നങ്ങളുടെ വ്യാപ്തിയിൽ നിന്നും തന്നെ സംസ്ഥാന നിയമ സേവന അതോറിറ്റിക്ക് ഗോത്ര ജനവിഭാഗങ്ങൾക്ക് നീതി ലഭ്യമാക്കുന്നതിന് സഹായിക്കുന്നതിൽ വളരെ നിർണ്ണായകമായ ഒരു പങ്കാണുള്ളതെന്ന് വ്യക്തമാകുന്നു. ഗോത്ര ജനതയും, ഭരണകൂടവും, ജുഡീഷ്യറിയും തമ്മിലുള്ള വിടവ് നികത്തേണ്ടത് SLSA കളുടെ കടമയാണ്. നിയമവാഴ്ച നിലനിൽക്കുന്നുവെന്ന് SLSA ഉറപ്പാക്കണം. ഗോത്രജനതയ്ക്ക് നിയമവ്യവസ്ഥയിൽ വിശ്വാസം ഉണ്ടാകുന്നതിനായി നിയമവാഴ്ചയുടെ കാര്യക്ഷമത വിർദ്ധിപ്പിക്കണം. പ്രസ്തുത മേഖലകളിൽ ഇതിനായി SLSA പ്രവർത്തനം നടത്തണം.

താഴെപ്പറയുന്ന കാര്യങ്ങളിൽ SLSA കൾ മുൻകൈയ്യെടുക്കണം.

A. വ്യവഹാരനടപടിയുമായി ബന്ധപ്പെട്ടത്.

1. ഗോത്ര സമൂഹത്തിൽ നിന്നുമാത്രമായി ഒരു കൂട്ടം അഭിഭാഷകരുടെ ഒരു പാനൽ രൂപീകരണം. ഇവർക്ക് നല്ല രീതിയിൽ പ്രതിഫലവും നൽകുക.

2. കേസുകളിൽ വ്യവഹാരനടപടി സമ്പന്ധിച്ച നിയമസഹായ, ആദിവാസികൾക്ക് നിർബന്ധമായി നൽകിയിരിക്കണം. ഇവർക്കുവേണ്ടി ആവശ്യമെങ്കിൽ സീനിയർ അഭിഭാഷകർ കോടതിയിൽ പ്രതിനിധീകരിക്കുകയും ഇതിലേക്കായി സ്പെഷ്യൽ ഫീസ് നൽകുകയും വേണം. ഇതിലൂടെ ആദിവാസികളു ടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കപ്പെടുകയും ചെയ്യും.

3. ജുഡീഷ്യറി ഹിന്ദി, ഇംഗ്ലീഷ് അല്ലെങ്കിൽ മറ്റു പ്രധാനപ്രാദേശിക ഭാഷകളിൽ മാത്രം അതിന്റെ വ്യവഹാരം നടത്തുന്നു. ഇതിനാൽ പാവപ്പെട്ട ആദിവാസികൾ ജഡ്ജ്മാരുടെയോ അഭിഭാഷകരുടെയോ ദയയ്ക്കായി കാത്തുനിൽക്കേണ്ടി വരുന്നു. ഇവർക്ക് നീതി ലഭിക്കാൻ വേണ്ടി SLSA കൾ കോടതിയിൽ പ്രതിനിധീകരിക്കേണ്ടതാണ്.

4. പാനൽ അഭിഭാഷകൻ കോടതിയിൽ ആദിവാസികളെ ആത്മാർത്ഥതയോടെ പ്രതിനിധാനം ചെയ്യുകയും, ഇവരുമായി ബന്ധപ്പെട്ട നിയമങ്ങളും അതിന്റെ പ്രക്രിയയും ഇവർക്ക് വിശദീകരിച്ചുകൊടുക്കുകയും ചെയ്യണം. ഇതിലൂടെ സംവിധാനത്തിലുള്ള അവിശ്വാസം നീക്കാനും കോടതി നടപടികളെപറ്റി നല്ല ഒരു ഗ്രാഹ്യം ഉണ്ടാക്കാനും സഹായിക്കുന്നു.

5. ആശയക്കുഴപ്പമുള്ള ഭാഗങ്ങൾ സ്പഷ്ടമാക്കി സംശയങ്ങൾ ദൂരീകരിക്കാനും സാധാരണ കോടതികളുടെയും പരമ്പരാഗതമായ ഗ്രാമീണ കോടതികളുടെയും അധികാരപരിധികൾ പരസ്പരം അതിക്രമിച്ചു കിടക്കുന്ന അവസ്ഥ വിശദീകരിക്കുന്നത് നീതിന്യായ വ്യവസ്ഥയുടെ സുഗമമായ പ്രവർത്തനത്തിനം ആളു

കളെ സഹായിക്കാനും പാനൽ അഭിഭാഷകർ പ്രതിജ്ഞാബദ്ധരാണ്.

6. പാനൽ അഭിഭാഷകർ, ജയിൽ സന്ദർശിക്കുകയും, ജയിലിൽ ലീഗൽ സർവ്വീസസ് ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും ഇതിലൂടെ ജാമ്യം നിഷേധിച്ച് വളരെക്കാലം കുറ്റാരോപിതർ ജയിലിൽ കിടക്കുന്ന അവസ്ഥയില്ലാതെയാക്കുന്നതിനും, കേസ്സുകളുടെ തുടർ നടപടികൾ നടത്തുകയും ഇതുവഴി അർഹരായവർക്ക് നേരത്തെയുള്ള മോചനം ലഭ്യമാക്കുകയും ചെയ്യുക.

7. പിടിച്ചെടുക്കപ്പെട്ട ഭൂമിക്ക് പകരമായുള്ള നഷ്ടപരിഹാരത്തുക നേടിയെടുക്കുന്നതിനും, ആദിവാസികളുടെ പുനരധിവാസത്തിനും പാനൽ അഭിഭാഷകരും പാരാലീഗൽ അഭിഭാഷകരും സഹായിക്കേണ്ടതാണ്.

8. ആദിവാസി മേഖലകളിലെ പ്രശ്നങ്ങൾ, ആവശ്യങ്ങൾ കൂടാതെ വിദ്യാഭ്യാസ സംവിധാനങ്ങൾ, ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ ഇവയുടെ ലഭ്യത എന്നിവയെപ്പറ്റിയുള്ള വസ്തുതകൾ കണ്ടെത്തുകയും PLV കളുടെ സഹായത്തോടെ നിയമപരമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും സഹായിക്കുന്നു.

9. മുഴുവൻ സമയ സെക്രട്ടറിമാർ / ജുഡീഷ്യൽ ഓഫീസേഴ്സ് എന്നിവർ പ്രസ്തുത പ്രദേശത്തെ ആളുകളുമായി ഇടപഴുകുകയും ഇതുവഴി അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും എന്തെന്ന് മനസ്സിലാക്കുകയും ഇതുവഴി അവരുടെ യഥാർത്ഥ നിയമ അവകാശങ്ങൾ സംരക്ഷിക്കാനുള്ള സേവനങ്ങൾ അവർക്ക് ലഭ്യമാകും എന്ന ബോദ്ധ്യം അവരിലുണ്ടാക്കാനുതകുന്ന സഹായ സഹകരണങ്ങൾ അവർക്ക് ലഭിക്കുന്നു എന്നുറപ്പുവരുത്തുക.

10. ഏതെങ്കിലും ഒരു കോടതിയിൽ ഒരു ആദിവാസിയായ വ്യക്തി കോടതി വ്യവഹാരം നേരിടേണ്ടി വരുന്നുവെങ്കിൽ ഇയാളെ കണ്ടെത്തി നിയമസഹായവും പിന്തുണയും നിയമസേവന അതോറിറ്റി നൽകേണ്ടതാണ്. ഇയാൾക്കെതിരെയുള്ള നിയമ നടപടിയുടെ തുടക്കം മുതൽക്കേളള്ള എല്ലാ കോടതി പ്രോസീഡിംഗ് അഥവാ കോടതി വ്യവഹാര പ്രക്രിയയിലും ഈ വ്യക്തിക്ക് നിയമ സേവനങ്ങൾ ലഭ്യമാക്കണം.

11. ആദിവാസി അഭിഭാഷകർക്ക് സന്ദർശിക്കാൻ പറ്റുന്ന സ്ഥലങ്ങളിൽ SLSA ക്ക് ക്ലിനിക്കുകൾ തുറക്കാവുന്നതാണ്.

12. മൾട്ടി യൂട്ടിലിറ്റി വാഹനങ്ങളുടെ സഹായത്തോടെ SLSA കൾ ആൾപ്പാർപ്പു കുറവുള്ള വിദൂരസ്ഥലങ്ങളിൽ പോലും എത്തിച്ചേരുകയും ഇവിടങ്ങളിൽ ബോധവൽക്കരണം നടത്തുന്നതു കൂടാതെ ക്രിമിനൽ, സിവിൽ, റവന്യൂ, വനം എന്നിവയുമായി ബന്ധപ്പെട്ട കേസ്സുകളുള്ള ആദിവാസികൾക്ക് വേഗത്തിലുള്ളതും കൃത്യവുമായ നിയമസഹായവും നൽകേണ്ടതാണ്.

13. മൊബൈൽ ലോക് അദാലത്ത് മുഖേന നഷ്ടപരിഹാര ക്ലെയിമുകൾ, വാസ സ്ഥലവുമായി ബന്ധപ്പെട്ട ക്ലെയിമുകൾ എന്നിവ തീർപ്പാക്കുന്നതിന് വനം വകുപ്പ്, മറ്റു സർക്കാർ വകുപ്പുകൾ എന്നിവയുമായി ഏകോപനം നടത്തേണ്ടത് SLSA യുടെ കടമയാണ്.

14. ക്രിമിനലും സിവിലും ആയ കേസുകളിൽ ഹൈക്കോടതിയെ ഹർജി മുഖാന്തിരം സമീപിക്കാൻ ആദിവാസികൾക്ക് നിയമസഹായം നൽകണം. ഗോത്ര വിഭാഗത്തിൽനിന്നു തന്നെയുള്ള അഭിഭാഷകരോ അല്ലെങ്കിൽ ആദിവാസികളുടെ പ്രശ്നങ്ങളെപ്പറ്റി വ്യക്തമായ ധാരണയുള്ളതും ആദിവാസികളോട് സംവദിക്കാൻ സന്നദ്ധതയുള്ളതുമായ അർപ്പണബോധമുള്ള അഭിഭാഷകരോ ഹൈക്കോടതിയുടെ ലീഗൽ സർവ്വീസസ് കമ്മറ്റിയുടെ പാനലിൽ നിയമിതരാക്കിയിരിക്കണം.

15. അവശ്യഘട്ടങ്ങളിൽ SLSA യുടെ ബഹു. എക്സിക്യൂട്ടീവ് ചെയർമാന്റെ അനുമതിയോടെ സോഷ്യൽ ജസ്റ്റിസ് ലിറ്റിഗേഷൻ അഥവാ സാമൂഹീക നീതി നിയമവ്യവഹാരം നടത്താവുന്നതാണ്.

## B. <u>പാരാ ലീഗൽ വോളന്റിയേഴ്സ്</u> (PLVs)

1. സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റ് മറ്റു സർക്കാർ വകുപ്പുകൾ എന്നിവരുടെ സഹായത്താൽ ഓരോ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയും ആദിവാസി മേഖലകൾ കണ്ടെത്തി പാരാ ലീഗൽ വോളന്റിയേഴ്സ് മുഖേന ഇവിടെ സേവനങ്ങൾ എത്തിക്കേണ്ടതാണ്.

2. ആദിവാസി സമൂഹത്തിന്റെ വിശ്വാസ്യത നേടുന്നതിനായും, ആദിവാസികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായും, ബോധവൽക്കരണ പരിപാടികളിലൂടെ അവരോട് ഫലപ്രദമായി സംവദിക്കുന്നതിനായും പാരാ ലീഗൽ വോളന്റിയേഴ്സിനെ അവർക്കിടയിൽ നിന്നും തന്നെ തിരഞ്ഞെടുക്കേണ്ടതാണ്. DLSA യുടെ മുഴുവൻ സമയ സെക്രട്ടറിമാരുടെ നിയന്ത്രണത്തിലൂടെയും നേരിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിലൂടെയും ഗോത്രവർഗ്ഗ സമുദായങ്ങളിൽ നിന്നുമുള്ള പാരാലീഗൽ വോളന്റിയേഴ്സിന്റെ ഒരു പ്രത്യേക പാനൽ SLSA രൂപീകരിക്കേണ്ടതാണ്.

3. ഇത്തരത്തിലുള്ള PLV കൾക്ക് അവരുടെ കടമകൾക്കനുസൃതമായി പ്രത്യേകമായി ട്രെയിനിംഗ് നൽകിയിരിക്കണം. ഇവർ ഗോത്ര ജനതയുമായി നല്ല രീതിയിൽ ഇടപെടുന്നതിനും തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള മേഖലകളിലേക്ക് വേണ്ട സേവനങ്ങൾ യഥാസമയം എത്തിച്ചുകൊടുക്കുവാനും കഴിയണം.

4. ഗവൺമെന്റ് സ്കീമുകൾ മുഖാന്തരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള അപേക്ഷകളും ഫോമുകളും മറ്റും പൂരിപ്പിക്കുന്നതിന് SLSA കൾ P L V

മുഖാന്തിരം നിരക്ഷരരായ ആദിവാസികൾക്ക് ആവശ്യമുള്ള നിയമസഹായം നൽകേണ്ടതാണ്.

5. ആദിവാസി സമൂഹത്തിലെ ആളുകൾക്ക് വൈദ്യസഹായം നൽകുന്നതിൽ നിയമസേവന അതോറിറ്റിക്ക് ഒരു പ്രധാനപങ്കാണുള്ളത്. ഇതിനായി പാരാ ലീഗൽ വോളന്റിയേഴ്സ് മുഖേനയാണ് പ്രവർത്തിക്കേണ്ടത്. ആവശ്യക്കാരായവരെ പാരാ ലീഗൽ വോളന്റിയേഴ്സ് മുഖേന കണ്ടെത്തുകയും പ്രാദേശിക SLSA യുടെ സഹായത്തോടെ ഇത്തരത്തിലുള്ള ആദിവാസികൾക്ക് ആവശ്യമായ വൈദ്യസഹായവും, മരുന്നുകളും, മെഡിക്കൽ സ്കീമുകളിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങളും എത്തിക്കുകയും വേണം.

6. സ്കീമിന്റെ ഭാഗം-1ൽ പറഞ്ഞിരിക്കുന്നപോലുള്ള പ്രശ്നങ്ങൾ ഉദാ: സ്കൂളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അദ്ധ്യാപകരുടെ അഭാവം, ആദിവാസി കുട്ടികൾക്കെതിരായ പീഡനം മുതലായ പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളെ അല്ലെങ്കിൽ അധികാര കേന്ദ്രങ്ങളെ അറിയിക്കുന്നതിന് PLVകൾ ഇവരുടെ ശബ്ദമായി പ്രവർത്തിക്കുന്നു.

7. മനുഷ്യക്കടത്തലിന്റെ കാര്യത്തിൽ ഇതിന്റെ ഇരകളെ കണ്ടെത്തുന്നതിനും, ഇവർക്ക് നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിനും മറ്റുമായി PLV കൾക്ക് പ്രവർത്തിക്കാനാകും. മാത്രമല്ല പലതരത്തിലുള്ള സ്കീമുകളിലൂടെയും ലഭിക്കുന്ന നഷ്ടപരിഹാരങ്ങളും ലഭ്യമാക്കുന്നതിൽ സഹായിച്ച് പ്രവർത്തിക്കാനാകും.

8. കടത്തലിനിരയായ കുട്ടികളെ രക്ഷപ്പെടുത്തുന്ന സമയത്തും കുട്ടികളെ CWC അഥവാ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാ ബോഴും PLV കൾക്ക് കുട്ടികളുടെ സഹായത്തിനായി നിലകൊള്ളാനാകും. ഈ കുട്ടികളുടെ കുടുംബങ്ങളെ കണ്ടെത്തുന്നതിനും PLV കൾ CWC കളെ സഹായിക്കേണ്ടതാണ്.

9. കോടതിയുടെ തെളിവെടുപ്പു സമയത്ത് സാക്ഷി പറയുമ്പോഴും ഇരകളായവർക്കൊരു പിടിവള്ളിയായി PLV കൾ നിലകൊള്ളേണ്ടതാണ്.

10. പാനൽ അഭിഭാഷകരേയും ആദിവാസികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കുക എന്നതാണ് PLV കളുടെ മറ്റൊരു കടമ. കൂടാതെ ആദിവാസിയെയും അഭിഭാഷകനെയും ഒരു പോലെ സഹായിക്കുകയും ഇതു വഴി ആദിവാസികളുടെ കേസ് നല്ല രീതിയിൽ നടത്തുന്നതിനു വേണ്ട എല്ലാ സഹകരണങ്ങളും ചെയ്യുക.

11. സർക്കാരിന്റെ വകുപ്പുകളും ഗോത്ര ജനതയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി നിലകൊണ്ട് ആദിവാസികൾക്കായി നൽകിയിരിക്കുന്ന ഭക്ഷണം, റേഷൻ,

മറ്റാനുകൂല്യങ്ങൾ എന്നിവ വിദൂര സ്ഥലങ്ങളിൽ വസിക്കുന്ന ആളുകൾക്കു പോലും എത്തിക്കുക.

12. ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ മിക്കവാറും ആദിവാസികളുടെ പക്കൽ ഉണ്ടാകാറില്ല. ഈ സാഹചര്യത്തിൽ പുനരധിവാസത്തിനും മതിയായ നഷ്ടപരിഹാരം ലഭിക്കുന്നതിനുമായി ആദിവാസികൾക്ക് നിയമസഹായം ആവശ്യമായി വരുന്നു. കുടിയിറക്കപ്പെട്ട ആദിവാസികൾക്ക് മതിയായ പുനരധിവാസം സാധ്യമാക്കുന്നതിനായ എല്ലാ തെളിവുകളും രേഖകളും ശേഖരിക്കുന്നതിന് PLV കൾ ഇവരെ സഹായിക്കേണ്ടതാണ്.

13. PLV കൾ ജയിൽ സന്ദർശിച്ച് അന്തേവാസികളുമായി ഇടപഴകുകയും അവരുടെ കേസുകളെ സംബന്ധിച്ച വസ്തുതകൾ കണ്ടെത്തി DLSA യുടെ മുഴുവൻ സമയ സെക്രട്ടറി മാർക്ക് റിപ്പോർട്ട് നൽകുകയും ഇതുവഴി ഇവർക്കു ജാമ്യം ലഭിക്കുന്നതിനോ ഇവരുടെ കേസ്സുകളുടെ വിചാരണ വേഗത്തിലാക്കുന്നതിനോ ആവശ്യമായ നടപടികളും തുടർ നടപടികളും നടത്തുക.

## C. ബോധവൽക്കരണം

1. സാധാരണ രീതിയിലുള്ള ബോധവൽക്കരണ പരിപാടികളിൽ നിന്നും വ്യത്യസ്തമായതാണ് ആദിവാസി മേഖലകളിൽ നടത്തേണ്ട ബോധവൽക്കരണ പരിപാടി. ഓഡിയോ-വിഷ്വൽ രീതികളാണ് ഇവിടെ കൂടുതൽ ഫലപ്രദം. നൃത്തം, നാടകം എന്നീ തരത്തിലുള്ള സാംസ്കാരിക പരിപാടികളിലൂടെയും ബോധവൽക്കരണം നടത്താവുന്നതാണ്. ഇതിൽ ആദിവാസികളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തേണ്ടതാണ്. ആദിവാസികളുടെ നാടൻപാട്ടുകൾ മുതലായവയും ഇവരുടെ തനതായ നൃത്തവും ബോധവൽക്കരണത്തിനായി ഉപയോഗിച്ചാൽ കൂടുതൽ എളുപ്പത്തിൽ സന്ദേശങ്ങൾ ഇവരിൽ എത്തിക്കാനാകും. ഗോത്രജനതയുടെ പ്രശ്നങ്ങളും ഇതിനുവേണ്ട പരിഹാരങ്ങളും നന്നായി അറിയുന്ന ഒരാൾ മുഖേന വേണം ബോധവൽക്കരണ പരിപാടികൾ അവതരിപ്പിക്കാൻ.

2. വനനിയമങ്ങളെക്കുറിച്ചും ഇതിന്റെ വകുപ്പുകൾ ലംഘിച്ചാലുണ്ടാകാവുന്ന അനന്തര ഫലങ്ങളെപ്പറ്റിയും ആദിവാസികൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്.

3. വിദ്യാഭ്യാസത്തിന്റെ മൂല്യം, വിവിധ ഗവൺമെന്റ് സ്കീമുകൾ പ്രകാരം ആദിവാസികൾക്കു ലഭ്യമായിട്ടുള്ള ആനുകൂല്യങ്ങൾ, ആദിവാസികളുടെ അവകാശങ്ങൾ, ആധുനിക സാങ്കേതിക വിദ്യകളുടെ ഗുണങ്ങൾ ഇതുമൂലം അവരുടെ ജോലികളിൽ ഉണ്ടാകുന്ന മികവും എളുപ്പവും മുതലായവയെ സമ്പന്ധിച്ച് SLSA കൾ നിയമപരമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

4. റിസർവ്വേഷൻ പോളിസിയുടെ ആനുകൂല്യങ്ങളും ഇതുമൂലം അഭ്യസ്തവിദ്യ

രായ ആദിവാസി കുട്ടികൾക്ക് പൊതു മേഖലകളിലും സ്വകാര്യ മേഖലകളിലും എളുപ്പത്തിൽ ജോലി ലഭ്യമാകാനുള്ള സാദ്ധ്യതകളും ഗോത്രജനതയെ ബോദ്ധ്യപ്പെടുത്തി കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനെ പ്രോത്സാഹിപ്പിക്കുക.

5. ആദിവാസിമേഖലകളിലെ സ്കൂളുകളിൽ സ്കൂൾ ലീഗൽ ലിറ്ററസി ക്ലബ്ബുകൾ സ്ഥാപിക്കുന്നതുവഴി ആദിവാസിക്കുട്ടികളെ സ്കൂളിൽ തുടരുന്നതിന് പ്രോത്സാഹിപ്പിക്കുകയും അതേസമയം അദ്ധ്യാപകരുടെയും മറ്റു കുട്ടികളുടെയും ഇടയിൽ ആദിവാസി കുട്ടികളുടെ പ്രത്യേക ആവശ്യങ്ങളെപ്പറ്റി ബോദ്ധ്യമുണ്ടാക്കുകയും ചെയ്യുക.

6. കാർഷിക വൃത്തിയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗത്തെപ്പറ്റി പ്രായോഗികപരമായ പ്രദർശനത്തിലൂടെ ബോധവൽക്കരണം നടത്തുന്നതിനുള്ള പരിപാടികൾ NGOകൾ, ഗവൺമെന്റ് ഏജൻസികൾ എന്നിവരുടെ പങ്കാളിത്തത്തോടെ SLSA നടത്തേണ്ടതാണ്. ഇതിന് ഓഡിയോ-വിഷ്വൽ മീഡിയയുടെ ഉപയോഗം നടത്താവുന്നതാണ്.

7. ആദിവാസിമേഖലകളിൽ മെഡിക്കൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും, ഇതുവഴി, ശുദ്ധമായ കുടിവെള്ളം പോഷകാഹാരം, ഗർഭിണിയായ സ്ത്രീകളുടെ പരിചരണം രോഗപ്രതിരോധം എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തേണ്ടതുമാണ്. ഇതിന് NGOകളുടെ സഹകരണം തേടാവുന്നതാണ്.

8. ഭാഷാപരമായ വ്യത്യാസം കുറക്കുന്നതിനായി ഗ്രാമങ്ങളിൽ കമ്മ്യൂണിറ്റി റേഡിയോകൾ സ്ഥാപിക്കുന്നതിന് SLSA കൾക്ക് മുൻകൈയെടുക്കാവുന്നതാണ്.

# മയക്കുമരുന്നു ദുരുപയോഗത്തിന്റെ ഇരകൾക്കും മയക്കുമരുന്ന് മൂലമുള്ള വിപത്തുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിയമ സഹായങ്ങൾക്കുള്ള NALSAയുടെ പദ്ധതി, 2015

# മയക്കുമരുന്നു ദുരുപയോഗത്തിന്റെ ഇരകൾക്കും മയക്കു മരുന്ന് മൂലമുള്ള വിപത്തുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നിയമ സഹായങ്ങൾക്കുള്ള NALSAയുടെ പദ്ധതി, 2015

1. <u>പശ്ചാത്തലം</u>

1.1 യുവാക്കളുടെയും, കുട്ടികളുടെയും, ഇടയിലുള്ള ലഹരിവസ്തുക്കളുടെ മയക്കുമരുന്നുകളുടെയും വ്യാപകമായ ഉപയോഗം ദേശീയ ആരോഗ്യനിലയെയും, സാമ്പത്തിക വ്യവസ്ഥയെയും പ്രതികൂലമായ രീതിയിൽ ബാധിക്കുന്നു. ഈ പ്രതിസന്ധിയെ നിയന്ത്രിക്കുകഎന്നത് സർക്കാരിന്റെയും സമൂഹത്തിന്റെയും ഒരു സുപ്രധാന കർത്തവ്യമാണ്.

1.2 മയക്കുമരുന്നുകൾ നിഷ്കളങ്കരായ കുട്ടികളെയും, യുവാക്കളെയും, സ്ത്രീകളെയും അതിന്റെ വിഷവലയത്തിൽ നശിപ്പിക്കുന്നു എന്നത് ഒരു രഹസ്യം അല്ല. ഈ പ്രതിസന്ധിയുടെ തീവ്രമായ യാഥാർത്ഥ്യങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളാൻ, ഒരു ആദ്യ ഉപഭോക്താവിന്റെ പ്രായം മാത്രം കണക്കിലെടുത്താൽ മതി. കേവലം 9–10 വയസ്സുള്ള കുട്ടികളാണ് ഇവർ. ഇന്ത്യയിലെ ഏഴു കോടി ആളുകൾ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നുവെന്നും ഇതിൽ 17% ഇതിന് അടിമപ്പെട്ട അവസ്ഥയിലാണെന്നും അടുത്തകാലത്ത് നടത്തിയ ഒരു പഠനം വെളിവാക്കുന്നു.

1.3 നിയമവിരുദ്ധമായി ലഹരി പദാർത്ഥങ്ങൾ ഉണ്ടാക്കുന്നതിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ കൃഷി ഒരു സുപ്രധാന വിഷയമാണ്. പൊതുവെ ഇത്തരം കൃഷികളുടെ പാർശ്വ ഫലങ്ങളെപ്പറ്റി പൊതുജനത്തിന് അറിയില്ല. അതിനാൽ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് പഞ്ചായത്ത് രാജിന്റെയും, ലോക്കൽ ബോഡിയുടെയും സഹകരണം ആവശ്യമാണ്.

1.4 ധാരാളം സംസ്ഥാന ഏജൻസികളും കൂടാതെ എൻ.ജി.ഒ.കൾ മുതലായവർ ലഹരി കടത്തിലിനെതിരായും, ലഹരി പദാർത്ഥങ്ങളുടെ നിർമ്മാർജ്ജനത്തിനായും പ്രവർത്തിക്കുന്നു എന്നിരുന്നാലും ഇവ തമ്മിൽ വേണ്ടത്ര ഏകോപനമില്ല. വിവിധ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ ഈ രംഗത്ത് പ്രതീക്ഷിക്കുന്ന ബലം നൽകുന്നില്ല. അനുഭവങ്ങളിലൂടെ വെളിവാകുന്നത് മയക്കുമരുന്ന് ഉപയോഗത്തിന് ഇരയായവർക്ക് ചികിത്സാ സമയത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ എങ്ങിനെ കൈകാര്യം ചെയ്യണം എന്നതിനെ സംബന്ധിച്ച് യാതൊരറിവുമില്ല എന്നാണ് അനുഭവങ്ങലൂടെ വെളിവാകുന്നത്.

1.5 ഈ വിപത്ത് പരിഹരിക്കുവാൻ നിയമസേവനസ്ഥാപനങ്ങൾക്ക് വലിയ സംഭാ

വന നൽകുവാൻ കഴിയും എന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് റാഞ്ചിയിൽ നടന്ന 13-ാം അഖിലേന്ത്യാ തലത്തിലുള്ള സംസ്ഥാന നിയമസഹായസ്ഥാപനങ്ങളുടെ സമ്മേളനം മയക്കുമരുന്നുകളുടെ ദുരുപയോഗം തടയുക ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെടുന്ന അവസ്ഥതടയുക എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തീരുമാനിച്ചു പ്രമേയം പാസ്സാക്കി.

## 2. നിലവിലുള്ള നിയമവ്യവസ്ഥകൾ

2.1 മാർച്ച് 1961-ൽ ഐക്യരാഷ്ട്ര സഭയിൽ നടന്ന സമ്മേളനത്തിലാണ് മയക്കുമരുന്നിന്റെ ഉപയോഗവും, കടത്തലും തടയാനുള്ള ആദ്യ ശ്രമം നടന്നത്. ഈ പ്രമേയത്തെ ഭേദഗതി ചെയ്തുകൊണ്ടുള്ള പെരുമാറ്റ ചട്ടം നിലവിൽ വന്നത് മാർച്ച് 1972-ൽ ആണ്. യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓൺ സൈക്കോട്രോപിക് സബ്സ്റ്റൻസസ് 1971ഉം, ഇതേതുടർന്ന് 1988-ൽ മയക്കുമരുന്നുകളുടെ നിയമവിരുദ്ധമായ കടത്തിലിനെതിരെയുള്ള സമ്മേളനവും നടന്നു. ഈ ഉടമ്പടികളിലെല്ലാം ഇന്ത്യ ഒപ്പ് വച്ചിട്ടുണ്ട്.

2.2 ഭരണഘടനയുടെ 47-ാം അനുഛേദ പ്രകാരം വൈദ്യശാസ്ത്രപരമായ കാരണങ്ങൾക്കൊണ്ടല്ലാതെ ആരോഗ്യത്തിനു ഹാനികരമായ മയക്കുമരുന്നുകൾ ലഹരി അടങ്ങിയ പാനീയങ്ങൾ, മരുന്നുകൾ എന്നിവ ഉപയോഗിക്കുന്നത് തടയേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്.

2.3 വർദ്ധിച്ചുവരുന്ന നിയമവിരുദ്ധ മയക്കുമരുന്നുപയോഗത്തിനും, കടത്തലിനുമെതിരെ പല നിയമങ്ങളും സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ട് 1940, നാർക്കോട്ടിക്സ് ഡ്രഗ്സ് ആന്റ് സൈകോട്രോപിക് സബ്സ്റ്റൻസ് ആക്ട് 1985 എന്നിവ മുഖേനലഹരി പദാർത്ഥങ്ങളുടെ ഉൽപാദനത്തിനുമുള്ള അസംസ്കൃത വസ്തുക്കളുടെയും പദാർത്ഥങ്ങളുടെയും ഉപയോഗം, കൃഷി, ഉത്പാദനം, കച്ചവടം കടത്തൽ എന്നിവ നിയന്ത്രിക്കുകയും, നിരോധിക്കുകയും ചെയ്തിരിക്കുന്നു. കഠിനമായ നിയമങ്ങളുണ്ടായിട്ടുപോലും നിയമ വിരുദ്ധമായ ലഹരി വസ്തുക്കളുടെ കടത്തൽ സംഘടിതമായ രീതിയിൽ വളർന്നുകൊണ്ടേയിരിക്കുന്നു.

2.4 പ്രശ്നത്തിന്റെ വിവിധ തലങ്ങൾ മനസ്സിലാക്കി പ്രശ്നത്തിന്റെ പരിഹാരത്തിനായി നിയമ സേവന സ്ഥാപനങ്ങൾക്ക് എന്തു പങ്ക് വഹിക്കാനാകും എന്നു മനസ്സിലാക്കുന്നതിനായി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചിരുന്നു.

ഹിമാചൽപ്രദേശിലെ മണാലിയിൽ നടന്ന ഡ്രഗ് മെനസ് ഇൻ ഇൻഡ്യ - ഓവർവ്യൂ, ചലഞ്ചസ് ആന്റ് സൊല്യൂഷൻസ് എന്ന പ്രാദേശിക കോൺഫറൻസിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കമ്മറ്റിയുടെ ഗാഢമായ

പര്യാലോചനയുടെ ഫലമായി ഉരുത്തിരുഞ്ഞു വന്നതാണ് ഈ പദ്ധതി. ഈ സാഹചര്യത്തിലാണ് നിയമസഹായസ്ഥാപനങ്ങൾക്ക് ലഹരി വിമുക്തി, പുനരധിവാസം, എന്നീ മേഖലകളിൽ സുപ്രധാനമായ പങ്ക് വഹിക്കാൻ കഴിയും എന്ന് NALSA മനസ്സിലാക്കിയത്.

3. **പദ്ധതിയുടെ പേര്**

ഈ പദ്ധതിയുടെ പേര് മയക്കുമരുന്ന് ഉപയോഗത്തിന്റെ ഇരകൾക്ക് നിയമസഹായം നൽകുന്നതിനും ലഹരി നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള നിയമസഹായങ്ങൾക്കുള്ള NALSA പദ്ധതി, 2015

4. **നിർവ്വചനങ്ങൾ**

ഈ പദ്ധതിയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ നിർവചനം താഴെ പറയുന്ന രീതിയിൽ ആയിരിക്കും.

(a) "ആക്ട്" - ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട്, 1987 (39 ഓഫ് 1987)

(b) "NDPS ആക്ട്" - നാർക്കോട്ടിക്സ്, ഡ്രഗ്സ് ആന്റ് സൈകോട്രോപിക് സബ്സ്റ്റൻസസ് ആക്ട് 1985 (61 ഓഫ് 1985)

(c) "നിയമസഹായം" - സെക്ഷൻ 2(സി) ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട്, 1987-ൽ പറഞ്ഞിരിക്കുന്ന പ്രകാരം.

(d) "നിയമസഹായ ക്ലിനിക്" - സെക്ഷൻ 2(സി) ലീഗൽ സർവ്വീസസ് അതോറിറ്റീസ് റെഗുലേഷൻസ് 2011 പറഞ്ഞിരിക്കുന്ന പ്രകാരം.

(e) "നിയമസഹായ സ്ഥാപനങ്ങൾ" താഴെ പറയുന്നവയിൽ ഏതും ആകാം. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി, സുപ്രീം കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി, ഹൈക്കോടതി  ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, താലൂക്ക് നിയമസഹായ കമ്മിറ്റി.

(f) "പാനൽ അഭിഭാഷകൻ" - നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി (സൗജന്യവും  പര്യാപ്തവുമായ നിയമസേവനങ്ങൾ) 2010-ലെ 8-ാം വകുപ്പ് പ്രകാരം നിയമിതനായിട്ടുള്ള പാനൽ അഭിഭാഷകൻ.

(g) "പാരാ ലീഗൽ വോളന്റിയർ" - നിയമരംഗത്ത് പ്രവർത്തിക്കാൻ പരിശീലനം നേടിയ വ്യക്തി. (NALSA സ്കീം ഫോർ പാരാലീഗൽ വോളന്റിയേഴ്സ് (റിവൈ

സ്ഡ്) ആന്റ് മോഡ്യൂൾ ഫോർ ദ ഓറിയന്റേഷൻ, ഇൻഡക്ഷൻ, റിഫ്രെഷർ കോഴ്സസ് ഫോർ PLV ട്രെയിനിംഗ്) പ്രകാരം പരിശീലിക്കപ്പെട്ടയാൾ.

(h) ഈ രേഖയിൽ ഉപയോഗിച്ചിരിക്കുന്ന മറ്റു വാക്കുകൾക്ക് ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ട് 1987, (39 ഓഫ് 1981) നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിസ് റൂൾസ് 1985, നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി (ഫ്രീ ആന്റ് കോംപി റ്റന്റ് ലീഗൽ സർവ്വീസസ്) റെഗുലേഷൻ 2010 എന്നീ നിയമങ്ങളിൽ നിർവചിച്ചിരിക്കുന്ന പ്രകാരം ആയിരിക്കും.

## 5. പദ്ധതിയുടെ ലക്ഷ്യങ്ങൾ

5.1 പൊതുജനങ്ങൾക്കിടയിൽ നാർകോട്ടിക് മരുന്നുകളുടെയും സൈക്കോട്രോപ്പിക് പദാർത്ഥങ്ങളുടെയും ദുരുപയോഗത്തിനെതിരെയുള്ള പദ്ധതികളെയും, നിയമവകുപ്പുകളെയും, പരിപാടികളെയും കുറിച്ച് അവബോധമുണ്ടാക്കുക, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ദോഷങ്ങളെപ്പറ്റി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, തെരുവുകുട്ടികൾ, ചേരിനിവാസികൾ, കുടുംബങ്ങൾ, തടവുകാർ, അസംഘടിത തൊഴിലാളികൾ, ലൈംഗിക തൊഴിലാളികൾ, പൊതുജനം എന്നിവർക്കിടയിൽ അവബോധം ഉണ്ടാക്കുക.

5.2 നിയമപരമായി അനുവദനീയമായ ലഹരികൃഷി നടത്തുന്ന കൃഷിക്കാർക്കിടയിൽ ഈ വസ്തുക്കളുടെ ദുരുപയോഗം മൂലമുണ്ടാകുന്ന പ്രതികൂല ശാരീരിക പ്രശ്നങ്ങളെ കുറിച്ച് അവബോധനം നൽകുക.

5.3 മാതാപിതാക്കളെയും, അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെപ്പറ്റി ബോധവൽക്കരിക്കുക.

5.4 നീതിന്യായവകുപ്പ്, പോലീസ്, വക്കീൽ, പുനരധിവാസ കേന്ദ്രങ്ങൾ, കോടതികൾ, ഫോറൻസിക് ലബോറട്ടറികൾ ലഹരി വിമുക്തകേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി അഡ്മിനിസ്ട്രേഷൻ വിഭാഗം, ബാലമന്ദിരങ്ങൾ, വൃദ്ധമന്ദിരം, വനിതാ മന്ദിരം, സ്പെഷ്യൽ സ്കൂൾ കോടതിയിലെ കാര്യനിർവ്വഹണ വിഭാഗത്തിലെ ഉദ്യോഗസ്ഥർ മുതലായവരെ ബോധവൽക്കരിക്കുക.

5.5 ലഭ്യമായ സംവിധാനങ്ങൾ ക്രോഡീകരിച്ച് ലഹരി ഉപയോഗത്തിന്റെ ഇരകളെ കണ്ടെത്തുകയും, ഇവരുടെ ചികിത്സ നടത്തുകയും ലഹരി പദാർത്ഥങ്ങളുടെ നിർവീര്യമാക്കൽ, ഇരയായവരുടെ പുനരധിവാസം മുതലായവ ചെയ്യുക.

5.6 പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ / തദ്ദേശ സ്ഥാപനങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തിക്കൊണ്ട് ലഹരി വസ്തുക്കളുടെ ദുരുപയോഗം, ഇവയുടെ നിയമപരമല്ലാത്ത കാർഷിക ഉൽപ്പാദനം ഇവയെ തടയുകയും ഇതിനായി അടിസ്ഥാന തലത്തിലുള്ള പ്രവർത്തനങ്ങൾ സമൂഹത്തിൽ നടത്തുകയും ചെയ്യുക.

5.7 ലഹരിമുക്ത കേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ഏതെങ്കിലും തരത്തിലുള്ള അവകാശ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ഇരയായ വ്യക്തിയുടെ അവകാശ സംരക്ഷണത്തിനായി ഇടപെടലുകൾ നടത്തുകയും ചെയ്യുക.

5.8 ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടനകളെയും ഏകോപിപ്പിക്കുക.

5.9 മയക്കുമരുന്ന് കടത്തലിന്റെയും, ലഹരി ദുരുപയോഗത്തിന്റെയും ഇരകളാകുന്നവർക്ക് ആവശ്യമായ നിയമസഹായം നൽകുക.

## കർമ്മ പദ്ധതി

6. പ്രത്യേക യൂണിറ്റുകളുടെ സ്ഥാപനം

6.1 ഈ സ്കീം പുറപ്പെടുവിച്ച് ഒരു മാസത്തിനകം SLSA എല്ലാ താലൂക്കുകളിലും, മണ്ഡലങ്ങളിലും, സബ്-ഡിവിഷനുകളിലും സ്പെഷ്യൽ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്. യൂണിറ്റിൽ DLSA ചെയർമാന്റെ ശുപാർശ പ്രകാരം ജൂഡീഷ്യൽ ഓഫീസർമാർ, യുവഅഭിഭാഷകർ എന്നിവരെയും ബന്ധപ്പെട്ട ചീഫ് മെഡിക്കൽ ഓഫീസറുടെ ശുപാർശ പ്രകാരം മെഡിക്കൽ ഓഫീസറെയും, ചീഫ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ഒരു റവന്യൂ /പോലീസ് / ഫോറസ്റ്റ് ഉദ്യോഗസ്ഥരെയും കൂടാതെ സോഷ്യൽ വർക്കർ, പാരാ ലീഗൽ വോളന്റിയർ, എൻ.ജി.ഒ. പ്രതിനിധി(ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ, പുനരധിവാസം ലഹരിവിമുക്ത പ്രവർത്തനങ്ങൾ ഇവയിൽ കാതലായ പ്രവർത്തനങ്ങൾ നടത്തുകയും NALSAയുടെ അക്രഡിറ്റേഷൻ ലഭിച്ചതും) എന്നിവരും അടങ്ങിയിരിക്കും. പ്രത്യേക യൂണിറ്റുകളുടെ ചുമതല വഹിക്കുന്നത് താലൂക്ക് / മണ്ഡലം / സബ്ഡിവിഷണൽ ലീഗൽ സർവ്വീസസ് കമ്മറ്റിയുടെ (TLSC എന്ന് തുടർന്നങ്ങോട്ട് സൂചിപ്പിക്കുന്നു). ചെയർമാൻ ആയിരിക്കും. യൂണിറ്റ് DLSA ചെയർമാന്റെ മൊത്തമായ മേൽ നോട്ടത്തിൻ കീഴിലായിരിക്കും.

6.2 പ്രസ്തുത സ്പെഷ്യൽ യൂണിറ്റുകളിൽ, പത്തിൽ കൂടുതൽ അംഗങ്ങൾ പാടില്ല. DLSA യുടെ സെക്രട്ടറിയായിരിക്കും ആ ജില്ലയിലെ നോഡൽ ഓഫീസർ. താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി ചെയർമാനായിരിക്കും പ്രത്യേക യൂണിറ്റിന്റെ സെക്രട്ടറി.

6.3 സ്പെഷ്യൽ യൂണിറ്റുകളുടെ രൂപവത്ക്കരണത്തിനുശേഷം DLSA അവർക്കായി പ്രത്യേക ട്രെയിനിംഗ് നല്കേണ്ടതുണ്ട്. ഇത് NALSAയുടെഷെഡ്യൂൾ പ്രകാര മായിരിക്കണം.

6.4 എല്ലാ സ്പെഷ്യൽ യൂണിറ്റുകളും നിശ്ചയിച്ചിട്ടുള്ള കാലയളവുകളിൽ ഒരു പ്രവർത്തന റിപ്പോർട്ട് DLSA ചെയർമാൻ മുഖേന SLSAക്ക് സമർപ്പിക്കണം. DLSA ചെയർമാൻ തന്റെ അഭിപ്രായം രേഖപ്പെടുത്തണം.

6.5 യൂണിറ്റ് സ്ഥാപിച്ച ശേഷം 15 ദിവസത്തിനകം എല്ലാ സ്പെഷ്യൽ യൂണിറ്റിനും മയക്കു മരുന്ന് ഉപയോഗം തടയാനും ഈ വിപത്തിനെ ചെറുക്കാനുള്ള ഒരു ചെറുകിട പദ്ധതി തയ്യാറാക്കിയിരിക്കണം.

6.6 ഈ പദ്ധതി DLSA ചെയർമാൻ SLSA മെമ്പർ സെക്രട്ടറിയുടെ അനുമതി ക്കായി അയക്കുകയും ഇവിടെ നിന്നും ഇത് SLSA എക്സിക്യൂട്ടീവ് ചെയർമാന്റെ അനുമതിക്കായി അയക്കുകുയും ഇദ്ദേഹം ഇത് (പദ്ധതികളിൽ വേണ്ട മാറ്റം വരുത്തിയോ വരുത്താതെയോ) 15 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ ചെയ്യുന്നു.

6.7 SLSA നിയോഗിക്കുകയോ, നിർദ്ദേശിക്കുകയോ ചെയ്യുന്ന മറ്റെന്തു പ്രവൃത്തി കളും സ്പെഷ്യൽ യൂണിറ്റ്സ് ചെയ്യുകതന്നെ വേണം.

## 7. ഡാറ്റാബേസിന്റെ രൂപീകരണം

മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരെയുള്ള എല്ലാ സ്കീമുകളും, നയങ്ങ ളും, നിയന്ത്രണങ്ങളും, ഉപരോധങ്ങളും, നിയമങ്ങളും, നിർദ്ദേശങ്ങളും, ഉത്തര വുകളും കൂടാതെ ഫലപ്രദമായ പ്രതിരോധം, സംരക്ഷണം, പുനരധിവാസം, ലഹരി വസ്തുക്കളുടേയും മയക്കു മരുന്നിന്റെയും നിർമ്മാർജ്ജനം, ഇവയെപ്പ റ്റിയുള്ള റിപ്പോർട്ടുകൾ എന്നിവയും ശേഖരിച്ച് ഇതിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുകയും NALSA യുമായി പങ്കുവയ്ക്കുകയും വേണം.

## 8. വിവിധ പദ്ധതികളുടെ നടപ്പാക്കൽ

(a) പോളിസികൾ, പദ്ധതികൾ, പരിപാടികൾ, സ്കീമുകൾ ഇവയെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും പൊതുജനത്തിനും, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തിനിര യായവർക്കും അവരുടെ കുടുംബത്തിനും, ലഹരിവിമുക്ത / പുനരധിവാസ

രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ എൻ.ജി.ഒ.കൾക്കും ലഭ്യമാക്കുന്നതിന് വേണ്ട നടപടിയെടുക്കുക.

(b) ഇത്തരം വിവരങ്ങൾ പ്രത്യേക യൂണിറ്റുകളുടെ ഓഫീസിൽ പ്രദർശിപ്പിക്കുകയും SLSA-യുടെ അനുമതിയോടുകൂടി പ്രിന്റ് ചെയ്ത പുസ്തകങ്ങൾ / ലഘുലേഖകൾ / പ്ലക്കാർഡുകൾ മുതലായവ ഓഫീസിൽ സൂക്ഷിക്കുക.

**9. നിയമവിരുദ്ധമായ കൃഷിയുടെ ഉന്മൂലനം**

കഞ്ചാവ്, കറുപ്പ് തുടങ്ങി സൈക്കോട്രോപ്പിക് / നാർക്കോടിക് മരുന്നുകൾ ഉണ്ടാക്കാനുപയോഗിക്കുന്ന ചെടികളുടെ നിയമവിരുദ്ധമായ കൃഷി നശിപ്പിക്കുന്നതിന് SLSA സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവർത്തിക്കുക. ഇത്തരം കൃഷികളുടെ നശീകരണ ജോലികൾ MNREGA സ്കീമിനു കീഴിൽ സ്വീകാര്യയോഗ്യമായി കണക്കാക്കുന്നതിന് സംസ്ഥാന ഗവൺമെന്റുകളെ പ്രേരിപ്പിക്കുക. പ്രചരണത്തിലൂടെ കമ്മ്യൂണിറ്റിയുടെ ഇടപെടലുകൾ കൊണ്ടുവരുകയും ഇതുവഴി നിയമപരമല്ലാത്ത ഇത്തരം കൃഷികൾ വലിയ തോതിൽ നശിപ്പിക്കുന്നതിന് ഇത് സഹായകമാണ്.

**10. തദ്ദേശസ്ഥാപനങ്ങളിലൂടെയും / പഞ്ചായത്തി രാജ് സ്ഥാപനങ്ങളിലൂടെയും അടിസ്ഥാനതലത്തിലുള്ള പങ്കാളിത്തം**

ഈ സ്ഥാപനങ്ങളിലുള്ള പങ്കാളിത്തം താഴെപ്പറയുന്ന പ്രകാരമായി രിക്കും.

(a) ഭാഗങ്ങളിലെ പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുമായി ചേർന്ന് ചരസ്, കഞ്ചാവ് മുതലായ നിയമവിരുദ്ധ കൃഷികൾ ചെയ്യുന്ന കൃത്യമായ സ്ഥലങ്ങൾ കണ്ടെത്തുക. പ്രത്യേക യൂണിറ്റുകൾ DLSA ചെയർമാൻ വഴി റിപ്പോർട്ടുകൾ SLSA ക്ക് കൈമാറുകയും SLSA എക്സിക്യൂട്ടീവ് ചെയർമാന്റെ അനുമതിയോടുകൂടി ഈ വിഷയം ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളിലെത്തിക്കുകയും വേണം.

(b) സ്പെഷ്യൽ യൂണിറ്റുകൾ പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ സഹായത്തോടെ മയക്കുമരുന്നിനടിമപ്പെട്ടവരെയും മയക്കുമരുന്ന്, കുത്തിവെയ്പ് ഉപയോഗിക്കുന്നവരെയും കണ്ടെത്തി ഇവർക്ക് ചികിത്സക്കും പുനരധിവാസത്തുമാവശ്യമായ സഹായങ്ങൾ നൽകുക.

(c) മയക്കുമരുന്നിന്റെ ഉപയോഗം മൂലം ഉണ്ടാകാവുന്ന ദൂഷ്യഫലങ്ങളെപ്പറ്റി ഗ്രാമീണമേഖലയിൽ പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബോധവൽക്കരണം നടത്തേണ്ടത് സ്പെഷ്യൽ യൂണിറ്റിന്റെ കടമയാണ്.

(d) ക്യാമ്പയിൻ നടത്തുന്നതിനായി മഹിളാ മണ്ഡൽ, യുവക് മണ്ഡൽ മറ്റു സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ സഹകരണം സ്പെഷ്യൽ യൂണിറ്റ് പരമാവധി ഉറപ്പുവരുത്തണം.

## 11. ബോധവത്കരണം

### 11.1 സ്കൂളുകളിലെ / കോളേജുകളിലെ ബോധവത്കരണം

സ്കൂളുകളിലെ ലീഗൽ ലിറ്ററസി ക്ലബ്ബുകളുമായും കോളേജുകളിലെ ലീഗൽ സർവ്വീസസ് ക്ലിനിക്കുകളുമായും സഹകരിച്ച് സ്പെഷ്യൽ യൂണിറ്റുകൾ മയക്കുമരുന്നിന്റെയും മറ്റു ലഹരി പദാർത്ഥങ്ങളുടെയും ദുരുപയോഗത്തെപ്പറ്റിയും അതിന്റെ ദൂഷ്യഫലത്തെപ്പറ്റിയും വിദ്യാർത്ഥികളെ ബോധവൽക്കരിക്കേണ്ടതാണ്.

(a) ബോധവൽക്കരണം / സംവേദനം എന്നീ പരിപാടികൾ പല രീതികളിൽ നടത്താവുന്നതാണ്.

(i) സ്കൂളുകളിലെ അല്ലെങ്കിൽ പല സ്കൂളുകളെ ഒരുമിച്ചു ചേർത്തോ മയക്കുമരുന്നുമൂലമുള്ള വിപത്തിനെതിരെ എന്ന പേരിൽ പ്രദേശത്തെ പ്രധാനആളുകളെ ഉൾപ്പെടുത്തി ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

(ii) ബോധവൽക്കരണ പരിപാടികൾ

(iii) കൃത്യമായ ഇടവേളകളിൽ അദ്ധ്യാപകരും- രക്ഷകർത്താക്കളും തമ്മിലുള്ള മീറ്റിംഗുകൾ സംഘടിപ്പിക്കുക.

(iv) ബഹുജനസാക്ഷരതാ ക്യാമ്പയിനുകൾ നടത്തുക

(v) സിംപോസിയം, സെമിനാർ, സംവാദം മുതലായവ വഴി

(vi) മയക്കുമരുന്നിന്റെ ദുരുപയോഗമുണ്ടാക്കുന്ന ശാരീരിക പ്രശ്നങ്ങളെയും ഭവിഷ്യത്തുകളെയുംപറ്റി ക്വിസ്സ് പരിപാടികളും ഉപന്യാസ മത്സരങ്ങളും നടത്തുക.

(vii) തെരുവു നാടകങ്ങൾ പോലുള്ള ഫലപ്രദമായ മറ്റു രീതികൾ

(viii) ഫലപ്രദമായ മറ്റേതെങ്കിലും രീതികൾ

(b) സ്കൂളുകളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഇത്തരം ബോധവൽക്കരണ / സംവേദന പരിപാടികളിൽ ഉൾപ്പെടുത്തിയിരിക്കണം.

NALSA / SLSA വഴി രൂപപ്പെടുത്തിയ ലഘുലേഖകളും മറ്റും ബോധവൽക്കരണ / സംവേദനപരിപാടികൾക്കിടയിൽ കുട്ടികൾക്ക് നൽകേണ്ടതാണ്.

(c) ഇത്തരത്തിലുള്ള ലഘുലേഖകൾ എല്ലാ ബോധവൽക്കരണ ക്യാമ്പുകളിലും വിതരണംചെയ്യേണ്ടതാണ്. ഫ്രണ്ട് ഓഫീസുകളിലും ലീഗൽ സർവ്വീസ് ക്ലിനിക്കുകളിലും സൂക്ഷിക്കേണ്ടതാണ്.

(d) സ്കൂൾ / കോളേജുകളിലെ പാഠ്യക്രമത്തിൽ മയക്കുമരുന്നു ദുരുപയോഗത്തെപ്പറ്റിയുള്ള ഭാഗങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി വിദ്യാഭ്യാസ വകുപ്പും ഗവൺമെന്റുമായി ഇടപെട്ട് ഇത്തരത്തിലുള്ള ഒരു പാഠം നിർബന്ധമായും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

11.2 <u>മയക്കുമരുന്ന് ദുരുപയോഗത്തിനിരയായവർക്കും അവരുടെ കുടുംബത്തിനും ബോധവൽക്കരണം നൽകുക</u>

മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള വികാരപരമായ ബന്ധത്തിന് ഭംഗമോ, ശോഷണമോ സംഭവിക്കുകയോ അല്ലെങ്കിൽ മാതാപിതാക്കൾ മയക്കുമരുന്നും ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗവും നടത്തുന്ന കുടുംബങ്ങളിലോ ആണ് കുട്ടികൾ കൂടുതലായി ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിന് വശംവദരാകുന്നതായി കാണപ്പെടുന്നത്.

(a) സ്പെഷ്യൽ യൂണിറ്റുകൾ മയക്കുമരുന്നു ദുരുപയോഗത്തിന്റെ ഇരകളുടെ കുടുംബങ്ങൾ അല്ലെങ്കിൽ മാതാപിതാക്കൾ മയക്കുമരുന്നോ മറ്റു ലഹരി പദാർത്ഥങ്ങളോ ഉപയോഗിക്കുന്നുവെങ്കിൽ അങ്ങനെയുള്ള കുടുംബങ്ങൾ ഇവ കണ്ടെത്തി ഇവിടെ കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള ബന്ധം ദൃഢമാക്കുന്നതിനുവേണ്ട ബോധവൽക്കരണം നൽകുക. മാതാപിതാക്കളെ കുട്ടികളുമായി കൂടുതൽ നന്നായി ഇടപഴകാൻ പ്രോത്സാഹിപ്പിക്കുക, ഇവരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം നൽകുക, കൂടാതെ അദ്ധ്യാപകരോട് കുട്ടികളെപ്പറ്റി സംസാരിക്കുകയും കുട്ടികളുടെ പെരുമാറ്റങ്ങളെപ്പറ്റി വിവരങ്ങൾ ശേഖരിക്കുകയും എങ്ങിനെ മയക്കുമരുന്നിനടിമപ്പെടുന്ന അവസ്ഥ ഇല്ലാതാക്കാമെന്ന് അവരെ മനസ്സിലാക്കുകയും ചെയ്യുക.

(b) മയക്കുമരുന്ന് അടിമത്വത്തെപ്പറ്റിയുള്ള മിഥ്യാധാരണകളും, മറ്റും നീക്കി ഇതുമായി ബന്ധപ്പെട്ട് വരാവുന്ന മാനസികരോഗങ്ങളെപ്പറ്റി ശരിയായ ധാരണകൾ നൽകുകയും മയക്കുമരുന്ന് അടിമത്വത്തെ മറ്റേതൊരു സാധാരണ ശാരീരിക

പ്രശ്നമുള്ളപോലെ കണക്കാക്കി വളരെ നേരത്തെ തന്നെയുള്ള ചികിത്സയുടെ പ്രാധാന്യത്തെപ്പറ്റിയും ബോധവൽക്കരിക്കുക.

11.3 തെരുവ് കുട്ടികൾക്കിടയിലുള്ള ബോധവത്കരണം

(a) മയക്കുമരുന്ന് ദുരുപയോഗത്തിന് അധികവും ഇരയാകുന്നത് തെരുവിലെ കുട്ടികളാണ്. ഇവർ വളരെ ദുർബ്ബലരും അതേ സമയം അവഗണിക്കപ്പെട്ടുകിടക്കുന്നതുമായ വിഭാഗമാണ്. ഇവർ സാധാരണയായി ഇവരുടെ കുടുംബങ്ങളിൽ ഉപേക്ഷിക്കപ്പെട്ടവരാണ്. അതിനാൽ തെരുവു കുട്ടികൾക്കായി പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളും സഹായത്തോടെ ഇവരുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതുണ്ട്.

(b) മയക്കുമരുന്നിനും മറ്റു ലഹരിക്കും അടിമയായ തെരുവു കുട്ടികൾ, ചേരി പ്രദേശത്തെ കുട്ടികൾ ഇവരെ കണ്ടെത്തി അവരെ ലഹരി വിമുക്ത കേന്ദ്രങ്ങളിലോ പുനരധിവാസ കേന്ദ്രങ്ങളിലോ പ്രവേശിപ്പിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

11.4 ലഹരിക്കടിമയായവർക്കുള്ള ബോധവത്കരണം

ലഹരിക്കടിമയായവരെ കണ്ടെത്തുന്നതിനോടൊപ്പം സ്പെഷ്യൽ യൂണിറ്റുകൾ പതിവായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇത് ഡോക്ടർമാർ, മനശാസ്ത്രജ്ഞർ എന്നിവരുടെ സഹകരണത്തോടെ നടത്തേണ്ടതാണ്. ഇത്തരം പരിപാടികളിൽ, കലാ-കായിക, സിനിമാ രംഗത്തെ പ്രമുഖർ, എഴുത്തുകാർ, റോൾ മോഡലുകളായ വ്യക്തികൾ എന്നിവരെ കൂടി ഉൾപ്പെടുത്തി ഇവർക്ക് പ്രചോദനം നൽകേണ്ടതാണ്.

11.5 ലൈംഗിക തൊഴിലാളികൾക്കുള്ള ബോധവത്കരണം

മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ദോഷഫലങ്ങളെപ്പറ്റി ലൈംഗിക തൊഴിലാളികൾക്കും അവരുടെ കുട്ടികൾക്കും ബോധവൽക്കരണം നൽകുക. ഇതിനായി ചുവന്ന തെരുവ് മേഖലകൾ ലക്ഷ്യമാക്കി പ്രവർത്തിക്കുക.

11.6 ജയിലുകളിലെ ബോധവത്കരണ പരിപാടികൾ

നാർകോട്ടിക് മരുന്നുകളുടെ ദുരുപയോഗത്തെപ്പറ്റിയും അതിന്റെ ദോഷഫലങ്ങളെപ്പറ്റിയും നിയമ സേവന സ്ഥാപനങ്ങൾ, കൃത്യമായ ഇടവേളകളിൽ ബോധവൽക്കരണ സംവേദന ക്ലാസ്സുകൾ ജയിൽ അന്തേവാസികൾ, ജയിലധികൃതർ, ജീവനക്കാർ എന്നിവർക്കായി സംഘടിപ്പിക്കുക.

## 11.7 പൊതുജനങ്ങൾക്കിടയിലുള്ള ബോധവത്കരണം

(a) സ്പെഷ്യൽ യൂണിറ്റുകൾ കൃത്യമായ ഇടവേളകളിൽ നിയമസാക്ഷരത ക്യാമ്പുകൾ (ND&PS Act നെകുറിച്ച്), നിയമപരമായി ഓപ്പിയം പോലുള്ള മറ്റു ചെടികൾ കൃഷി ചെയ്യുന്നയിടങ്ങളിലെ കർഷകർക്ക് നൽകണം. ഇത്തരത്തിലുള്ള നാർകോട്ടിക് പദാർത്ഥങ്ങളുടെ നിയമപരമല്ലാത്ത വിൽപ്പന ഇതിന്റെ ദുരുപയോഗം എന്നിവയുടെ ഭവിഷ്യത്തുകൾക്ക് പ്രാധാന്യം നൽകിയായിരിക്കണം ബോധവൽക്കരണം നൽകേണ്ടത്.

(b) ഇത്തരം നിരോധിത ലഹരി പദാർത്ഥങ്ങളുടെ നിയമപരമല്ലാത്ത കൈവശം വയ്ക്കൽ, കടത്തിക്കൊണ്ടുവരൽ, കൃഷി എന്നിവയെപ്പറ്റി രഹസ്യവിവരം നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഇത്തരത്തിലുള്ള വിവരം തരുന്നയാളുകളെ ചുറ്റിപ്പറ്റിയുള്ള വിവരങ്ങൾ രഹസ്യമായിരിക്കും എന്നതിനെക്കുറിച്ചും ബോധവൽക്കരണ ക്ലാസിലൂടെ പൊതുജനങ്ങൾക്ക് ബോധ്യം നൽകുക.

(c) മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ദൂഷ്യഫലങ്ങളെപ്പറ്റി ടാക്സി ജീവനക്കാർ, സാധനങ്ങൾ ഗതാഗതം ചെയ്യുന്നവർ, ചരക്ക് കടത്തുന്നവർ, എന്നിവർക്ക് കൃത്യമായ ഇടവേളകളിൽ ബോധവൽക്കരണം നടത്തേത് സ്പെഷ്യൽ യൂണിറ്റിന്റെ കടമയാണ്.

(d) മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ദൂഷ്യഫലങ്ങളെപ്പറ്റിയുള്ള സൈൻ ബോർഡുകൾ, ഹോർഡിംഗുകൾ ഇവ ബസ്സ്റ്റാന്റ്, റെയിൽവെ സ്റ്റേഷൻ, എയർപോർട്ട്, സ്കൂളുകൾ, (പബ്ലിക്കും, പ്രൈവറ്റും), സർവ്വകലാശാലകൾ, പഞ്ചായത്തുകൾ, കോടതികൾ, കളക്ടറേറ്റുകൾ, എസ്.ഡി.എം. ഓഫീസുകൾ, മറ്റു പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് NDPS നിയമം നിഷ്കർഷിക്കുന്നു.

(e) മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ദൂഷ്യഫലങ്ങളെപ്പറ്റി ഗ്രാമങ്ങൾ, വിപണനമേളകൾ, ഉത്സവങ്ങൾ എന്നിവിടങ്ങളിൽ സ്പെഷ്യൽ യൂണിറ്റ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

(f) സ്പെഷ്യൽ യൂണിറ്റുകൾ വിവിധ സംഘടനകളുടെയും അസോസിയേഷന്റെയും സഹായത്തോടെ പുനരധിവാസ കോളനികൾ, റെസിഡൻഷ്യൽ മേഖലകൾ, ചന്തകൾ മുതലായ സ്ഥലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

(g) പോസ്റ്റൽ വകുപ്പുകൾ, കൊറിയർ ഏജൻസികൾ, സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരെ മയക്കുമരുന്നുകൾ എങ്ങനെ ആരും അറി

യാതെ ഗോപ്യമായ രീതിയിൽ കടത്തപ്പെടുന്നു എന്നതിനെപ്പറ്റി ബോധവൽക്കരിക്കുന്നതിന് SLSA കൾ ശക്തമായ ഇടപെടലുകൾ നടത്തുക.

11.8 ഔഷധവ്യാപാരികൾ, വഴിവാണിഭക്കാർ എന്നിവർക്കുള്ള ബോധവത്കരണം

(a) മയക്കുമരുന്നിന്റെ ദുഷ്യഫലങ്ങളെക്കുറിച്ച് ഔഷധ വ്യാപാരികൾ ഔഷധ വിക്രേതാക്കളെയും ബോധവൽക്കരിക്കുക.

(b) പതിവായ രീതിയിൽ പ്രിസ്ക്രിപ്ഷൻ മരുന്നുകൾ വാങ്ങാനെത്തുന്ന കുട്ടികളെയും യുവാക്കളെയും നിരീക്ഷിക്കുന്നതിനും ഇവർക്ക് മരുന്നു നൽകുന്നത് നിരസിക്കുന്നതിനും കെമിസ്റ്റുകൾക്ക് ട്രെയിനിംഗ് നൽകാവുന്നതാണ്.

(c) ഔഷധ വിക്രേതാക്കളെയും ഇത്തരത്തിൽ കണ്ടെത്തി ട്രെയിനിംഗ് നൽകേണ്ടതാണ്.

(d) തെരുവുകച്ചവടക്കാർ, പാൻകടകൾ എന്നിവിടങ്ങളിൽ സംശയകരമായ സംഗതികൾ നിരീക്ഷിച്ച് മയക്കുമരുന്നിന്റെ പ്രതിരോധത്തെ ഫലപ്രദമായി നടത്തുന്നതിന് പോലീസുകാർക്ക് പരിശീലനം നൽകുക.

11.9 ഇലക്ട്രോണിക് പ്രിന്റ് മാധ്യമങ്ങൾ മുഖേനയുള്ള ബോധവൽക്കരണം

മയക്കുമരുന്നു ദുരുപയോഗത്തിന്റെ ദോഷഫലങ്ങളെപ്പറ്റിയും ഇതുതടയാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും SLSA പതിവായി റേഡിയോ, ടെലിവിഷൻ പരിപാടികൾ നടത്തുകയും ഈ പരിപാടികളിൽ ജുഡീഷ്യൽ ഓഫീസർമാർ, അഭിഭാഷകർ, മന:ശാസ്ത്രജ്ഞന്മാർ, മനോരോഗ വിദഗ്ദ്ധർ, പോലീസ് ഓഫീസർമാർ, പ്രശസ്തരായ വ്യക്തികൾ എന്നിവളെൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

12. ലഹരിവിമുക്ത പുനരധിവാസ കേന്ദ്രങ്ങളുമായുള്ള സഹകരണം

(a) അവരവരുടെ അധികാരപരിധിയിലുള്ള ലഹരിവിമുക്ത കേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ എല്ലാ സ്പെഷ്യൽ യൂണിറ്റുകളും മാസത്തിലൊരിക്കലെങ്കിലും സന്ദർശിക്കേണ്ടതാണ്. പ്രസ്തുത താലൂക്കുകളിലെ ലഹരിവിമുക്ത കേന്ദ്രങ്ങളുടെയും പുനരധിവാസകേന്ദ്രങ്ങളുടെയും ഒരു ലിസ്റ്റ് സ്പെഷ്യൽ യൂണിറ്റ് ഉണ്ടാക്കി കൈവശം വക്കുകയും കാലാകാലം ഇത് പുതുക്കേണ്ടതുമാണ്. ഈ ലിസ്റ്റ് പ്രസ്തുത സ്ഥാപനങ്ങളുടെ നടത്തിപ്പുകരുടെ വിവരങ്ങൾ, ഇതിന്റെ പശ്ചാത്തലം എന്നിവയോടുകൂടി SLSA കൾക്ക് സമർപ്പിക്കേണ്ടതാണ്.

(b) എല്ലാ പുനരധിവാസ, ലഹരി വിമുക്ത കേന്ദ്രങ്ങളും സ്പെഷ്യൽ യൂണിറ്റ് പരിശോധിച്ച് ഇവിടുത്തെ സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

(c) കൗൺസിലർ, സൈക്കോളജിസ്റ്റ്, എന്നിവരുടെ സന്ദർശനത്തെ സംബന്ധിച്ച റെക്കോർഡുകൾ യൂണിറ്റിന് പരിശോധിക്കാവുന്നതാണ്.

(d) പുനരധിവാസകേന്ദ്രത്തിലെ അന്തേവാസികളുടെ എണ്ണത്തിനനുസൃതമായി കേന്ദ്രത്തിൽ ജീവനക്കാരുണ്ട് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സ്പെഷ്യൽ യൂണിറ്റിന് സാധിക്കും.

(e) ജീവനക്കാരുടെ എണ്ണം, ഇൻഫ്രാസ്ട്രക്ച്ചർ, മറ്റു സൗകര്യങ്ങൾ എന്നിവയിൽ അഭാവമുണ്ടെങ്കിൽ സ്പെഷ്യൽ യൂണിറ്റിന് DLSA ക്ക് ശുപാർശ നൽകാവുന്നതാണ്. ഇതിൻമേൽ DLSA പ്രശ്നം ഏറ്റെടുത്ത് വേണ്ട നടപടികൾക്ക് ബന്ധപ്പെട്ട അധികാരികളോട് ശുപാർശ ചെയ്യുകയും ന്യൂനതകൾ പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(f) ഏതെങ്കിലും മനുഷ്യാവകാശലംഘനങ്ങൾ (മയക്കുമരുന്ന് ദുരുപയോഗത്തിന് ഇരയായ വ്യക്തികളുടെ ശ്രദ്ധയിൽപ്പെട്ടാൽ) TLSC ചെയർമാന് ഇതു സംബന്ധിച്ച ഒരു റിപ്പോർട്ട് അടിയന്തിരമായി നൽകണം. ഇദ്ദേഹം റിപ്പോർട്ട് പഠിച്ച് ഇരയായ വ്യക്തിയുടെ സംരക്ഷണത്തിന് ആവശ്യമായ നിയമസഹായങ്ങൾ TLSC നൽകേണ്ടതാണ്.

(g) ഇരയുടെ വിവരങ്ങൾ, നടത്തിയ പ്രവർത്തനങ്ങൾ, ഡോക്ടർമാർ, സൈക്കോളജിസ്റ്റുകൾ ഇവരുടെ സന്ദർശനങ്ങൾ, ഇരയുടെ മയക്കുമരുന്നു പയോഗം നിർത്തുന്നതിന് കൈക്കൊണ്ട നടപടികൾ മുതലായവയെ സംബന്ധിച്ച വിവരങ്ങൾ മാസംതോറും പുനരധിവാസകേന്ദ്രത്തിൽ നിന്നും ശേഖരിച്ച് സ്പെഷ്യൽ യൂണിറ്റ് ഒരു റിപ്പോർട്ട് ബന്ധപ്പെട്ട DLSA കൾക്കു മുമ്പാകെ സമർപ്പിക്കണം.

(h) സ്പെഷ്യൽ യൂണിറ്റുകൾ ഇരകൾക്കുവേണ്ടിയുള്ള ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. സാംസ്കാരികപരമായതും സാമൂഹികമായി സജീവവുമായ ഗ്രൂപ്പുകളെകൂടി ഇത്തരം ബോധവൽക്കരണ പരിപാടികളിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതിന്റെ ലക്ഷ്യം ഇരകളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതായിരിക്കണം.

**13. ട്രെയിനിംഗ് / റിഫ്രെഷർ കോഴ്സ് ഫോർ സ്റ്റേക്ക് ഹോൾഡർ**

SLSA കൾ സ്വന്തമായോ, സംസ്ഥാനജുഡീഷ്യൽ അക്കാഡമികൾ മുഖേനയോ

, ജൂഡീഷ്യൽ ഓഫീസർമാർ, പ്രോസിക്യൂട്ടർമാർ, ബാർ അസോസിയേഷൻ അംഗങ്ങൾ, പോലീസ് ഉദ്യോഗസ്ഥർ, കോടതിയിലെ മിനിസ്റ്റീരിയൽ സ്റ്റാഫുകൾ മുതലായവർക്ക് പ്രത്യേക ട്രെയിനിംഗുകൾ, കോൺഫറൻസുകൾ ബോധവൽക്കരണ പരിപാടികൾ, റിഫ്രഷർ പരിപാടികൾ ഇവ നടത്തുക.

**14. 26 ജൂൺ, മയക്കുമരുന്ന് ദുരുപയോഗത്തിനെതിരായ അന്താരാഷ്ട്ര ദിനമായി ആചരിക്കുക**

എല്ലാ നിയമസേവനസ്ഥാപനങ്ങളും സ്പെഷ്യൽ യൂണിറ്റുകളുടെ സഹായത്തോടെ എല്ലാ വർഷവും ജൂൺ 26 (മയക്കുമരുന്ന് ദുരുപയോഗം, കള്ളക്കടത്ത് ഇവക്കെതിരായ അന്താരാഷ്ട്രദിനം) ആചരിച്ച് മയക്കുരരുന്ന് ദുരുപയോഗത്തിന്റെ ഭവിഷ്യത്തുകളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

**15. മയക്കുമരുന്നുപയോഗത്തിൽ നിന്നും വിമുക്തരായവരുടെ പങ്കാളിത്തം**

അതാത് പ്രദേശത്തുള്ള മയക്കുമരുന്ന് ദുരുപയോഗത്തിൽ നിന്നും വിമുക്തരായവരെ കണ്ടെത്തി അവരെ ബോധവൽക്കരണ പരിപാടികളിൽ ഉൾപ്പെടുത്തുക.

**16. ആന്റിഡ്രഗ് ക്ലബ്ബുകൾ**

(a) സ്കൂളുകളിലും കോളേജുകളിലും ആന്റി ഡ്രഗ് ക്ലബ്ബുകൾ സ്ഥാപിക്കുന്നതിനായി സ്പെഷ്യൽ യൂണിറ്റ് സ്കൂൾ / കോളേജ് അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്. ഇതുമൂലം കുട്ടികളെ റോൾ മോഡലുകളായി ഉയർത്തി കൊണ്ടുവരാനും അവരുടെ സുഹൃത്തുക്കളെ മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെ ബോധവൽക്കരിക്കാനും കഴിയും.

(b) ആന്റിഡ്രഗ് ക്ലബ്ബുകൾ മുഖാന്തിരം സ്പെഷ്യൽ യൂണിറ്റുകൾ സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ ബോധവല്ക്കരണ പരിപാടികൾ, സംവേദനപരിപാടികൾ ഇവ നടത്തേണ്ടതാണ്. ഇതിനായി ലീഗൽ സാക്ഷരത ക്ലാസ്സുകൾ, ലീഗൽ സർവ്വീസ് ക്ലിനിക്കുകൾ എന്നിവ മേൽപ്പറഞ്ഞ പ്രകാരം ഉപയോഗപ്പെടുത്താവുന്നതാണ്.

**17. പാരാ-ലീഗൽ വോളന്റിയേഴ്സിന്റെ ഇടപെടൽ**

വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് മയക്കു മരുന്നുകളുടെയും ലഹരി പദാർത്ഥങ്ങളുടെയും ദുരുപയോഗവും അതിന്റെ ദോഷഫലവും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക,വിവിധ സ്കീമുകളെപ്പറ്റി ക്ലാസ്സെടുക്കുക, എന്നിവ

പാരാ ലീഗൽ വോളന്റിയറുടെ ചുമതലയാണ്.

## 18. നല്ല പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം

ഓരോ സാമ്പത്തികവർഷാന്ത്യത്തിലും ഏറ്റവും മികച്ച സ്പെഷ്യൽ യൂണിറ്റുകളെ അവരുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി, പ്രവർത്തനങ്ങളെ എടുത്തു പറഞ്ഞുകൊണ്ട്, ഇവരുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുക.